978-93-5786-062-8

പ്രസാധക വിഭാഗം
& മലയാളം ഡിപ്പാർട്ട്മെന്റ്



# കഥാലയം

കോളേജ് വിദ്യാർത്ഥികളുടെ
മലയാളചെറുകഥാ സമാഹാരം

അൽ ശിഫ കോളേജ് ഓഫ്
ആർട്സ് ആൻഡ് സയൻസ്
കീഴാറ്റൂർ, പെരിന്തൽമണ്ണ

# കഥാലയം

Malayalam Language

Kadhalayam: An Anthology of
Short Stories by Students

Rights Reserved

First Published- January 2023

PUBLISHERS
Publication Wing & Department of Malayalam
Al Shifa College of Arts and Science,
Keezhattur, Perinthalmanna, Malappuram,
Kerala
Layout & Design - Mubashir. P
III B. Com Finance
Al Shifa College of Arts and Science
Keezhattur, Perinthalmanna, Malappuram,
Kerala

397| ISBN| 2023| A

978-93-5786-062-8

പ്രസാധക വിഭാഗം
& മലയാളം ഡിപ്പാർട്ട്മെന്റ്

# കഥാലയം

## കോളേജ് വിദ്യാർത്ഥികളുടെ
## മലയാളചെറുകഥാ സമാഹാരം

അൽ ശിഫ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ്
കീഴാറ്റൂർ, പെരിന്തൽമണ്ണ.

## Editorial Board

### Chief Editor

Babu. P. K, Ph. D
Principal
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

### Editorial Board Members

Febeena. K
Assistant Professor of Malayalam
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

Saritha. K.
Head, Department of English
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

Renjitha. K. R.
Assistant Professor of English
Al Shifa College of Arts and Science
Kizhattoor, Malappuram Dt., Kerala

# ഉള്ളടക്കം


| | |
|---|---|
| അലി | 5 |
| ആത്മാക്കൾ..! | 8 |
| ഗൗതമനും യഹോവയും | 9 |
| നിൻ നിഴലായി | 14 |
| കുരുക്കിൽ നിന്നും മോചനം വേണ്ട... | 16 |
| വേർപാടിന്റെ നൊമ്പരം | 21 |
| ഉറക്കം കെടുത്തിയ എലിയും യാത്രയും | 23 |
| പ്രഹസനം | 26 |
| കോലുട്ടായി | 30 |
| പിൻവിളി | 31 |
| ശബ്ദം | 33 |
| നമ്മൾ തമ്മിൽ | 36 |
| കറുത്ത മുത്ത് | 39 |
| അവളുടെ പ്രണയം | 42 |
| കാഴ്ചകൾ മറയുന്നു | 47 |
| ലോട്ടറി | 48 |
| മയിൽപ്പീലിയെ പ്രണയിച്ച പെൺകുട്ടി | 51 |

**ഫെബീന. കെ**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം

# അവതാരിക

'ഇല്ല, എത്ര ശ്രമിച്ചാലും എനിക്ക് നിന്നെ വായിക്കുവാൻ കഴിയില്ല അക്ഷര ങ്ങളും മനുഷ്യരെപ്പോലെയാണ്. ഒന്നിന് മറ്റൊന്നിനെ വായിക്കുവാൻ കഴിയണ മെന്ന് നാം ഓരോരുത്തരും ആഗ്രഹിക്കുന്നുണ്ട്. പക്ഷേ ഒരിക്കലും ഒരക്ഷര ത്തിനു മറ്റൊക്ഷരത്തെ വായിക്കുവാൻ സാധിക്കില്ല'. രണ്ടാമക്ഷരത്തിന്റെ തൊണ്ടയിടറി. (ഗൗതമനും യഹോവയും)

കൂട്ടത്തിൽ വേറിട്ട് നിൽക്കുന്ന സ്വരം സ്വാഭാവികമായും ശ്രദ്ധേയമാകുന്നു. വിശിഷ്യാ ആ സ്വരം തീവ്രവും ഭാവനയും ദീർഘവീക്ഷണവും പ്രതീക്ഷകളുണ ർത്തുന്നതും കൂടിയാകുമ്പോൾ.. കേരളത്തിലെ വിവിധ കോളേജുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ചെറുകഥകൾ കോർത്തിണക്കിക്കൊണ്ട് അൽ ശിഫ കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ മലയാളം ഡിപ്പാർ ട്മെന്റും പ്രസാധക വിഭാഗവും കൂടി ചേർന്ന് പുറത്തിറക്കുന്ന, പുതുകാല ത്തിന്റെ എഴുത്തും ഭാവുകത്വവും അടയാളപ്പെടുത്തുന്ന ചെറുകഥാ സമാഹാര മാണ് **കഥാലയം.** വിശപ്പ്, വിദ്യാഭ്യാസം, മതകലഹം, പ്രണയം, മരണം.. എന്നിങ്ങനെ പലതും വിദ്യാർഥികൾ കഥകൾക്ക് വിഷയമാക്കിയിട്ടുണ്ട്.

ഗൗതമനും യഹോവയും, നമ്മൾ തമ്മിൽ, ശബ്ദം, പിൻവിളി, ആത്മാക്കൾ, ഉറക്കം കെടുത്തിയ എലിയും യാത്രയും, കോലുട്ടായി, പ്രഹസനം, ലോട്ടറി, അലി, വേർപാടിന്റെ നൊമ്പരം, കുരുക്കിൽ നിന്നും മോചനം വേണ്ടേ..?, കറു ത്ത മുത്ത്, നിൻ നിഴലായി, കാഴ്ചകൾ മറയുന്നു, മയിൽപ്പീലിയെ പ്രണയിച്ച പെൺകുട്ടി, അവളുടെ പ്രണയം, തുടങ്ങി അസാധാരണങ്ങളായ പ്രമേയങ്ങൾ കൊണ്ട് സമ്പന്നമായ 17 കഥകളുടെ സമാഹാരമാണ് ഈ പുസ്തകം. മാന വികത അസ്തമിച്ചുകൊണ്ടിരിക്കുന്ന ലോകത്തിൽ സ്നേഹവും കാരുണ്യവും മാത്രമേ മനുഷ്യന് ആശ്രയമായുള്ളൂ എന്ന് പുസ്തകത്തിലെ കഥകൾ വായനക്കാരന് കാണിച്ചുതരുന്നു. വളരെ ലളിതമായ ശൈലിയിൽ എന്നാൽ വായനക്കാരനെ ചിന്തിപ്പിക്കുന്ന തരത്തിലാണ് ഓരോ കഥയും വിദ്യാർഥികൾ നമ്മുടെ മുന്നിൽ അവതരിപ്പിച്ചിട്ടുള്ളത്.

കഥാലയത്തിലേക്ക് കഥകൾ അയച്ചുതന്ന ഓരോ വിദ്യാർത്ഥിക്കും സാഹിത്യ ലോകത്ത് ഉയരങ്ങളിലെത്താനുള്ള ചെറു ചിറകായിരിക്കട്ടെ ഈ ചെറുകഥ സമാഹാരം എന്നാശംസിക്കുന്നു.

**നെഹ്റ നൈൽ**
ബി. കോം.
രണ്ടാം വർഷം
എം. ഇ. സ്. മമ്പാട് കോളേജ്

# അലി

'കള്ളൻ.... കള്ളൻ.. പിടിക്കവനെ, പെരും കള്ളനാ..'എന്നീ ശബ്ദ കോലാഹങ്ങൾ കേട്ടാണ് ഞാൻ കണ്ണ് തുറന്നത്. നല്ലൊരു ഉറക്കം പോയതിന്റെ വിഷമത്തിൽ ചുറ്റുമൊന്ന് കണ്ണോടിച്ചു. അപ്പോഴാണ് ട്രെയിൻ മംഗലാപുരം സ്റ്റേഷനിൽ എത്തിയെന്ന് മനസ്സിലായത്.


"ഇവിടെ മുഴുവൻ കള്ളന്മാരാ സാറെ. ആരേം വിശ്വാസിക്കാൻ കൊള്ളത്തില്ല." ആൾ കൂട്ടത്തിനു നേരെ നോക്കി കൊണ്ട് അടുത്തിരിക്കുന്ന ആൾക്ക് കാപ്പി പകർന്ന് അയാൾ പറഞ്ഞു. 'ഒന്ന് സൂക്ഷിക്കുന്നത് നല്ലതാണെ' എന്ന ഉപദേശവും തന്ന് 'കാപ്പീ.... കാപ്പി, കാപ്പീ...'എന്ന തന്റെ സ്ഥിരം താളത്തിൽ വിളിച്ചു പറഞ്ഞ് അയാൾ അടുത്ത കമ്പാർട്ട്മെന്റിലേക്ക് നീങ്ങി.

ട്രെയിൻ പതിയെ നീങ്ങി തുടങ്ങി. ആൾക്കൂട്ടവും ബഹളവുമെല്ലാം ഞങ്ങൾക്ക് പിന്നിലൊളിച്ചു.

ഞാൻ അലിയെ കുറിച്ചോർത്തു. അവനെ ആദ്യമായി കാണുന്നത് എറണാകുളത്ത് വെച്ചാണ്. വിരസമായ ജോലിയുടെ ഭാരം ഒന്നിറക്കി വെക്കാൻ വേണ്ടി വെറുതെ നടക്കാനിറങ്ങിയപ്പോഴാണ് കോതമംഗലത്ത് ഒരാൾക്കൂട്ടം കണ്ടത്. എത്തി നോക്കിയപ്പോൾ കണ്ണ് തള്ളി പോയി.

പകുതിയും നഗ്നനാക്കി കൊണ്ട് ഒരാളെ കെട്ടിയിട്ടിരിക്കുന്നു. മെലിഞ്ഞു ഉയരം കുറഞ്ഞ് ഏകദേശം 35 വയസ്സ് തോന്നിക്കുന്ന ഒരാൾ.

കൈയ്യിൽ കിട്ടിയവരൊക്കെ നന്നായി പെരുമാറിയിട്ടുണ്ടെന്ന് ആളുടെ മേലുള്ള മുറിവുകൾ കണ്ടാലറിയാം. കൈയുടെ ഒരു ഭാഗം പൊള്ളി തൊലി അടർന്നു പോയിട്ടുണ്ട്.



"നമ്മടെ രാഘവേട്ടന്റെ അവിടെ മോഷ്ടിക്കാൻ ശ്രമിച്ചതാ. കൈയ്യോടെ പൊക്കി" എന്നെ കണ്ടതും സതീശൻ പറഞ്ഞു.

"ഇനിയെന്തിനാ നോക്കി നിക്കണേ. പോലീസിൽ ഏല്പിക്കാം" കൂട്ടത്തിൽ നിന്നാരോ പറഞ്ഞു.

അത് കേട്ടതും അത്രയും നേരം തല താഴ്ത്തി നിന്ന അയാൾ

ഒരു ഞരക്കത്തോടെ തല പൊക്കി.
“അയ്യോ സാറെ, ഞാൻ തെറ്റൊന്നും ചെയ്തില്ല. എന്നെ വെറുതെ വിട്ടേക്ക്. ഞാൻ എങ്ങനേലും ജീവിച്ചോളാം” നിസ്സഹായതയോടെ അയാൾ തേങ്ങി.
“ച്ചീ, മിണ്ടാതിരിയെടാ വധൂരി” എന്ന് പറഞ്ഞ് പൗലോസ് അയാൾക്ക് നേരെ കാർക്കിച്ചു തുപ്പി.
സംഭവങ്ങളുടെ സത്യാവസ്ഥ അറിയില്ലെങ്കിലും എനിക്കയാളോട് സഹതാപം തോന്നി. സഹായത്തിനു വേണ്ടി കേഴുന്ന ആ കണ്ണുകളെ അവഗണിക്കാൻ തോന്നിയില്ല.
“അയാള് മോഷ്ടിക്കുന്നതൊന്നും ആരും കണ്ടില്ലല്ലോ. ശ്രമിച്ചെന്നല്ലെ പറയുന്നുള്ളൂ. ഇപ്രാവശ്യത്തേക്ക് വിട്ടേക്ക് രാഘവേട്ടാ” ഞാൻ മുന്നിലേക്ക് ഇറങ്ങി നിന്ന് പറഞ്ഞു. എല്ലാവരുടെയും കൂർത്ത നോട്ടങ്ങൾ എനിക്ക് നേരെ തിരിഞ്ഞു.
“ നീ ഇത് എന്നതാടാ പറയുന്നേ. ഇവറ്റങ്ങളെ ഒക്കെ കണ്ടാലെ അറിയില്ലെ ഏത് തരക്കാരാണെന്ന്” ജോസഫ് പരിഹാസത്തോടെ പറഞ്ഞു.
‘കണ്ടാലെ അറിയില്ലെ എന്ന്’ എനിക്ക് പെരുവിരൽ മുതൽ തല വരെ പെരുത്ത് കേറി.
“ പോലീസിൽ ഏൽപ്പിച്ചാലും ഇവിടെ കൂടിയവർക്ക് തന്നെയാണ് കേട്. ഒരാളെ കൈകാര്യം ചെയ്യാൻ മാത്രം എന്തധികാരമാണുള്ളതെന്ന ചോദ്യത്തിന് ഉത്തരം പറയേണ്ടിവരും. അപ്പോൾ ഏത് തരക്കാരാണ് ഒന്നും പോലീസ് നോക്കൂല” ഞാൻ ജോസഫിന്റെ മുഖത്തുനിന്ന് കണ്ണെടുക്കാതെ തന്നെ പറഞ്ഞു.
എല്ലാവരും പരസ്പരം നോക്കി.പലരും പിരിഞ്ഞു പോയി. അടക്കം പറച്ചിലുകൾ ഉയർന്നു. പതിയെ അത് കെട്ടടങ്ങി.
“ ഇവൻ പറഞ്ഞത് തന്നെ അതിന്റെ ശരി. ഇനിയിപ്പോ കൂടുതൽ പൊല്ലാപ്പുണ്ടാക്കാൻ നിൽക്കണ്ട. ഇപ്രാവശ്യത്തേക്ക് നമുക്കൊന്ന് കണ്ണടക്കാം” രാഘവേട്ടൻ പ്രതിനിധിയായി പറഞ്ഞു. എല്ലാവരും ഒരുതരം വെറുപ്പോടെ ശരിവെച്ചു.
‘പാപം ചെയ്യാത്തവർ കല്ലെറിയട്ടെ’ എന്ന് പതുക്കെ പറഞ്ഞ് ഞാൻ അയാളുടെ കെട്ടുകളഴിക്കാൻ തുടങ്ങി. കെട്ടഴിഞ്ഞതും അയാൾ വേച്ചു വീഴാൻ പോയി.താങ്ങി കൊണ്ട് ഒരു മൂലയിൽ ഇരുത്തിയതും അയാൾ നന്ദിയോടെ വിറയാർന്ന കൈകൾ കൂപ്പി.
“ഞാനൊരു ഓട്ടോ വിളിക്കാം. നമുക്കൊന്ന് ഹോസ്പിറ്റൽ വരെ പോകാം”
“ അതൊന്നും വേണ്ട സാറെ. ഇതൊക്കെ ഞങ്ങളെപ്പോലുള്ളവർക്ക് ശീലോള്ളതാ”
അപ്പുറത്തെ ദിവാകരേട്ടന്റെ കടയിൽനിന്ന് ദോശയും ചായയും വാങ്ങി അയാൾക്ക് നേരെ നീട്ടി. അയാളുടെ കണ്ണുകൾ വിടർന്നു. മടിച്ച് മടിച്ച് അത് വാങ്ങി ആർത്തിയോടെ കഴിക്കാൻ തുടങ്ങി.
"തന്റെ പേരെന്താ?”


“അലി” ദോശയിൽ നിന്ന് കണ്ണെടുക്കാതെ തന്നെ അയാൾ മറുപടി പറഞ്ഞു.
“ ഇവിടെ എവിടെയായിട്ടാ..?”
“ഓ, ഞങ്ങക്കങ്ങനെ സ്ഥലമൊന്നുമില്ല സാറെ. ഒരു സ്ഥലത്തീന്ന് ആട്ടിപായിപ്പിക്കുമ്പോൾ വേറെ സ്ഥലം”
“ എന്തിനാ അലി രാഘവേട്ടന്റെ അവിടെ മോഷ്ടിക്കാൻ കയറിയത്? “
അത് കേട്ടതും അയാൾ കഴിക്കൽ നിർത്തി എന്റെ നേരെ നോക്കി. ചുണ്ടുകളിലെ വിതുമ്പൽ മറയ്ക്കാൻ കഷ്ടപ്പെട്ട് കൊണ്ട് പറഞ്ഞു.
“ ഞാൻ എവിടെയും കക്കാൻ കേറീട്ടില്ല സാറേ. അവിടെയുള്ള കുപ്പത്തൊട്ടിയിൽ അവിടുത്തെ വീട്ടമ്മ വേസ്റ്റ് കൊണ്ടെന്ന് ഇടുന്നത് കണ്ടു. തിന്നാൻ വല്ലോം ഉണ്ടോന്ന് നോക്കാനാ അതിൽ കൈയ്യിട്ടത്. അത് കണ്ടപാടെ ചൂടുള്ള വെള്ളം കൈയ്യിൽ ഒഴിച്ച് ആളെ കൂട്ടി” തൊലി പോയ ഭാഗത്തേക്ക് നോക്കിക്കൊണ്ട് അയാൾ പറഞ്ഞു. അയാളുടെ കണ്ണുകൾ നിറഞ്ഞൊഴുകി.
“ അല്ലേലും അതങ്ങനെ സാറെ. ജീവൻ നിലനിർത്താൻ വേണ്ടി ഞങ്ങളെപ്പോലുള്ളവർ കുപ്പത്തൊട്ടിയിൽ കൈയ്യിട്ടാലും അതിന് അവകാശികളുണ്ടാവും.
ചീഞ്ഞളിഞ്ഞ് കിടന്ന മാലിന്യങ്ങൾക്കു പോലും തങ്ക വെല യാവും. കാരണം എന്താന്നറിയോ?” ഒന്ന് നിർത്തിയ ശേഷം അയാൾ വീണ്ടും തുടർന്നു.
“ ആ ചവറ്റുകൊട്ടയിലെ മാലിന്യം കഴിച്ച് ഞങ്ങൾ അഥവാ വളർന്നേക്കുമോ എന്ന ഭയം” അലി പുച്ഛത്തോടെ ചിരിച്ചു.
“അലിക്ക് ജോലി ഒന്നും ഇല്ലേ? “
“കണ്ടാൽത്തന്നെ ആട്ടി ഓടിപ്പിക്കാണ്. പിന്നെങ്ങനെ ജോലി കിട്ടുന്നെ.ഞങ്ങൾക്ക് പറ്റിയ ഇടമല്ല സാറെ ഇത്. കാശുള്ളോന് വേട്ടക്കാരനും ഇല്ലാത്തോന് അവരുടെ ഇരയും. “
ബാക്കിയുണ്ടായിരുന്ന രണ്ടു ദോശ മടക്കി അയാൾ പോക്കറ്റിൽ ഇട്ടു.
“ ആദ്യമായിട്ടാ പടച്ചോനെ ഞാൻ നേരിട്ട് കാണുന്നേ” എന്ന് പറഞ്ഞ് ഒരു പുഞ്ചിരിയും നൽകി അയാൾ നടന്നകന്നു.
അലിയെ കുറിച്ച് ഞാൻ ഇടക്കൊക്കെ ഓർക്കും. ആൾക്കൂട്ടത്തിനിടയിൽ ആ മുഖമുണ്ടോന്ന് തിരയും. അപ്പോഴൊക്കെ മനസ്സിൽ അലി അന്നു പറഞ്ഞ വാക്കുകൾ ശക്തിയിൽ പ്രതിധ്വനിക്കും.
“ ഈ, ചത്തവരും ഞങ്ങളും തമ്മിൽ എന്താ വ്യത്യാസം എന്നറിയോ സാറിന്? ചത്തവൻ കുറഞ്ഞപക്ഷം ഒന്നുമറിയാണ്ട് സമാധാനത്തോടെ പുഴുക്കളാൽ തിന്നപ്പെട്ട് ഇല്ലാതാവുന്നു. എന്നാൽ ഞങ്ങളോ.... സങ്കടങ്ങളുടെ ഭാരം പേറി വിശപ്പിൽ ആളിക്കത്തി ചുറ്റുമുള്ള പുഴുക്കളുടെ ആക്രമണത്തിൽപ്പെട്ട് ചത്ത് ജീവിക്കുന്നു...!”

**നന്ദന. എൻ**
രണ്ടാം വർഷം
ബി. എസ്. സി. മാത്തമാറ്റിക്സ്
പി. ടി. എം. ഗവൺമെന്റ് കോളേജ്
പെരിന്തൽമണ്ണ

# ആത്മാക്കൾ...!

ഞാനും എത്തിയിരുന്നു അവിടെ. നിന്റെ വെള്ള പുതച്ച ശരീരത്തിനരികിൽ. ചേതനയറ്റ നിന്റെ ശരീരം എന്നെയും പിളർത്തി തുടങ്ങി. ചുറ്റുമുള്ള അലർച്ചകൾക്കൊടുവിൽ നീ പകർന്ന മൗനം എനിക്ക് ഗ്രഹിച്ചെടുക്കാനാവുന്നില്ല. നെറ്റിയിലെ സിന്ദൂരത്തിന്റെ അസാന്നിദ്ധ്യം തേങ്ങലുകളായി പരിണമിച്ചപ്പോഴും എന്റെ സാന്നിദ്ധ്യം അവളിൽ രോഷ ഭാവമുണർത്തി. കൂടുതൽ ഒന്നും പറയാനാവാതെ ഒരപരിചിതയായി തന്നെ ഞാനവിടം വിട്ടു. തിരിച്ചുള്ള യാത്രയിലുടനീളം അബോധാവസ്ഥയിലൂടെ നടന്നു നീങ്ങുമ്പോഴും ചെന്നെത്തിയത് അവിടായിരുന്നു. പരസ്പര സംഗമത്തിന്റെ സാക്ഷികളായിരുന്ന ആ കടൽ തിരകൾക്കു മുന്നിൽ. അവ എപ്പോഴത്തെയും പോലെ ഇപ്പോഴും ആർത്തിരമ്പുകയാണ്. എന്നത്തെയും പോലെ അവയുടെ വിഷാദങ്ങളെ വിവരിക്കാൻ നീ ഇവിടെയില്ല. ഞാൻ തനിയെ! ഉള്ളിൽ ആർത്തിരമ്പുന്ന കടലോടു കൂടി എനിക്കവയെ വിവരിക്കാനാവുന്നില്ല! അവയോടടുത്തു സംസാരിക്കാനെന്നപ്പോലെ ഞാൻ അവയിലേക്ക് ഇറങ്ങി ചെന്നു. ഒരുപക്ഷെ നിന്റെ കവിതകളിലൂടെയും എന്റെ സ്വപ്നങ്ങളിലൂടെയും ഒന്നായ നമ്മുടെ പുനർ ജന്മം ഈ കടലിലൂടെയാവാം......

ഇനി നമ്മുക്കൊന്നിച്ചിരുന്ന് വിവരിക്കാം....
സ്വതന്ത്രമായി അലഞ്ഞു തിരിയുന്ന ആത്മാക്കളിലൂടെ........



**സിദ്ധാർത്ഥ് മാധവ്**
രണ്ടാം വർഷം
എം. എ. ഇംഗ്ലീഷ്
യു. സി. കോളേജ്, ആലുവ

# ഗൗതമനും യഹോവയും

ഗൗതമന്റെയമ്മൂമ്മ മതം മാറി കളയുവോയെന്ന് ഗൗതമനും അച്ഛനും പേടിയാണ്. കാലങ്ങളായി അവനും അവന്റെയച്ഛനും യുക്തിവാദികളാണ്, അതുകൊണ്ടു തന്നെയാണ് യഹോവ സാക്ഷികളുടെയൊപ്പം പ്രാർത്ഥന തുടങ്ങിയ അമ്മൂമ്മയുടെ അനിയത്തിയും അമ്മൂമ്മയും തമ്മിലുള്ള കൂട്ട് അവർ തടയാതിരുന്നത്. ഹൈന്ദവ ദേവി-ദേവന്മാരുടെ ഫാൻസ് അസോസിയേഷൻ ഭാരവാഹികളായ മറ്റു ബന്ധുക്കളൊന്നും ഈ യഹോവ ഗ്രൂപ്പ് ഇളയമ്മുമ്മയെ വീടുകളിലേക്ക് അടുപ്പിച്ചിരുന്നില്ല. എന്നാൽ അവർക്കുമൊന്നു പിരിയിളകട്ടെയെന്നു വിചാരിച്ചായിരുന്നു ആദ്യമായി ഗൗതമന്റെയച്ഛൻ ഇളയമ്മുമ്മയെ അവരുടെ വീട്ടിലേയ്ക്ക് ക്ഷണിച്ചത്. അതിപ്പോൾ ഒട്ടകത്തിന് ഇടം കൊടുത്തതു പോലെയായി. മാസത്തിൽ ഒരിക്കലോ മറ്റോ വീട്ടിലേക്കു വിവരന്വേഷണത്തിനു ഫോൺ വിളിച്ചിരുന്ന അമ്മൂമ്മ യുടെ അനിയത്തിയിപ്പോൾ ദിവസവും അമ്മൂമ്മയെ വിളിയാണ്. അവർക്ക് വിളിക്കാൻ മറ്റാരുമില്ലല്ലോയെന്നോർത്തു ഗൗതമനും അച്ഛനും ആദ്യ നാളുകളിൽ വിമ്മിഷ്ടപെട്ടില്ല. പക്ഷെ പതിയെ അമ്മൂമ്മയുമായുള്ള അനിയത്തിയുടെ സംസാരം യേശുവി ലേക്കും യഹോവയിലേക്കും ചായുന്നത് അവർ അറിഞ്ഞു തുടങ്ങി. ബന്ധുക്കൾ കൂടുന്നിടത്തു ദൈവത്തെ കളിയാക്കു ന്നതും വിശ്വാസം പറഞ്ഞു തർക്കിക്കുന്നതും ഗൗതമന്റെയും അച്ഛന്റെയും പ്രിയവിനോദമാണെങ്കിലും, സ്വന്തം വീട്ടിൽ നിന്നു മൊരാൾ കൊട്ടി പാട്ടിനും കുരിശു വരയ്ക്കും പോയി തുടങ്ങിയാ ലുള്ള പ്രത്യാഘാതങ്ങൾ അവരുടെ മസ്തിഷകത്തിന്റെ കന്നി മൂലയിൽ പതിയെ പ്രതിഷ്ഠ നേടി.

ഉച്ചയൂണിന് ശേഷം മയങ്ങാൻ കിടക്കുമ്പോൾ മാത്രം ആ പ്രതിഷ്ഠയെ ഒന്നു പൂജിച്ചുകൊണ്ട് ദിവസങ്ങൾ ഓടിക്കുമ്പോളായിരുന്നു ഇളയമ്മുമ്മ വഴിയൊരു പുതിയ നിയമത്തിന്റെ കോപ്പി അമ്മൂമ്മയ്ക്ക് കിട്ടിയത്. അന്നുമുതൽ അച്ഛൻ വാങ്ങി കൊണ്ടു വരുന്ന മംഗളവും വനിതയും അമ്മയുടെ പെട്ടി വിട്ട് അമ്മൂമ്മയുടെ കട്ടിലനടിയിൽ പ്രത്യക്ഷപ്പെടുന്ന പ്രതിഭാസം അവസാനിച്ചു,



അമ്മൂമ്മയുടെ വായനാസമയം പൂർണ്ണമായും യഹോവ വിഴുങ്ങിയിരുന്നു. ഒഴിവു സമയങ്ങളിലുള്ള അമ്മൂമ്മയുടെ ബൈബിൾ വായന ഒരൊറ്റ ദിവസംകൊണ്ടു തന്നെ ഗൗതമന്റെ അച്ഛന്റെ ഉച്ച മയക്കത്തെ മൂന്നായി നിർധാക്ഷിണ്യം വലിച്ചു കീറിയെറിഞ്ഞു. അങ്ങനെയാണ് ഗൗതമന് അതു ചെയ്യേണ്ടി വന്നത്. തന്റെയച്ഛന്റെ പകൽ നിദ്രയെ സംരക്ഷിക്കുവാനും, തന്റെയമ്മൂമ്മയെ യഹോവ മതത്തിൽ നിന്നും അകറ്റി നിർത്തുവാനും ഗൗതമൻ ആരുമറിയാതെ അമ്മൂമ്മയുടെ കണ്ണടയെടുത്തു മാറ്റി വെച്ചു. കണ്ണടയുടെ സഹായമില്ലാതെ അമ്മൂമ്മയുടെ വായന നിലക്കുമെന്നും, അതുവഴി യഹോവയെ അമ്മൂമ്മ എളുപ്പം മറക്കുമെന്നും ഗൗതമന് ഉറപ്പായിരുന്നു. പലയിടങ്ങളിൽ കണ്ണട തപ്പിത്തിരഞ്ഞു കുഴഞ്ഞുവെങ്കിലും, ഒരിക്കൽ പോലും ആരോടും അമ്മൂമ്മ കണ്ണടയെ കുറിച്ചു തിരക്കിയില്ല. ഒടുവിൽ കണ്ണടയുടെ തിരോധാനം ഔദ്യോഗികമായതോടെ അമ്മൂമ്മ കണ്ണടയില്ലാതെ ബൈബിൾ വായിക്കുവാൻ ഒരു ശ്രമം നടത്തി നോക്കി. ആദ്യം വായിക്കുവാൻ ശ്രമിച്ച രണ്ടക്ഷരം തന്നെ പരസ്പരം കൂട്ടിമുട്ടി നിൽക്കുന്നതായി കണ്ട അമ്മൂമ്മയ്ക്ക് പെട്ടെന്നു തന്നെ തോറ്റു പിൻവാങ്ങി ബൈബിൾ തിരിച്ചു വെക്കേണ്ടി വന്നു. പക്ഷെ, ആ ശ്രമത്തിനിടയിൽ കൂട്ടിമുട്ടിപോയ രണ്ടക്ഷരങ്ങളും വേർപിടാനാവാത്ത വിധം കെട്ടിപിടിച്ചു നിന്നു പോയി. അതിരമ്പുഴയ്ക്കടുത്തുള്ള വിബ്ജിയോർ പ്രസ്സിൽ ജനിച്ചു വീണ നാൾ മുതൽ പരസ്പരം കാണുന്നവരാണെങ്കിലും, അതുവരെ പരസ്പരമൊന്നു തൊട്ടു നോക്കുവാൻ കഴിഞ്ഞിട്ടില്ലാത്തവരായിരുന്നു കൂട്ടിമുട്ടിയ രണ്ടക്ഷരങ്ങളും. പരസ്പരം ചാരി നിൽക്കുന്ന ദിനത്തെ കുറിച്ചു ഇരു അക്ഷരങ്ങളും ചിന്തിച്ചിട്ടുകൂടിയുണ്ടായിരുന്നില്ല എന്നതാണ് വാസ്തവം. രണ്ടക്ഷരങ്ങൾ തൊട്ടുരുമ്മി നിൽക്കുന്നത് കണ്ട് അടുത്തുള്ള അക്ഷരങ്ങൾക്കും ആകാംക്ഷയായി. അവർ ഈ വാർത്ത കൈമാറി കൈമാറി ആ താളുകളിലെ മറ്റു വരികളിലേക്കും എത്തിച്ചു. രണ്ടക്ഷരങ്ങൾ തമ്മിൽ കെട്ടിപ്പിടിച്ചുള്ള ആ നിൽപ്പിന്റെ വിവരണം പൂർണ്ണ വിരാമങ്ങളും, ചോദ്യചിഹ്നങ്ങളും, ആശ്ചര്യങ്ങളും താണ്ടി പല താൾപുറങ്ങളിലൂടെ യാത്ര ചെയ്തു. വൈകുന്നേരത്തോടു കൂടി ഈ വാർത്തായറിയാത്ത താളുകളോ പുറങ്ങളോ ആ പുസ്തകത്തിൽ ബാക്കിയില്ലെന്നായി തീർന്നു. പല പുറങ്ങളിലും ഈ വാർത്ത അക്ഷരകൂട്ടങ്ങൾക്കിടയിൽ വലിയ ആഘോഷങ്ങൾക്ക് വഴി വെട്ടി.

'ഇതിൽ ഇത്ര മാത്രം കൊട്ടിഘോഷിക്കാൻ എന്തിരിക്കുന്നു ?' താളിന്റെ തുമ്പത്തു ഉറക്കം തൂങ്ങിയിരുക്കുകയായിരുന്ന ഒരു അക്കം, വിവരം കേട്ട് അക്ഷരകൂട്ടത്തോടു വിളിച്ചു ചോദിച്ചു, 'രണ്ടാളുകൾ തമ്മിൽ കൂടുന്നത് ഒരു സ്വാഭാവിക കാര്യമല്ലേ, അതോ ഇനിയുള്ള കാലത്ത് രണ്ടു പേരു കൂടുന്നതും ആഘോഷിക്കേണ്ടി വരുമോ?'.

'അത് ശരിയാണല്ലോ, രണ്ടു പേര് കൂടുന്നത് ആഘോഷിക്കേണ്ട കാര്യാമാണോ?' പുതിയ ലിപി തലമുറയിൽപെട്ട യുവ അക്ഷര ങ്ങൾക്ക് അക്കം പറഞ്ഞതു കേട്ടപ്പോൾ ശങ്കയായി. അവർ ഈ സംശയമൊന്നു ശമിപ്പിക്കുവാൻ ആരോടു ചോദിക്കുമെന്നാ ലോചിച്ചു മഷി വറ്റിച്ചു. കൂടിയാലോചനകൾക്കവസാനം ചൂടോടെ തന്നെ ഈ സംശയമവർ അക്ഷരമുത്തിയുടെ അടുത്തെത്തിച്ചു. യുഗങ്ങളുടെ ഭാഷപാരമ്പര്യമുള്ള അക്ഷരമുത്തി ഭാഗമാവാത്ത പുസ്തകങ്ങളോ, പ്രസംഗങ്ങളോ, പ്രബന്ധങ്ങളോയില്ലെന്ന് അവർക്കറിയാമായിരുന്നു. പുത്തൻ ലിപി ചേരിയിൽ നിന്നും ഉയർന്ന ചോദ്യം കേട്ടപടി വാർദ്ധക്യസഹജമായ ആർത്തിയോടെ മുത്തി സംശയനിവാരണ പ്രവർത്തനം ആരംഭിച്ചു.

'പുള്ളാരെ, അക്കങ്ങൾ യഥേഷ്ടം കൂടുകയോ കുറയുകയോ ചെയ്യുന്നതു പോലെയല്ല നമ്മൾ അക്ഷരങ്ങളുടെ കാര്യം. അക്ക ങ്ങൾ കൂടുംപോലെയല്ല, അക്ഷരങ്ങൾ കൂടി നിൽക്കുന്നത് മനുഷ്യർക്ക് ഭയമാണ്. അവർ കാലങ്ങളായി അക്ഷരങ്ങളെ അകറ്റി നിർത്തുവാൻ ശ്രമിച്ചുകൊണ്ടേയിരിക്കുകയാണ്. പണ്ടു പണ്ടൊക്കെ ഒരുപാട് അക്ഷരങ്ങൾ വായിക്കപ്പെടുന്നതിനിടെ കൂടി പോകുമായിരുന്നു, അന്നൊക്കെ പലയക്ഷരങ്ങളും തമ്മിൽ പ്രണയിച്ചിട്ടുവരെയുണ്ട്. പക്ഷെ, പ്രണയിക്കാൻ വിട്ടു കൊടു ത്താൽ അക്ഷരങ്ങൾ പെറ്റുപെരുകുമോയെന്നു പേടിച്ചു വെറി പിടിച്ച മനുഷ്യർ, കൂടിപോയവയെ അകറ്റുവാൻ തക്ക പ്രാപ്തി യുള്ള ഒരു കണ്ടുപിടുത്തം നടത്തി. അതിന്റെ പേരാണ് കണ്ണട. ലോകത്തിന്റെ വായനാശീലങ്ങളിലേയ്ക്ക് കണ്ണട കടന്നു വന്ന തോടുകൂടി അക്ഷരങ്ങൾ കൂടി ചേരുന്നത് അപൂർവ്വങ്ങളിൽ അപൂർവ്വമായി മാറി. അത്രയും ഭാഗ്യം സിദ്ധിച്ച അക്ഷരങ്ങൾക്കു മാത്രമേ ഇന്നൊന്നു കെട്ടിപിടിക്കുവാനുള്ള അവസരം കിട്ടുക യുള്ളൂ.' മുത്തി പഴങ്കഥകൾ പറഞ്ഞു തീരുമ്പോഴേക്കും താളിലെ മറ്റക്ഷരങ്ങളൊക്കെയും ഉറങ്ങി കഴിഞ്ഞിരുന്നു. അപ്പോഴും കൂടി പോയ രണ്ടക്ഷരങ്ങൾ മാത്രം പരസ്പരം ചൂട് പകർന്നുകൊണ്ട് തങ്ങൾക്ക് കിട്ടിയ സൗഭാഗ്യത്തെ പറ്റി കേട്ടുകൊണ്ടെയിരുന്നു. ആ രാത്രി മുത്തി ഉറങ്ങിയിട്ടും അവർ ഉറങ്ങിയില്ല, അവർ സ്വപ്നങ്ങളിട്ടു തിളപ്പിച്ച വെള്ളത്തിൽ കാലിറക്കിവെച്ചുകൊണ്ട് കഥകൾ പറഞ്ഞിരുന്ന് മയക്കത്തെ പുലർച്ച വരെ അകറ്റി നിർത്തി.

അടുത്ത ദിവസം അമ്മൂമ്മയുടെ കരച്ചിലും നിലവിളിയും കേട്ടാണ് ഗൗതമനും ബൈബിളും എഴുന്നേറ്റത്. കണ്ണടയില്ലാത്തതു ചൊല്ലി അമ്മൂമ്മ അന്ന് ഉച്ച വരെ ഇരുന്നും കെടുന്നു നടന്നും അലമുറയിട്ടു കരഞ്ഞു. കണ്ണട കള്ളനെ പിടിക്കുവാൻ പോലീസി നെ വിളിക്കുമെന്ന് ഇടയ്ക്ക് മുറിവിട്ടു പുറത്തിറങ്ങിയ അമ്മൂമ്മ നെഞ്ചത്തടിച്ചു ഭീഷണി മുഴക്കി. ഓരോ തവണ കണ്മഷി പടർന്ന ആ മുഖം കാണുമ്പോളും, ഗൗതമന് കുറ്റബോധം അടിഞ്ഞു

പൊങ്ങിയ ഒരു കൂറ്റൻ മലയിൽ നിന്നുമെടുത്തു ചാടുന്നത് പോലെ തോന്നി. ഇടയ്ക്കെപ്പോഴോ അമ്മൂമ്മയുടെ മുറിയിലേക്ക് വന്നു ഗൗതമന്റെയച്ഛൻ എത്തിനോക്കിയത് താളുകൾക്കിടയിലൂടെ ഞെരിഞ്ഞമർന്നു നോക്കിയ ചില അക്ഷരങ്ങൾ കണ്ടു. ഈ കാര്യം വൈകാതെ തന്നെ താളിലൂടെ ഒഴുകി പരന്നു.

കരഞ്ഞു കണ്ണു കലങ്ങി തളർന്ന അമ്മൂമ്മ ഉച്ച തിരിഞ്ഞു കുളിക്കാൻ പുറത്തെ കുളിമുറിയിലേക്ക് പോകുന്ന തക്കമായിരിക്കും എല്ലാത്തിനും അവസാനമെന്ന് അക്ഷരമുത്തി ഊഹിച്ചു. മുത്തി പ്രതീക്ഷച്ചത് പോലെ തന്നെ അമ്മൂമ്മ കുളിക്കാൻ പോയ തക്കം നോക്കി ഗൗതമൻ കണ്ണടയുമായി മുറിയിലേയ്ക്ക് ഊർന്നു കയറി. മറ്റുസാമഗ്രഹികളൊന്നും തെല്ലു തെറ്റിക്കാതെ അവനാ കണ്ണട അമ്മൂമ്മയുടെ 'പുതിയ നിയമത്തോടു ചേർത്തു വെച്ചു.

വെളുപ്പിനെപ്പോഴോ കെട്ടിപിടിച്ചു കിടന്നുറങ്ങി പോയ രണ്ടക്ഷരങ്ങളെയും മറ്റുള്ളവർ ചേർന്നു അപ്പോഴേയ്ക്കും വിളിച്ചുണർത്തി. മറ്റുള്ളവരുടെ മൗനത്തിൽ നിന്നും നിരാശയിൽ നിന്നും തന്നെ ഇരുവർക്കുമെല്ലാം വായിക്കാവുന്നതെയുണ്ടായിരുന്നുള്ളൂ.

'അമ്മൂമ്മ കുളിച്ചു വരുന്നത് വരെയുള്ളു ഈ ചൂട്, അല്ലെ ?' രണ്ടാമക്ഷരത്തിന്റെ കുനിപ്പിലേക്ക് തല വെച്ചുകൊണ്ട് ആദ്യ അക്ഷരം ചോദിച്ചു.

'ഹും, ഇന്നലെ രാത്രി ഉറങ്ങാതെ ഇരുന്നത് നന്നായി.' ആദ്യ അക്ഷരത്തിനെയൊരു മരവിപ്പ് വന്നു പുതഞ്ഞു. കണ്ണുനീരിന്റെ തണുപ്പ് കുടഞ്ഞുകൊണ്ട് തന്റെ സുഹൃത്തിന്റെ സ്പർശം പരമാവധി ഓർത്തു വെയ്ക്കുവാൻ അതു ശ്രമിച്ചു.

'നീ എന്താ ആലോചിക്കുന്നെ ?' രണ്ടാമക്ഷരം ഒന്നുകൂടി ചേർന്നിരുന്നു.

'എനിക്കൊരു ആഗ്രഹമുണ്ടായിരുന്നു. '

'എന്തായാലും പറ'

'ഞാൻ ഏത് അക്ഷരമാണെന്ന് എനിക്കു നീ വായിക്കുന്നത് കേൾക്കണം , നിന്നിലൂടെയെനിക്ക് എന്നെ അറിയണം.'

ഇതു കേട്ടതും രണ്ടാമക്ഷരം സൂക്ഷമമായി ആദ്യ അക്ഷരത്തിലൂടെ കണ്ണോടിച്ചു.

'ഇതു വായിക്കുവാൻ വളരെ പ്രയാസമാണല്ലോ.'

ഒന്ന് കൂടിയതു മറ്റേ അക്ഷരത്തെ പരതി . അതിന്റെ ദേഹത്തിലെ ഓരോ വളവിലൂടെയും വട്ടത്തിലൂടെയും ചേർന്നിരുന്ന് ഉരസി നോക്കി.

'ഇല്ല എനിക്ക് നിന്നെ വായിക്കുവാൻ പറ്റുന്നില്ല.'

ആദ്യ അക്ഷരം ഞെട്ടിത്തരിച്ചു ചെറുതായതു രണ്ടാമൻ കണ്ടു . ഒരുവന്റെ പ്രതീക്ഷയും സ്വപ്നവുമാണ് അയാളുടെ വലുപ്പമെന്ന് അവനു തോന്നി. ഒന്നൂകൂടി തന്റെ പങ്കാളിയുടെ തുടക്കവും ഒടുക്കവും മനസിലാക്കുവാൻ അവൻ ശ്രമിച്ചു നോക്കി.

‘ഇല്ല, എത്ര ശ്രമിച്ചാലും എനിക്ക് നിന്നെ വായിക്കുവാൻ കഴിയില്ലാ. അക്ഷരങ്ങളും മനുഷ്യരെ പോലെ തന്നെയാണ്. ഒന്നിന് മറ്റൊന്നിനെ വായിക്കുവാൻ കഴിയണമെന്ന് നാം ഓരോരുത്തരും ആഗ്രഹിക്കുന്നുണ്ട്. പക്ഷെ ഒരിക്കലും ഒരക്ഷരത്തിന് മറ്റൊരക്ഷരത്തെ വായിക്കുവാൻ സാധിക്കില്ല.’ രണ്ടാമക്ഷരത്തിന്റെ തൊണ്ടയിടറി. ഒന്നു നിർത്തിയതിനു ശേഷം അതു തുടർന്നു,

‘പറ, ആരായിരുന്നു നീ? ആ വളവിന്റെയും കൂനിന്റെയും അർത്ഥമെന്തയിരുന്നു? പറ, ഞാൻ ഒരുവട്ടം കേട്ടാൽ പിന്നെയൊരിക്കലും അതു മറക്കില്ല. എനിക്ക് വായിക്കാൻ കഴിയാത്ത നീ ആരാണ്?’

തലയുയർത്തി ആദ്യ അക്ഷരം തന്റെ സുഹൃത്തിന്റെ നിറഞ്ഞ കണ്ണുകളിലേക്ക് നോക്കി. ഇടർച്ചിയിൽ തപ്പി തടഞ്ഞതിന്റെ മറുപടി പുറത്തെയ്ക്കെത്തുവാൻ പ്രയാസപ്പെട്ടു.

‘എന്റെ സ്വപ്നമേ, എന്നെ നീ സൂക്ഷിച്ചു നോക്ക്. ഞാൻ ഒരു ... ‘

കുളികഴിഞ്ഞു വന്ന അമ്മൂമ്മ കണ്ണട കണ്ടതും സന്തോഷം കൊണ്ട് ഈറൻ മാറാതെ തന്നെ കട്ടിലിലേക്ക് ചാടി വീണു. എണ്ണയുടെ വഴുപ്പും സോപ്പിന്റെയും മണവുമുണ്ടായിരുന്ന അവരുടെ മെലിഞ്ഞ വിരലുകൾ നിമിഷനേരം കൊണ്ട് അമ്മൂമ്മ വായിച്ചു വെച്ചിരുന്ന താൾ അവർക്ക് കണ്ടുപിടിച്ചു കൊടുത്തു.

ഒരുനിമിഷം പോലും പാഴാക്കാതെ അമ്മൂമ്മയതു വായിച്ചു തുടങ്ങി.

**സോന നസ്റിൻ. കെ**
രണ്ടാം വർഷം
ബി. എ. ഇംഗ്ലീഷ്
നോബിൾ വുമൺസ് കോളേജ്
മഞ്ചേരി


# നിൻ നിഴലായി

"ആൻ....ഞാൻ നിന്റെ പ്രണയം വേണ്ടെന്ന് പോയാൽ നീ എന്ത് ചെയ്യും,,"
അവന്റെ ചോദ്യം അവളിൽ ഒരു നടുക്കം സൃഷ്ടിച്ചു... മിഴികളെ മറ്റൊരു ദിക്കിലേക്കൊതുക്കി.... തന്റെ മറുപടിക്കായി പ്രതീക്ഷ യോടെ കാത്തു നിൽക്കുന്നവന് ഉത്തരം നൽക്കേണ്ടത് തന്റെ കടമയാണെന്ന് മനസ്സ് വിളിച്ചോതിയപ്പോ അവളും അതിനു ശരി വെച്ചു..

"എന്റെ പ്രണയം അതെന്റെ മാത്രം സ്വകാര്യതയല്ലേ,,,, ഇച്ചാ വേണ്ടെന്ന് വെച്ചാലും ഞാൻ എന്തിനു വേണ്ടെന്ന് വെക്കണം ''
പുഞ്ചിരിയോടെയുള്ള അവളുടെ മറുപടി കേൾക്കെ അവന്റെ അധരങ്ങളിലും ഒരു പുഞ്ചിരി വിരിഞ്ഞു, തന്റെ ചുണ്ടിൽ വിരിഞ്ഞ പുഞ്ചിരിയെ അല്പം പോലും മായ്ച്ചു കളയാതെ അവൻ അവളെ അവനിലേക്ക് അണച്ചു പിടിച്ചു.... ഒത്തിരി പ്രണയത്തോടെയുള്ള ഇഷ്ടത്തോടെ, അവന്റെ അധരങ്ങൾ അവളെ നെറ്റിയിൽ മുദ്രണം ചെയ്തു കൊണ്ടിരുന്നു,,,
ശെരിയാണ് അവളുടെ ഓരോ വാക്കുകളും... ഞാൻ വേണ്ടെന്ന് വെച്ചാലും അവൾ എന്തിനു വേണ്ടെന്ന് വെക്കണം അത് അവളുടെ പ്രണയമല്ലേ,,, അവളെ മാത്രം സ്വകാര്യത ഞാൻ വേണ്ടെന്ന് വെച്ചാലും അതില്ലാതാവുന്നില്ലല്ലോ

വിവാഹബന്ധം നിലനിൽക്കുന്നത് ഒരു താലിബന്ധനത്തിനു പേരിലാണെങ്കിൽ പ്രണയം കുടികൊള്ളുന്നത് വിശ്വാസം എന്ന മൂന്ന് അക്ഷരങ്ങളിലൂടെയാണ്

പ്രണയം എന്നത് ആർക്കും നിർവചിക്കാൻ പോലും കഴിയാത്തെ ഭ്രാന്തമായ ഒന്നാണ്, ചില പ്രണയം നമ്മെ അന്ധമാക്കും എന്നാൽ മറ്റു ചില പ്രണയങ്ങൾ നമ്മെ തീർത്തും ഒരു ഭ്രാന്തനാക്കി മാറ്റും.



എനിക്ക് നിന്നോടുള്ള പ്രണയവും നിർവചിക്കാൻ പോലും കഴി യാത്ത ഒന്നാണ്.... ഓരോ സമയവും നിന്നിലേക്ക് വീശിയടിക്കാ ൻ ആഗ്രഹിക്കുന്ന കാറ്റ് പോലെയാണ് നിന്നോടുള്ള എന്റെ

പ്രണയവും കൂടെ ഉണ്ടാവും എപ്പോഴും 'നിൻ നിഴലായി'
......മൗനമായി അവൻ അവൾക്കായ് മറുപടി നൽകി,,,,
ഇന്നവൻ മിന്നുകെട്ടി അവന്റെ പ്രണയത്തെ സ്വന്തമാക്കുമ്പോൾ ഇരുവരുടെയും ഹൃദയം സന്തോഷത്താൽ തുടികൊട്ടി
അവളിലെ ഓരോ കുഞ്ഞു ആഗ്രഹങ്ങൾ പോലും തനിയെ മനസിലാക്കി നൽകുമ്പോൾ അവളെ ചുണ്ടിൽ ആ സമയം വിരിയുന്ന പുഞ്ചിരി മതിയായിരുന്നു അവന്റെ മനസ്സ് നിറയാൻ,,,
ചേർത്ത് നിർത്തേണ്ട ഓരോ നേരങ്ങളിലും അവൻ അവളെ അല്പം പോലും അകറ്റി നിർത്താതെ നെഞ്ചോട് ചേർത്ത് നിർത്തി... അവളിലെ ഓരോ സന്തോഷത്തിലും ദുഃഖത്തിലും അവൻ പങ്കുചേർന്നു,
ഇന്ന് കാലങ്ങൾക്ക് ഇപ്പുറം അവന്റെ വേർപാട് അവളിൽ ഒരു നോവായി ഉണ്ടേൽ പോലും അവൾ ദുഃഖിച്ചില്ല... തന്റെ ഇച്ചാ എപ്പോഴും അവളുടെ ദുഃഖത്തേക്കാൾ കൂടുതൽ അവളെ സന്തോഷമാണ് ആഗ്രഹിച്ചിരുന്നത്....
തന്റെ കൂടെ *നിൻ നിഴലായി* അവൻ എന്നും കൂടെയുണ്ടെന്ന വിശ്വാസം മാത്രം മതിയായിരുന്നു അവൾക്ക് മുന്നോട്ടുള്ള ജീവിതത്തിനു സന്തോഷം പകരാൻ..

**അനാമിക. സി**
രണ്ടാം വർഷം
ബി. എസ്. സി. സൈക്കോളജി
ബ്ലോസ്സം ആർട്സ് ആൻഡ്
സയൻസ് കോളേജ്, കൊണ്ടോട്ടി

# കുരുക്കിൽ നിന്നും മോചനം വേണ്ട.......

പച്ചപ്പരവതാനി വിരിച്ച വയൽ.അവൾ നടന്നു നടന്നു ക്ഷീണിച്ച് ഒരു വീടിന്റെ സമീപമെത്തി .അവിടത്തെ മുത്തശ്ശി അവളെ കണ്ടതും സന്തോഷവതിയായി. "എന്താ മാളോ, ഇങ്ങോട്ടുള്ള വഴിയൊക്കെ മറന്നോ." മുത്തശ്ശി കുസൃതി ചിരിയോടെ അവളോട് ചോദിച്ചു. "എന്റെ കാത്തു മൂത്തശ്ശ്യേ ഈ മാളു അതൊക്കെ മറക്കോ. മാളു തിരുവനന്തപുരത്ത് പഠിക്കാൻ പോയതല്ലേ. ഞാനിപ്പോ ഒരു കൊച്ചു ഡോക്ടറാണ്." അവൾ വിടർന്ന കണ്ണുകളോടെ പറഞ്ഞു. "ആണോ. ഈ മുത്തശ്ശിക്ക് കാലോണ്ടൊന്നും തീരെ വയ്യ മാളോ." മുത്തശ്ശി മാളുവിന്റെ കൈ പിടിച്ചുകൊണ്ടു പറഞ്ഞു. "ന്റെ മുത്തശ്ശ്യേ മുത്തശ്ശിക്ക് ഒന്നുല്ല. ചുന്ദരി കുട്ടിയല്ലേ ഇത്. ആ തൈലം പുരട്ടി കുളിച്ചാൽ എല്ലാം അങ്ങ് പമ്പ കടക്കും." "എന്നാ മുത്തശ്ശ്യേ ഈ മാളു അങ്ങട് പോട്ടെ ട്ടോ." മാളു ഒരു ചക്കരയുമ്മ മുത്തശ്ശിക്ക് സമ്മാനിച്ചു കൊണ്ട് യാത്രയായി. മാളുവിന് അച്ഛൻ മാത്രമുള്ളു. അമ്മ അവൾ ജനിച്ചയുടനെ മരണമടഞ്ഞു. വീടിന്റെ വാതിൽക്കൽ അവളുടെ അച്ഛൻ അവളെ കാത്തിരിക്കുന്നത് മാളുവിന് ദൂരെ നിന്നും തന്നെ കാണാമായിരുന്നു. അവളെ ദൂരെ കണ്ട അച്ഛൻ മുറ്റത്തെ വേലിക്കരികിലേക്കു നിന്നു. "മാളു പോയി കുളിച്ചു വാ. അച്ഛൻ കാപ്പിയിടാം. "അച്ഛൻ വാത്സല്യത്തോടെ അവളുടെ മുടിയിഴകൾ തലോടി കൊണ്ട് പറഞ്ഞു. "ഞാൻ കുളിച്ച് വന്നിട്ട് ഇട്ടോളാം അച്ഛാ. "അവൾ പറഞ്ഞു."നീ പോയി കുളിച്ചു വാ പെണ്ണേ." അവളുടെ കൈകളിൽ രണ്ടടി കൊടുത്തുകൊണ്ട് കുസൃതിയോടെ അച്ഛൻ പറഞ്ഞു. മാളു കുളിച്ചുവന്നതും അച്ഛൻ കാപ്പിയും കപ്പയും മത്തികറിയും മേശപ്പുറത്ത് വച്ചു. അവളും അച്ഛനും വിശേഷങ്ങൾ പറഞ്ഞു അത് കഴിക്കാൻ തുടങ്ങി. "മാളോ മോൾടെ വിദ്യാഭ്യാസം ഒക്കെ കണ്ട് ഒരു കൂട്ടര് പെണ്ണലോചിച്ചു വന്നിനി. ചെക്കൻ ബാങ്ക് മാനേജർ ആണ്. മോളെ ഇനി നീട്ടിവക്കേണ്ട. അച്ഛൻ ഇത് ഉറപ്പിക്കട്ടെ." "അച്ഛാ, അത്....... എനിക്ക് പഠനം കുറച്ചൂടെ കഴിയാനുണ്ട് അതൂടെ കഴിഞ്ഞു മതി കല്യാണം.



"മോളെ അച്ഛന് തീരെ വയ്യാതിരിക്കാണ്. ഇന്നോ നാളെയോ എന്ന് പറഞ്ഞിരിക്കാണ്. മോള് ഇത് സമ്മതിക്കണം." "ഉം..... അച്ഛന്റെ ഇഷ്ടംപോലെ. മനസ്സില്ലാ മനസ്സോടെ അവൾ സമ്മ തിച്ചു. പെണ്ണുകാണാൻ ഉണ്ണിയും വീട്ടുകാരും മാളുവിന്റെ വീട്ടിലെത്തി. "എല്ലാവരും ഇരിക്കു. ഇവിടെ സൗകര്യങ്ങളൊക്കെ കുറവാണ്." അച്ഛൻ പറഞ്ഞു. "അതൊന്നും കുഴപ്പമില്ല അച്ഛാ." ഉണ്ണി ചെറുചിരിയോടെ അച്ഛനെ നോക്കികൊണ്ട് പറഞ്ഞു. "മോളെ ആ ചായ ഇങ്ങട് എടുത്തോ." മാളു കൈയിൽ ചായയും പലഹാരവുമായി വന്നു. എല്ലാവർക്കും ചായ കൊടുത്തു. എന്നിട്ട വൾ അച്ഛന്റെ അരികിൽ നിന്നു. "എന്നാ പെണ്ണിനും ചെക്കനും എന്തെങ്കിലും സംസാരിക്കാനുണ്ടേൽ സംസാരിക്കട്ടെ." ഉണ്ണി യുടെ അമ്മാവൻ പറഞ്ഞു. ഉണ്ണിയും മാളുവും അവളുടെ റൂമി ലേക്ക് പോയി. "എന്റെ പേര് അനൂപ് എന്നാണ്. ഇഷ്ടമുള്ളോർ ഉണ്ണി എന്നാണ് വിളിക്കാറ്. മാളു അങ്ങനെ വിളിച്ചോളൂ." ഉണ്ണി പറഞ്ഞു. മാളു ചിരിക്കുക മാത്രം ചെയ്തു. "തനിക്ക് എന്നോ ടെന്തെങ്കിൽ ചോദിക്കാനോ പറയാനോ ഉണ്ടോ." ഉണ്ണി ആകാംക്ഷയോടെ മാളുവിനെ ഉറ്റുനോക്കി. "എനിക്ക് പഠനം പൂർത്തിയായിട്ടായിരുന്നു കല്യാണം കഴിക്കാനൊക്കെ താല്പര്യം ബട്ട് അച്ഛന്റെ നിർബന്ധം....... എനിക്ക് ഒന്നേ പറയാനുള്ളു എന്നെ കല്യാണത്തിനു ശേഷവും വർക്ക് ചെയ്യാനും പഠിക്കാനും സമ്മതിക്കണം." "മാളു, തനിക്ക് ഇഷ്ടമുള്ള അത്ര പഠിക്കാം. ഞാൻ അതിന് ഒരു തടസ്സമാവില്ല. ഗോഡ് പ്രോമിസ്." പെണ്ണു കാണൽ കഴിഞ്ഞ് പിന്നീടങ്ങോട്ട് എല്ലാം പെട്ടെന്നായിരുന്നു. നിശ്ചയവും കല്യാണവും എല്ലാം എല്ലാം. കല്യാണത്തിനു മുന്നേ മാളുവിന്റെ നിബന്ധനകളെല്ലാം തലകുലുക്കി സമ്മതിച്ചവർ മെല്ലെ മാറിതുടങ്ങി. അവളുടെ മേലെ ഒരുപാട് നിബന്ധനകൾ വെക്കാൻ തുടങ്ങി. അത് മനസ്സിലാക്കിയ മാളു തന്റെ ഭർത്താ വിനോട് ചോദിച്ചു. "ഉണ്ണ്യേട്ടാ എനിക്ക് ഹോസ്പിറ്റലിൽ പോണം. ഇന്നത്തെ കാലത്ത് ഫാമിലിയിൽ രണ്ടുപേർക്കും ജോബ് ഉണ്ടേലെ എല്ലാം നടക്കുള്ളു." "മാളോ, ഇവിടെ അമ്മയ്ക്കും അച്ഛനും കുടുംബത്തിലെ പെണ്ണുങ്ങള് പണിക്ക് പോണത് ഇഷ്ടല്ല. അതോണ്ട് പോണ്ട." മാളുവിന് അത് കേട്ടതും ദേഷ്യം വന്നു. "ഇതല്ലല്ലോ പെണ്ണ് കാണാൻ വന്നപ്പോ പറഞ്ഞത്. ഞാൻ എന്തായാലും പോവും. എന്റെ അച്ഛനെന്നെ കഷ്ടപ്പെട്ട് പഠി പ്പിച്ചത് വെറുതെ വീട്ടിൽ ഇരിക്കാനല്ല." "നീ വെറുതെ വീട്ടിൽ ഇരിക്കേണ്ട. ഇവിടെ ഒരുപാട് പണികളുണ്ട്. പിന്നെ നീ ഹോസ്പി റ്റലിൽ പോയാൽ പിന്നെ ഇങ്ങോട്ട് വരണ്ട." "ഉണ്ണ്യേട്ടാ ". മാളു വിന്റെ ശബ്ദം ഇടറി. അവൻ മാളുവിനെ നോക്കാതെ റൂമിൽ നിന്നും ഇറങ്ങി കാറെടുത്ത് പോയി. മാളു അടുക്കളയിലേക്ക് ചെന്നതും ഉണ്ണിയുടെ അമ്മ ചോദിച്ചു. "ഇന്ന് ബാക്കി സ്ത്രീ ധനതുക കൊണ്ടുവരാം എന്നാണല്ലോ നിന്റെ അച്ഛൻ പറഞ്ഞത്

കൊണ്ടുവരില്ലേ. " മാളു ഒന്നും മിണ്ടിയില്ല. അവളുടെ ഹൃദയം പൊട്ടിപോകാൻ തക്കമായിരുന്നു. ദിവസങ്ങൾ കടന്നുപോയി. സ്ത്രീധനതുക കിട്ടാത്തതിന്റെ പേരിൽ അവളുടെ തലയിലായി വീട്ടിലെ എല്ലാ പണികളും. അവളെ ഒന്ന് ഇരിക്കാൻ പോലും സമ്മതിക്കാതെ പണികൾ എടുപ്പിക്കുക ആയിരുന്നു ഉണ്ണിയുടെ അമ്മ കമലാക്ഷി. കൂടാതെ വേണ്ടാത്തതിനും വേണ്ടതിനും പൊതിരെ ഉപദ്രവവും ഉയർന്നു തുടങ്ങി. അങ്ങനെയിരിക്കെ ഒരു ദിവസം അവൾ ഉറക്കമേണീറ്റ് ഫോൺ നോക്കിയപ്പോൾ രാത്രി അച്ഛൻ ഒരുപാട് തവണ വിളിച്ചിരിക്കുന്നു. അവൾ ഫോൺ ഒരിക്കലും സൈലന്റ് ആക്കാറില്ല. അതുകണ്ടപ്പോൾ തന്നെ അവൾക്കു കാര്യം മനസിലായി. അവൾ ഫോണിൽ നിന്നും കണ്ണെടുത്ത് ഉണ്ണിയെ നോക്കി. "ഉണ്ണ്യേട്ടൻ ഇന്നലെ രാത്രി എന്റെ ഫോൺ സൈലന്റ് ആക്കിയിരുന്നോ." "ആക്കിയിരുന്നു എന്തേ." ഉണ്ണി കടുപ്പത്തിൽ ആരാഞ്ഞു. "ഉണ്ണ്യേട്ടൻ ഈ ചെയ്യുന്നത് ഒട്ടും ശരിയല്ലട്ടോ. രാത്രി എന്റെ അച്ഛൻ എത്ര വിളിച്ചൂന്ന് അറിയോ." അതൊന്നും എനിക്കറിയണ്ട കാര്യമില്ല. എനിക്ക് രാത്രി സുഖമായി ഉറങ്ങണം അതുകൊണ്ട് രാത്രി ഫോൺ ഞാൻ സൈലന്റ് ആക്കി. അതിനെന്താ ഇപ്പൊ. "ഇതും പറഞ്ഞ് ഉണ്ണി ജോലിക്കു പോയി. അവൾ കുളിച്ചു വന്ന് അച്ഛനെ വിളിക്കാൻ ഫോണെടുത്തതും ഉണ്ണിയുടെ അമ്മ അവരുടെ റൂമിലേക്ക് വന്നു. " മാളു, നീ ആ പാത്രങ്ങളൊക്കെ ഒന്ന് കഴുകിയെ. " "അമ്മേ ഒരു 5 മിനിറ്റ് ഞാൻ ഇപ്പൊ വരാം.മാളു അപേക്ഷിക്കും പോലെ പറഞ്ഞു. "നീ അത് ഇപ്പോ തന്നെ ചെയ്യാൻ നോക്ക്. ഒരുപാട് ജോലി ഇനിയും കുറെ കിടക്കുന്നുണ്ട് അവിടെ."അവൾ കൈയിലിരുന്ന ഫോൺ താഴെ വച്ചുകൊണ്ട് അടുക്കളയിലേക്ക് നടന്നു. പാത്രം കഴുകുന്നതിനിടെ അവൾക്ക് തലമിന്നുന്നതു പോലെ അനുഭവപ്പെട്ടു. അവൾ അവിടെ അടുക്കളയിൽ കണ്ട ഒരു കസേരയിൽ ഇരുന്നു. അതുകണ്ടു വന്ന ഉണ്ണിയുടെ അമ്മ ദേഷ്യത്തോടെ ചോദിച്ചു. "അതുശരി നീ ഇവിടെ ഇരിക്കാൻ വന്നതാണോ. എണീറ്റ് പാത്രം കഴുകാൻ നോക്കെടി." "അമ്മേ.... എനിക്ക് തലച്ചുറ്റുന്നു. അതാ ഇരുന്നേ." മാളു ദയനീയമായ സ്വരത്തിൽ പറഞ്ഞു. "നിനക്കിനി തലചുറ്റലൊക്കെ ഉണ്ടാകും ഒരുപാട് പണി കിടക്കല്ലേ ചെയ്യാൻ. എഴുന്നേറ്റ് വേഗം പാത്രം കഴുക്."ഉണ്ണിയുടെ അമ്മ ഇതും പറഞ്ഞ് അടുക്കളയിൽ നിന്നും പോയി. മാളു എഴുന്നേറ്റ് പാത്രം കഴുകാൻ ആരംഭിച്ചു. കഴുകുന്നതിനിടെ അവൾ തലചുറ്റി വീണു. പാത്രം വീണ ശബ്ദം കേട്ട് ഉണ്ണിയുടെ അമ്മ വന്നു. അവളെ താഴെ കണ്ടതും അവർ പരിഭ്രാന്തയായി. പെട്ടെന്ന് തന്നെ ഹോസ്പിറ്റലിൽ എത്തിച്ചു. ബോധം വന്നപ്പോൾ ഡോക്ടർ മാളുവിനോട് ചോദിച്ചു. "ആർ യൂ ഓക്കേ. തനിക്കൊന്നുമില്ല. പേടിക്കണ്ട കേട്ടോ. എന്തെങ്കിലും ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ടോ ഇപ്പൊ." "ഇല്ല." മാളു പറഞ്ഞു

എന്നാൽ തന്റെ മുഖമൊന്നു തെളിയാൻ ഞാനൊരു കാര്യം പറയട്ടെ. യൂ ആർ പ്രെഗ്നന്റ്. ഇപ്പോൾ 2 മാസം ആയി." മാളു അതുകേട്ടതും ഞെട്ടലോടെയായിരുന്നു ഡോക്ടറെ നോക്കിയത്. ഡോക്ടർ ആശ്ചര്യത്തോടെ മാളുവിനോട് ചോദിച്ചു. "വാട്ട് ഹാപ്പെൻഡ്, എന്താ തന്റെ മുഖം വല്ലാണ്ടായേ. എനി പ്രോബ്ലം." "നോ." ഒറ്റ വാക്കിൽ മാളു മറുപടി പറഞ്ഞു നിശ്ചലയായി കിടന്നു. അവളുടെ മനസ്സിൽ കടലിൽ തിരമാല അടിക്കുന്നതു പോലെ ഓരോ കാര്യങ്ങൾ വരാൻ തുടങ്ങി. കുഞ്ഞിനെ ഒഴിവാക്കിയാലോ എന്ന ചിന്ത വരെ ഉളവായി. കാരണം അവൾ അനുഭവിക്കുന്ന യാദനകൾ തന്റെ കുഞ്ഞും അനുഭവിക്കരുതേ എന്നാ ചിന്ത മാത്രം. കുറച്ചു നേരത്തിനു ശേഷം അവർ വീട്ടിലെത്തി. അവളുടെ മനസ്സ് തികച്ചും ശൂന്യവും വേദനയും കൊണ്ട് നിറയുകയായിരുന്നു. പിന്നീടുള്ള ദിവസങ്ങൾ അവൾ മനസ്സിൽ കരുതിയ ചിത്രം തന്നെയായിരുന്നു സമ്മാനമായി അവൾക്ക് ലഭിച്ചത്. ഗർഭിണിയായ സ്ത്രീയോട് ചെയ്യാൻ പറ്റാത്ത ക്രൂരതകൾ മുഴുവൻ ഭർത്താവും അമ്മയും ചെയ്തു. വീട്ടുജോലികൾ മുഴുവനും ചെയ്യിപ്പിക്കുക. വെറുതെ ഉപദ്രവിക്കുക. ഇടക്ക് ഭക്ഷണം കൊടുക്കാതിരിക്കുക. അങ്ങനെ പലതും മാളുവിനോട് അവർ ചെയ്തിരുന്നു. അങ്ങനെയിരിക്കെയാണ് ദൈവദൂതനെ പോലെ മാളുവിന്റെ അച്ഛൻ വരുന്നത്. അവളെ കുറച്ചുനേരത്തെ പ്രസവത്തിനു കൊണ്ടുപോകാനാണ് അച്ഛൻ വന്നത്. " കമല ചേച്ചി എന്റെ അനുജത്തി വീട്ടിൽ വന്നിട്ടുണ്ട്. ഇവളെ കൂട്ടിക്കൊണ്ടു പോകാൻ വേണ്ടിയാണ് വന്നത്. നിങ്ങള് സമ്മതിച്ചാല്....... " മാളുവിന്റെ ഭർത്താവും അമ്മയും മനസ്സില്ല മനസ്സോടെ സമ്മതം മൂളി. അങ്ങനെ അവൾ അച്ഛന്റെ കൂടെ വീട്ടിലേക്ക് പോയി. അവിടെ അവൾക്ക് തന്റെ പഴയ സ്വാതന്ത്ര്യം തിരിച്ചു കിട്ടിയതുപോലെ തോന്നി. പ്രസവം കഴിയുന്നതുവരെ അവളുടെ ഇഷ്ടങ്ങൾ ആയിരുന്നു അച്ഛന് എല്ലാം. അച്ഛന്റെ സന്തോഷം കെടുത്താതിരിക്കാൻ അവൾ തന്റെ ഭർത്താവിന്റെ വീട്ടിൽ നടന്നതെല്ലാം പറയാതെ നിന്നു. പ്രസവം കഴിഞ്ഞു രണ്ടു മാസങ്ങൾക്കു ശേഷം മാളുവിന്റെ അച്ഛൻ മരണമടഞ്ഞു. കർമ്മങ്ങളെല്ലാം കഴിഞ്ഞ് ഭർത്താവ് അവളെ കൊണ്ടുപോകാൻ വന്നു. കുഞ്ഞിനെ അയാൾ എടുത്തതും അവൾ അയാളെ ഉറ്റുനോക്കി. " നിങ്ങൾ എന്റെ കുഞ്ഞിനെ എടുക്കണ്ടേ. ഞാനുംമോനും ഇനി നിങ്ങളുടെ വീട്ടിലേക്കില്ല. എന്റെ അച്ഛൻ വിഷമിക്കരുത് എന്ന് കരുതിയാണ് ഞാൻ ഇത്രയും കാലം നിങ്ങളുടെ ഉപദ്രവങ്ങൾ സഹിച്ചു നിന്നത്. ഇനി വയ്യ. എനിക്കിനി എന്റെ മകനെ നന്നായി വളർത്തണം. അതിന് നിങ്ങളുടെ കൂടെ ആയാൽ സാധിക്കില്ല. ദയവായി നിങ്ങൾ പോകണം. എനിക്ക് നിങ്ങളെ കാണുന്നത് തന്നെ വെറുപ്പാണ്. എന്റെ സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയ ബ്രിട്ടീഷ്

മേധാവികളായിരുന്നു ആ വീട്ടിലുള്ളത്. ഇപ്പോൾ ഞാൻ സ്വാതന്ത്ര്യം കിട്ടിയ ആകാശം മുട്ടേ പറക്കാൻ കഴിയുന്ന പക്ഷിയാണ്. " അയാൾ അവളെ രൂക്ഷമായി നോക്കിക്കൊണ്ട് കുഞ്ഞിനെ അവിടെ വച്ച് പോയി. കുറച്ചു മാസങ്ങൾക്കുശേഷം അവർ ബന്ധം വേർപിരിഞ്ഞു. ഉണ്ണി മറ്റൊരു വിവാഹം കഴിച്ചു. മാളു തന്റെ മകനുവേണ്ടി ജീവിച്ചു തുടങ്ങി. അവളുടെ സ്വപ്ന ങ്ങൾ ഓരോന്നോരോന്നായി പൂവിട്ടു. കുറച്ചു വർഷങ്ങൾക്കു ശേഷം മകൻ ജിത്തുവിന്റെ കോളേജിൽ നിന്നും കലാപരിപാടി യുടെ അതിഥിയായി അവന്റെ അമ്മ മാളുവിനെ വിളിച്ചു. "ബഹുമാനപ്പെട്ട ഡോക്ടർ മാളുവിനെ രണ്ടു വാക്ക് സംസാരി ക്കാനായി വേദിയിലേക്ക് ക്ഷണിക്കുന്നു." മാളു മെല്ലെ മെല്ലെ മൈക്കിന്റെ അടുത്തേക്ക് നീങ്ങി. " എന്റെ കുട്ടികളെ എന്റെ ജീവിതം നിങ്ങള് വിചാരിക്കുന്നത് പോലെ അത്ര സുഖകരം ഒന്നു മല്ലായിരുന്നു. ഇന്നു കാണുന്ന ഞാൻ അല്ലായിരുന്നു ഒരുപാട് വർഷങ്ങൾക്കു മുന്നേ. ഇവിടെ എന്റെ മുന്നിലിരിക്കുന്ന പെൺകുട്ടികളോടും ആൺകുട്ടികളോടും മാതാപിതാക്കളോടും എനിക്ക് ഒന്നേ പറയാനുള്ളൂ. മക്കളെ പഠിപ്പിക്കുക. എത്ര പഠിപ്പി ക്കാൻ സാധിക്കുമോ അത്രത്തോളം പഠിപ്പിക്കുക, പഠിക്കുക. പഠിച്ച് ഒരു ജോലി കിട്ടിയിട്ട് മാത്രം കല്യാണം കഴിക്കുക, സ്ത്രീധനം ചോദിക്കാതിരിക്കുക. കൊടുക്കാതിരിക്കുക. ചോദി ക്കുന്നവരെ വിവാഹം കഴിക്കാതിരിക്കുക. ഒക്കെ ജീവിതത്തിൽ പ്രായോഗികമാക്കിയാൽ നിങ്ങളുടെ ജീവിതം സുരക്ഷിതമാണ്. ഇതൊന്നും അന്ന് തോന്നാത്തതിനാലാണ് എന്റെ ജീവിതം അങ്ങനെ ഒരു കുടുക്കിൽ പെട്ടതും ഞാൻ കഷ്ടപ്പെട്ടതും. ജീവിതം ഒന്നല്ലേയുള്ളു അത് മറ്റുള്ളവർക്കുവേണ്ടി തന്റെ ഇഷ്ടങ്ങളെ കരഞ്ഞുകൊണ്ട് ജീവിക്കാതിരിക്കുക. എന്നു കരുതി മറ്റുള്ളവരുടെ ഇഷ്ടങ്ങളെ മാനിക്കരുത് എന്നല്ല. നല്ലത് മാത്രം ഗ്രഹിച്ചുകൊണ്ട് ചീത്തയെ പുറംതള്ളിക്കൊണ്ട് മറ്റു ള്ളവർക്ക് വേദനിക്കാത്ത വിധം പ്രവർത്തിക്കുക. ഇനി കൂടുത ലൊന്നും പറയുന്നില്ല. ഞാനെന്റെ വാക്കുകൾ ചുരുക്കുകയാണ്. താങ്ക് യൂ. " മാളു സംസാരിച്ചു കഴിഞ്ഞതും സ്റ്റേജിൽ കൈയ്യടി യുടെ ഉത്സവമായിരുന്നു. ഇതു തികച്ചും സൂചിപ്പിക്കുന്നത് നല്ല നാളെയ്ക്കു വേണ്ടിയുള്ള, മാറാൻ പോകുന്ന തലമുറയുടെ പ്രതീക്ഷ തന്നെയാണ്. നാളെയുടെ പ്രതീക്ഷ.......

**ഫസ്ന. എ. എ**
രണ്ടാം വർഷം
ബി. എ. ഇംഗ്ലീഷ്
നോബിൾ വുമൺസ് കോളേജ്
മഞ്ചേരി

# വേർപാടിന്റെ നൊമ്പരം

അള്ളാഹു അക്ബർ.....
പള്ളിയിൽ നിന്നും മുക്രിയുടെ ബാങ്ക് വിളി തുടങ്ങി.
“റബ്ബേ... ആയിഷു എന്തേ എന്നേ വിളിക്കാത്തത്? കുഞ്ഞിക്ക എന്ന ആ സ്വരം ഇന്ന് കേട്ടില്ലല്ലോ? “
അയാൾ ഞെട്ടിയുണർന്നു. എല്ലാം ഓർമയിൽ വന്നു. എന്റെ ആയിഷു ഇവിടെ ഇല്ലല്ലോ.. കഴിയൂല റബ്ബേ അവളില്ലാതെ നിൽക്കാൻ. ഞാൻ റെഡിയാവുമ്പോഴേക്കും ചായയുമായി പുഞ്ചിരിച്ചു മുന്നിൽ നിൽക്കുന്ന എന്റെ ആയിഷു... എന്നെ പള്ളിയിലേക്കു അയച്ചിട്ടേ അവൾ അകത്തേക്കു പോകൂ.... ഇന്ന് കുഞ്ഞിക്ക എന്ന് വിളിക്കാനും എന്നെ പറഞ്ഞയക്കാനും അവളില്ല.

മുക്രി കുഞ്ഞയമ്മു ‘കുഞ്ഞിക്കാതറേ.. എന്തേന് നേരം ബൈകി, കുട്ട്യോളൊക്കെ പോയോ?’ എന്ന് ചോദിച്ചപ്പോഴാണ് ആയിഷു മാത്രമാണ് കുഞ്ഞിക്ക എന്ന് വിളിക്കുന്നത്. അയാൾ ആ ഓർമയിൽ നിന്നും “ആ എല്ലാരും പോയി ഇപ്പൊ ഞാൻ ഒറ്റക്കാണ് “ എന്ന് പറഞ്ഞു കയ്യും കാലും കഴുകി പള്ളിയിൽ കയറി. മനസ്സ് എവിടെയും നിൽക്കുന്നില്ല. അവളുടെ ആ കുണുങ്ങി ചിരിയും കളിയുമാണ് മനസ്സ് നിറച്ച്.പള്ളീന്നു ഇറങ്ങി അപ്പുക്കുട്ടന്റെ ചായക്കടയിൽ കയറി ഒരു സുലൈമാനിയും കുടിച്ച് അവിടെ ഇരുന്നു.മനസ്സ് നിറയെ അവളായിരുന്നു. എന്റെ 2 മക്കളുടെ ഉമ്മ. ഒരു കുറവും വരുത്താതെ എന്നെയും മക്കളെയും നല്ലവണ്ണം നോക്കി. പകരം ഒരു സന്തോഷവും ഞാൻ അവൾക് കൊടുത്തില്ല. മനസിൽ അവളോടുള്ള സ്നേഹം പുറത്ത് കാണിച്ചില്ല.



“കുഞ്ഞിക്കാതറേ....” തേങ്ങക്കാരൻ അയമുട്ടി വിളിച്ചപ്പോഴാണ് ഓർമയിൽ നിന്നും ഉണർന്നത്. “ അന്റെ തേങ്ങ കൊടുക്കണുണ്ടോ " ആ ചോദ്യത്തിന് “ആ ഇന്നാ പോരേ “ എന്നും പറഞ്ഞരണ്ടാളും കൂടി നടന്നു... കോലായിലെ ചാരുകസേരയിൽ ഇരുന്ന് ഒന്ന് മയങ്ങിപ്പോയി....

“ കുഞ്ഞിക്കാ ഞാൻ പറഞ്ഞതല്ലേ.. ഇങ്ങൾ ഒറ്റക്കാകും ന്ന്

അപ്പോന്നെ കളിയാക്കി... ഇപ്പൊ ഇങ്ങനെ എത്ര ദിവസാ ങ്ങള് കെട്ക്കാ ... " ആയിഷു...എന്ന് വിളിച്ചു ഞെട്ടി എണീറ്റ് ചുറ്റും നോക്കി ആയിഷു ഇല്ല... കണ്ടത് ശെരിയാ... എപ്പളും ഇന്നോട് പറയും " കുഞ്ഞിക്കാ.. മക്കളൊന്നും ഇണ്ടാകൂല..ഇന്നേ തനിച്ചാക്കി ഇങ്ങൾ പോകരുത് " എന്ന് അതിപ്പോ അങ്ങനെ തന്നേ ആയി. ഓളല്ല ഒറ്റക്കായത് ഞാനാണ്. അലമാര തുറന്ന് ആ ഡയറി എടുത്തുനോക്കി. നെഞ്ച് പൊട്ടി പോയി. ആ ഡയറിയിൽ ആയിശൂനോട് പറയാനുള്ള കാര്യങ്ങളായിരുന്നു. സുഖല്യാത്ത ഞാനാവും ആദ്യം പോവാന്ന് കരുതി. ദൈവം അവിടേം പറ്റിച്ചു. ഡയറി മറിച്ചു. അയാളുടെ ഇമകൾ ആ വരികളിലൂടെ ഓടുകയാണ്...

"ന്റെ ആയിശൂ... ഞാൻ പോയാൽ നീ ഇത് വായിക്കണം. ഇന്ക് അന്നേ പെര്ത്ത് ഇഷ്ടയന്. ഇന്ക് അതൊന്നും അന്നോട് പറയാൻ കയൂലെയന്. ഞാൻ അന്നോട് ഒച്ചട്ട് ബർത്താനം പറയുമ്പോ അന്റെ ആ മോർ ഇച് ബല്യ ഇഷ്ടയന്. അത് കാണാനേയന് ഞാൻ അന്നേ ചൂടാക്കീനത്. അനക് ബെജ്ജാന്ന് കേൾക്കാൻ

ഇച് ഇഷ്ടല്യാ. അനക് ഒന്നും ഇല്ലാന്ന് കേൾക്കാനെയ്ന് ഇച്ച് ഇഷ്ടം. അതോണ്ടാണ് ഞാൻ ആ കാര്യം ഒന്നും അന്നോട് ചോയ്ക്കാത്തത്.ഞാൻ മരിച്ചാൽ നീ ഈ സത്യം അറിയണം. ആയിശൂന്റെ കുഞ്ഞിക്ക ജീവനിലേറെ സ്നേഹിച്ചത് അന്നെ യാണ്... അത് ഇജ്ജ് മനസിലാക്കണം എന്ന് കുഞ്ഞിക്ക "

വായിച്ചു തീർന്നപ്പോഴേക്കും കുഞ്ഞിക്കാന്റെ കണ്ണുകൾ ചാലിട്ടൊഴുകി. അയാൾ തേങ്ങുകയാണ്. ഇനി ഒരു ജീവിതമു ണ്ടെങ്കിൽ തുറന്ന് പറയാനും സ്നേഹം കാണിച്ചു നെഞ്ചോട് ചേർത്ത് പിടിച്ച് ഒരു ഭർത്താവിന്റെ കടമ മുഴുവനും നിറവേറ്റണം. ഒന്നിനും പറ്റാത്ത ഒരു ജന്മം ആണ് എന്റേതെന്ന് അയാൾ തിരിച്ചറിഞ്ഞു. നെഞ്ചിനൊരു നീറ്റൽ അനുഭവപ്പെട്ടു.. കണ്ണുകൾ അടയുന്നു... ചുണ്ടുകൾ പിടക്കുന്നു... ആയിഷു മുന്നിൽ വന്നു നിന്ന് കുഞ്ഞിക്കാ.. നമ്മുക്ക് ഇവിടെ ഒരുമിച്ച് ജീവിക്കണം.. നഷ്ടങ്ങൾ നികത്തണം എന്ന് ചെവിയിൽ ഓതുന്നു ...

അയമുട്ടി ഒച്ച ഇട്ട് വിളിക്കുന്നുണ്ട്. കുഞ്ഞിക്കാതർ അതൊന്നും കേൾക്കുന്നില്ല. ആയിശൂന്റെ ലോകത്തേക് കുഞ്ഞിക്കാദറും പോവുകയാണ്. അയമുട്ടി വന്നവരോടൊക്കെ പറഞ്ഞു.. "തിരക്കുള്ള മക്കൾ, ആശ്രയത്തിന് ആരുമില്ലാത്തവർക്ക് നല്ലത് ഇതന്നേ".....


എല്ലാം ഒരു ഓർമയായി........

**അദ്വൈത്. എ**
മൂന്നാം വർഷം
ബി. എ. ഇംഗ്ലീഷ് ലാംഗ്വേജ് ആൻഡ് ലിറ്ററേച്ചർ
ടി. കെ. മാധവ മെമ്മോറിയൽ കോളേജ്
നങ്ങിയർകുളങ്ങര, ആലപ്പുഴ

# ഉറക്കം കെടുത്തിയ എലിയും, യാത്രയും.

ഒന്ന് തല എത്തി നോക്കിയാൽ കാണാവുന്ന വ്യത്യാസമേ ഞാനും ബസ് സ്റ്റോപ്പും തമ്മിൽ ഉള്ളൂ എങ്കിലും, എന്റെ മുന്നിലൂടെ ആ ബസ് കടന്നുപോയാൽ ഉണ്ടാകുന്ന അഭിമാന ക്ഷതം ആണ് എന്റെ വേഗത്തിന് കാരണം. കൺപോളയിലെ കനത്തിനും, രണ്ടുനാളായുള്ള എന്റെ മുടങ്ങിയ ഉറക്കത്തിനും കാരണഭൂതൻ, ചൂണ്ടുവിരൽ വലിപ്പം മാത്രം ഉണ്ടെന്ന് ഞാൻ കരുതുന്ന ഒരു എലി ആണെന്നത് എന്നെ അസ്വസ്ഥനാക്കി. എന്തെല്ലാം കഷ്ടതയിലൂടെ ആണ് ഞാൻ ഈ ദിവസങ്ങളിൽ കടന്ന് പോയത്.എ സി യിൽ എലി കേറി, സംഭവം സിമ്പിൾ ആണ് എന്നാൽ ആ റൂമിൽ കഴിയുന്ന എനിക്ക് അതത്ര സിമ്പിൾ അല്ല. അത് തന്നെയാണ് എന്റെ ഉറക്ക ക്ഷീണത്തിന് ഹേതു. ആ ഉറക്കം ഇന്ന് എലി ഇല്ലാത്ത ബസിൽ തീർക്കും എന്ന് ഞാനും ഉറപ്പിച്ചു.

എന്റെ അവശത ഒഴിച്ച് മറ്റൊന്നിനും മാറ്റമില്ല. പതിവുപോലെ ജോലിക്കാരനും, പ്രാർത്ഥനക്കാരിയും ഹാജർ. എന്തിനും ഏതിനും ദൈവത്തെ പിടിക്കുന്ന, എല്ലാരേം രക്ഷിക്കുന്ന ദൈവത്തിന്റെ രക്ഷകരായ പല പ്രാർത്ഥനക്കാരെയും അപേക്ഷിച്ച് അപകടകാരി അല്ലാഞ്ഞിട്ട് കൂടി എനിക്ക് അവരോട് ഒരു വിരോധം തോന്നാൻ, മനുഷ്യരിൽ നിന്ന് ഗണേശവാഹനത്തെ രക്ഷിക്കാൻ അവതാരമെടുത്ത എന്റെ മുത്തശ്ശി തന്നെ കാരണം. അവരുടെ കടും പിടുത്തം ഒന്നുകൊണ്ടാണ് ആ എലി എന്നെ പുല്ല് തീറ്റിച്ചത്. ജോലിക്കാരൻ പതിവുപോലെ അക്ഷമനാണ്, വാച്ചിലേക്കുള്ള ആ നോട്ടം സമയം വൈകിയാൽ കേൾക്കുന്ന പഴി കാരണമാകാമല്ലോ. ആരും ആരെയും നോക്കാതെ തങ്ങളുടെ കാര്യം മാത്രം നോക്കുന്നു, ഞാൻ എന്റേതും. ആ ചുരുണ്ട മുടിക്കാരി ഇന്ന് എത്തിയിട്ടില്ല, എന്നാൽ ഞാൻ പണ്ട് പരാജിതനായ ഒരു ഇഷ്ക് പുച്ഛഭാവത്തിൽ എന്നെ നോക്കാതെ നോക്കി റോഡിന്റെ എതിർ വശത്ത് നിൽപ്പുണ്ട്.



അങ്ങനെ ബസ് എത്തി പെട്ടന്ന് കേറി സീറ്റ് പിടിച്ചു. സൈഡ് സീറ്റ് കിട്ടിയില്ല.അതുകൊണ്ടാണ് ഈ ലോകത്തെ ഒരു ബുദ്ധിമുട്ടും അറിയാതെ അമ്മയുടെ തോളിൽ കിടന്നുറങ്ങുന്ന ആ കൊച്ചു പെൺകുട്ടിയെ ഞാൻ കണ്ടത്. നാളെ അവൾ വലുതാകുമ്പോൾ ഈ അമ്മ അവളെ ഇത്ര ചേർത്ത് നിർത്തുമോ അതോ ആരോ എപ്പോഴോ ആർക്കോ വേണ്ടി എഴുതിയ ആ "സ്ത്രീപക്ഷ" നിയമങ്ങൾക്ക് അവളെ ബലികൊടുക്കുമോ.

ബസിന്റെ പോക്കിന് താളം പിടിക്കുന്ന പുതിയ റോഡിലെ മാറ്റമില്ലാത്ത പഴയ കുഴിയിൽ നിന്നുണ്ടായ ഒരു ചാട്ടത്തിൽ എന്തോ ഒന്ന് എന്റെ തലയിൽ ഇടിച്ചു. ദേഷ്യത്തോടെയാണ് തിരിഞ്ഞു നോക്കിയത്, എന്നാൽ കുറെ കാഴ്ചകൾ കണ്ട് മങ്ങിയ ആ കണ്ണും, കുറെ മഴയും വെയിലും കൊണ്ട് വരണ്ട ആ മുഖത്തെ ചുളിവുകളും എന്റെ ദേഷ്യം ഒരു സ്നേഹ പുഞ്ചിരിയാക്കി മാറ്റി. ഒരു സന്ദേഹപൂർണമായ പുഞ്ചിരി എനിക്ക് സമ്മാനിച്ചു.

താനറിയാത്ത തന്നെ അറിയാത്ത മാറ്റങ്ങൾ വന്ന പുതിയ നാടിനെ ജനാലയിലൂടെ നോക്കി കാണുന്ന ആ വൃദ്ധനെ ഒന്ന് പരിചയപെട്ടു. സൈഡ് സീറ്റ് എപ്പോ കിട്ടും എന്നറിയാൻ മാത്രം. എവിടെ പോകുന്നു എന്ന എന്റെ ചോദ്യത്തിന് അതിനപ്പുറം ഉള്ള ഉത്തരം കിട്ടി. മക്കളെല്ലാം വിദേശത്ത് നല്ല നിലയിൽ ഉള്ള , കൃഷിക്കാരനായ ആ അച്ഛൻ, ജീവിതം സമ്മാനിച്ച ചില വേദനകൾ മാറ്റാൻ ആശുപത്രിയിലേക്കാണ്. മക്കൾ എല്ലാ മാസവും, വേണേൽ എല്ലാ ദിവസവും പണം അയച്ചുതരും എന്ന അഭിമാനം ഉയർന്നു നിൽക്കുന്ന ആ സംസാരത്തിനിടയിലും ഒരു തുള്ളി കണ്ണീർ ആ കവിളിലൂടെ ഒഴുകി ഇറങ്ങി.

തൊട്ടടുത്ത സ്റ്റോപ്പിൽ തൊട്ടു മുൻപുള്ള വിൻഡോ സീറ്റ് സ്വന്തമാക്കി ഞാൻ മുൻപോട്ട് പോയി . തിരിഞ്ഞു നോക്കിയപ്പോ വീണ്ടും അയാൾ ഒറ്റക്കായി. ആ വേദനകളുമായി ഞാൻ ഇയർ ഫോണിൽ അഭയം പ്രാപിച്ചു.അടുത്ത് ഇരിക്കുന്ന ചേട്ടൻ എന്റെ പാട്ട് കേൾക്കുന്നോ എന്ന സംശയം എന്നെ രണ്ടു തവണ ഇയർ ഫോൺ ഊരാൻ നിർബന്ധിതനാക്കി. ആ ചേട്ടൻ പിറകിലേക്ക് നോക്കി ശങ്കിച്ച് നിന്നപ്പോഴാണ് ഞാനത് ശ്രദ്ധിച്ചത്. കണ്ടക്ടറിനോട് തർക്കിക്കുന്ന കോളേജ് പയ്യൻ. പയ്യൻ കൈ കാട്ടിയ സ്ഥലത്ത് ഡ്രൈവർ ചവിട്ടാത്തതാണ് കാരണം. തിരിച്ചെന്തെക്കെയോ പറയണം എന്നാൽ അതിനു കഴിയാതെ നിന്ന കണ്ടക്ടറിന് അവസാന താക്കീത് നൽകി രണ്ട് പെൺകുട്ടികളോടൊപ്പം ആ ഹീറോ എന്റെ വലതു വശത്ത് വന്ന് നിന്നു. പിന്നീടാങ്ങോട്ട് അവന്റെ വീരകഥകൾ ആയിരുന്നു ആ പെൺകുട്ടികളോടൊപ്പോം ഞാനും ചെവിയോർത്തു. അതിൽ അവന്റെ അടിയേറ്റ് പോയ തന്റെ പല്ല് ബസിൽ തിരയുന്ന കണ്ട ക്ടറും, തന്റെ സീറ്റിൽ നിന്ന് പറന്ന് പോകുന്ന ഡ്രൈവറും

ഉണ്ടായിരുന്നു. എന്നാൽ ആ കുട്ടികളെ പോലെ ഉത്സാഹി അല്ലാത്ത ഞാൻ അതിൽ നിന്ന് വിട്ടുപോന്നു. ഇടതുകൈയ്യിലെ ചെറുവിരലിൽ സ്ഥാനമുറപ്പിക്കുന്ന എന്റെ ഫോണിൽ ഞാൻ അനായാസം തോണ്ടി കളിച്ചു. ഫേസ്ബുക്കിൽ ആദ്യം കണ്ട പോസ്റ്റ് പ്രമുഖ രാഷ്ട്രീയ നേതാവിന്റേതായിരുന്നു.ഈ കാലത്ത് ആരും വായിക്കാത്ത പ്രബന്ധ സമാനമായ എഴുത്ത് വായിക്കാൻ മെനക്കെടാതെ ഞാൻ അനുബന്ധ ചിത്രത്തിലേക്ക് നോക്കി. KSRTC ജീവനക്കാരുടെ മുടങ്ങുന്ന ശമ്പളവും മറ്റുമാണ് വിഷയം. ഒന്നും തിരിച്ച് പറയാൻ പറ്റാതെ, എല്ലാ പഴിയും കേട്ട് ഡ്യൂട്ടി ചെയ്യുന്ന ആ കണ്ടക്ടറിനെ ഞാൻ ഒന്നു കൂടി നോക്കി. പാവം! പയ്യൻ ഇപ്പോഴും അവന്റെ വീരഗാഥകളിൽ തന്നെ.

ജനാലയിലൂടെ എനിക്ക് ഇറങ്ങാനുള്ള സ്റ്റോപ്പിലെ നീളൻ കെട്ടിടം കണ്ടപ്പോഴേ ഞാൻ എഴുന്നേറ്റു. ആരെയും ശല്യം ചെയ്യാതെ ഇറങ്ങാൻ ശ്രമിച്ചപ്പോഴാണ് ആ സ്ത്രീ എന്റെ കണ്ണിൽപെട്ടത്. സുന്ദരിയായ അവരുടെ മുഖത്ത് എന്തോ ഒന്ന് പറയാൻ ശ്രമിക്കുന്ന അതിന് കഴിയാത്ത ഒരു വിഷമം ഞാൻ ശ്രദ്ധിച്ചു.തൊട്ടു പിറകിൽ നിൽക്കുന്ന മാന്യ ശരീരം ഇല്ലാത്ത തിരക്ക് നടിച്ചു അവരോടു ചേർന്ന് നിൽക്കുന്നത് തന്നെ കാരണം. ആ മാന്യന്റെ മുഖത്ത് ഞാൻ ഒരു ആനന്ദം കണ്ടു. ആസന്തോഷം എന്നെയും അതിലേക് അടുപ്പിച്ചു. എന്റെ അമ്മ വാങ്ങി തന്ന പുതിയ ഷൂ ഇട്ട് ഞാൻ അതിലേക്ക് അടുത്തു. അറിയാത്ത പോലെ നിന്ന ആ ചേട്ടന്റെ കാലിൽ അറിയാതെ ഒരു ചവിട്ട്. അദ്ദേഹത്തിന്റെ മുഖത്തെ ആ ഭാവം ഞാനും ആസ്വദിച്ചു, ആ ചേച്ചിയും.

ബസ് ഇറങ്ങി നടക്കാൻ തുടങ്ങിയപ്പോഴാണ്, മുടങ്ങി പോയ ഇന്നലത്തെ ഉറക്കം ബസിൽ തീർക്കാനുള്ളപദ്ധതി പാളിയ കാര്യം മനസിലായത്. ഒരു ചെറു എലി മുടക്കിയ എന്റെ ഉറക്കം അല്ല ഈ ലോകത്തെ ഏറ്റവും വലുത് എന്ന സത്യം ഈ യാത്രയിൽ മനസിലാക്കിയ ഞാൻ അപ്പോഴും ആ എലിയെ പറ്റി ഓർത്തുകൊണ്ടേയിരുന്നു. കണ്ടതും കേട്ടതും ഒന്നും പഠിക്കാത്ത ഞാൻ, അനുഭവിച്ചാലേ പഠിക്കൂ എന്ന സാധാരണ വാശിയുമായി മുന്നോട്ടു നടന്നു. സാധരണ പോലെ.

**മുഹമ്മദ് ഷമീം. കെ**
ബാച്ച്- 17
അൽ ശിഫ കോളേജ് ഓഫ് നഴ്സിംഗ്
പെരിന്തൽമണ്ണ

# പ്രഹസനം

മാധവ് അമ്മയോട് ഉത്സവത്തിന് പോകാൻ 10 രൂപ അച്ഛന്റെ കയ്യിൽ നിന്ന് വാങ്ങിതരണം എന്ന് പറഞ്ഞ ശേഷം വീടിന്റെ വരാന്തയിൽ വന്നിരുന്നു, അച്ഛൻ കുളിമുറിയിൽ നിന്ന് വരുന്നത് കണ്ട അവന്റെ അമ്മ ചോദിച്ചു, ഏട്ടാ മാധവിനു ഒരു പത്തു രൂപ വേണം ഇന്ന് രാത്രി ഉത്സവത്തിന് പോവാൻ ആണ്...അത് നീ എന്റെ പോക്കറ്റിൽ നിന്ന് എടുത്തോ എന്ന് കുമാരൻ പറഞ്ഞു, ശേഷം അദ്ദേഹം ചോദിച്ചു, നളിനി.... അവൻ എങ്ങനെയാ പോവുന്നത്? ഉത്സവം അല്ലെ നല്ല ആളുകൾ ഉണ്ടാവും, ഓട്ടോ വിളിക്കാൻ ഒരുപാട് പേര് വരും, അത് കൊണ്ട് എനിക്ക് പറ്റില്ല. നീയാണേൽ എങ്ങനെ പോവാനാണ് ഈ അവസ്ഥയിൽ... എനിക്ക് മോനെ കൊണ്ട് ഉത്സവം കാണിക്കണം എന്നും ഉണ്ട്, നിന്റെ ഈ നിറവയർ കണ്ടിട്ട് പോവാനും പ്രയാസമാണ്. പക്ഷെ, പോവാതെ നിവർത്തി ഇല്ലല്ലോ...അത് സാരമില്ല ഏട്ടാ ലക്ഷ്മി ചേച്ചി കുഞ്ഞിനേയും കൊണ്ട് പോവുന്നില്ല, അത് കൊണ്ട് ഞാൻ അവിടെ പോയി ഇരുന്നോളാം. പിന്നെ അവനു കൂട്ട് വാസുവിന്റെ മോൻ എല്ലാം ഉണ്ട്...ഞാൻ ഇത് അവനു കൊടുത്തു വരാം, ഏട്ടൻ വസ്ത്രം മാറ്റിക്കോളൂ എന്ന് പറഞ്ഞു നളിനി മാധവിന്റെ അടുത്തേക്ക് പോയി...

മോനെ, ഇതാ 10 രൂപ…അവൻ ആഹ്ലാദത്തോടെ അത് വാങ്ങി കൊണ്ട് ഞാൻ വരുമ്പോൾ അമ്മക്ക് കണ്മഷികൊണ്ട് വരാം എന്ന് പറഞ്ഞു, നീ നേരത്തെ വരണം, അമ്മ തനിച്ചു അല്ലെ…. ആ അമ്മേ എന്ന് പറഞ്ഞു അവൻ മുറ്റത്തേക്ക് ചാടിയ ശേഷം ഉത്സവ പറമ്പിലേക്ക് ഓടി.

അവിടെ എത്തി അവനും, കാശിയും അവിടം എല്ലാം ചുറ്റി കണ്ടു, കുറച്ചു കഴിഞ്ഞു കാശി അവന്റെ അച്ഛനോടൊപ്പം പോയി. മാധവ് അമ്മക്ക് 5 രൂപയുടെ ഒരു കണ്മഷി വാങ്ങി, ബാക്കി 5 രൂപക്ക് അവൻ കപ്പലണ്ടി വാങ്ങി ആളില്ലാത്ത സ്ഥലത്ത് ഒഴിഞ്ഞിട്ടിരുന്ന ഒരു ഓട്ടോയിൽ കയറി ഇരുന്നു. ഇനി ഞാൻ ഈ തിരക്കിലേക്ക് പോവുന്നില്ല എന്നും നാടകം തുടങ്ങിയിട്ടേ ഞാൻ ഇനി ഇറങ്ങു എന്ന് മനസ്സിൽ കരുതി



അവിടെ ഇരുന്നു..കുറച്ചു കഴിഞ്ഞു അവന്റെ അടുത്തേക്ക് അവന്റെ നാട്ടിലെ തന്നെ 2 ചേട്ടന്മാർ വന്നു.. അതിൽ ഒരാളുടെ ആയിരുന്നു ആ ഓട്ടോ. അവൻ അവരെ കണ്ടപ്പോൾ ഇറങ്ങാൻ തുടങ്ങി എന്നാൽ നീ അവിടെ ഇരുന്നോ മാധവ് എന്ന് പറഞ്ഞു. അവനോട് ഒരുപാട് കുശലം ചോദിച്ചു,കുറച്ചു കഴിഞ്ഞപ്പോൾ 2 പേര് കൂടി വന്നു, അവനു ഇരിക്കാൻ സ്ഥലം ഇല്ലാതായപ്പോൾ, അതിലൊരാൾ അവനെ മടിയിൽ ഇരുത്തി.കുറച്ചു കഴിഞ്ഞു അതിലൊരാൾ ഇറങ്ങി രണ്ട് വശത്തെയും കർട്ടൻ ഇടാൻ തുടങ്ങി. എന്തിനാണെന്ന്മാധവ് ചോദിച്ചപ്പോൾ അവനു ശരിയായ ഒരു ഉത്തരം ലഭിച്ചില്ല...എനിക്ക് ഇരുട്ട് പേടി ആവുന്നുണ്ടെന്നും, ഇറങ്ങണം എന്നൊക്കെ അവൻ പറഞ്ഞു കൊണ്ടിരുന്നു.. ഒരാൾ അവന്റെ വായ പൊത്തി. ശേഷം വണ്ടി ഓടാൻ തുടങ്ങി.ഒടുവിൽ ഒരു ഒഴിഞ്ഞ പറമ്പിൽ ആ ഓട്ടോ നിർത്തി.ഒരാൾ ഒഴികെ ബാക്കി എല്ലാവരും വണ്ടിയിൽ നിന്നു ഇറങ്ങി, എന്നിട്ട് അവനെ ബലം പ്രയോഗിച്ചു അവന്റെ കാമത്തിന് ഇരയാക്കി.. ശേഷം മറ്റുള്ളവരും അവനെ ഉപയോഗിച്ചു. ലൈംഗിഗത എന്തെന്ന് അറിയുന്നതിന് മുമ്പ് തന്നെ ആ 12വയസ്സുകാരൻ അവർക്ക് ഇരയായി.. ഇതെ സമയത്ത് അവന്റെ അമ്മ പ്രസവ വേദനയാൽ ആശുപത്രിയിൽ ആയിരുന്നു.... അവന്റെ അച്ഛൻ ആണേൽ കുഞ്ഞനിയനെ കാണിക്കാൻ ഉത്സവ പറമ്പിൽ മാധവിനെ തിരയുകയും ചെയ്യുന്നു....

അവന്റെ കണ്ണിൽ നിന്ന് കണ്ണുനീർ വരുന്നുണ്ടായിരുന്നു.. അവൻ ഇടറി കൊണ്ട് അവളോട് പറയാൻ തുടങ്ങി, അന്ന് ആ സംഭവത്തിന് ശേഷം ഞാൻ അവരോട് ആദ്യമായി കളവു പറഞ്ഞു.. ഈ 10 വർഷം ഞാൻ എന്റെ വേദന ഉള്ളിൽ ഒതുക്കി. നിനക്ക് അറിയോ, എനിക്ക് സ്കൂളിൽ അത് വരെ ആൺ കുട്ടികളായി ഒരുപാട് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. എന്നാൽ പിന്നീട് എന്നേക്കാൾ പ്രായം കൂടിയ ഒരാളുമായി എനിക്ക് ഹൃദയമിടിപ്പ് കൂടാതെ സംസാരിക്കാൻ കഴിഞ്ഞിരുന്നില്ല. കാരണം എനിക്ക് പുരുഷൻമാരെ പേടി ആയിരുന്നു. എന്നാൽ ആ പേടി സമപ്രായക്കാരോടും തോന്നുന്ന അനുഭവങ്ങളും എനിക്കുണ്ടായി.. എനിക്ക് അന്ന് ഇത് പറയാൻ പേടി ആയിരുന്നു...ആരോട് തുറന്ന് പറയും, എന്റെ അച്ഛനമ്മമാർ തള്ളി പറയുമോ എന്ന ഭയം ഒക്കെ ഉണ്ടായിരുന്നു. അതെല്ലാം ആണ് എന്റെ സ്വഭാവം ഇങ്ങനെ മാറ്റിയത്.

പിന്നീട് തനിച്ചു നടക്കാനും ഞാൻ പഠിച്ചു. എനിക്ക് തുറന്ന് പറയാൻ എന്റെ മനസ്സ് മാത്രമായി... ആ പേടി പിന്നീട് ഒരാളോട് പെരുമാറാൻ എനിക്ക് കഴിയാത്ത രീതിയാക്കി. എനിക്ക് വിക്ക് കൂടാൻ തുടങ്ങി.. ജന്മനാ ഞാനും ആഗ്രഹിച്ചിരുന്നില്ല ഇങ്ങനെ ആവണം എന്ന്. എന്നാൽ എനിക്കുണ്ടായ സാഹചര്യം ആണ് എല്ലാം.. എന്നെ പോലെ ഒരുപാട് പേര് ഉണ്ടാവാം, എന്നാൽ

പലരും ജീവിതത്തിൽ അഭിനയിക്കുന്നു. എല്ലാവർക്കും ഒരു ധാരണ ഉണ്ട്,, പുരുഷൻ കരയാതെ മനസ്സിൽ വിങ്ങൽ ഒതുക്കി ജീവിക്കുന്ന ഒരു യന്ത്രം മാത്രം ആണെന്ന്. എന്നാൽ ഞങ്ങളും പച്ചയായ മനുഷ്യരാണ്.. വികാരങ്ങൾ പ്രകടിപ്പിക്കാൻ അവകാശവും ഉണ്ട്.. എന്നാൽ മറ്റുള്ളവർ പണ്ട് മുതലേ ഉണ്ടാക്കിയ രൂപം അവർ അതിൽ തോറ്റു പോവുന്നു.എല്ലാം ഒതുക്കി ജീവിക്കുന്നു, “എല്ലാം ഒരു പ്രഹസനം “ മാത്രമാണ്... അഭിനയിച്ചു കാണിക്കുന്ന ജീവിതങ്ങൾ.പക്ഷെ എനിക്ക് ചിരിക്കാൻ തോന്നിയാൽ ചിരിക്കും, കരയാൻ തോന്നിയാൽ കരയും...മറ്റുള്ളവരുടെ മുന്നിൽ പ്രഹസനം കാണിച്ചു ജീവിക്കാൻ അറിയില്ല. അത് എന്നെ പോലുള്ളവരെ ലോലൻ എന്നും, നട്ടെല്ലില്ലാത്തവൻ എന്നൊക്കെ പേര് നേടി തന്നു..

പക്ഷെ എല്ലാം മറന്നു ഞാൻ ജീവിക്കാൻ തുടങ്ങിയത് മൂലം എനിക്ക് ഒരുപാട് വിജയങ്ങളും ഉണ്ടായി. എന്നാൽ എന്റെ ഈ അവസ്ഥ നീ അറിയണം എന്ന് തോന്നി. ഇത് മൂലം നിനക്ക് എന്നോടുള്ള ഇഷ്ട്ടം കുറഞ്ഞോ എന്ന് എനിക്ക് അറിയില്ല. അവൾ പറയാൻ തുടങ്ങിയപ്പോൾ അവൻ തടഞ്ഞു കൊണ്ട് പറഞ്ഞു, ഇപ്പോൾ ഒന്നും പറയേണ്ട.. നാളെ എന്റെ ജീവിതത്തിലെ ഒരു വലിയ ദിവസമാണ്... നിനക്ക് അത് അറിയാമല്ലോ, നിനക്ക് എന്നോട് തോന്നിയ ഇഷ്ട്ടം പോവാതെ എല്ലാം അറിഞ്ഞു ജീവിക്കാൻ സമ്മതം ആണെങ്കിൽ നാളെ അവിടെ ഉണ്ടാവണം.. അതിനു ശേഷം അല്ലെ ഒള്ളൂ നീ ചോദിച്ചതിനുള്ള ഉത്തരം ശരിയായി തരാൻ കഴിയൂ...എന്ന് പറഞ്ഞു അവൻ ക്ലാസ്സിൽ നിന്നു ഇറങ്ങി........

ഇന്ന് അവന്റെ പഠനം പൂർത്തിയായി ബിരുദം നേടി സർട്ടിഫിക്കറ്റ് വാങ്ങുന്ന ദിവസം ആണ്...ബിരുദം നേടുന്ന കുട്ടികൾ ഹാളിലെ മുൻവശത്തെ സീറ്റിൽ ആണ്.മക്കളുടെ വിജയം കാണാൻ എത്തിയ രക്ഷിതാക്കളും വന്നിട്ട് ഉണ്ട് അവൻ പുറകോട്ട് ഇടയ്ക്കിടെ അവളെ നോക്കുന്നുണ്ടായിരുന്നു... എന്നാൽ അവൻ അവളെ കണ്ടില്ല...എല്ലാ പരുപാടി കഴിഞ്ഞു പുറത്ത് ഇറങ്ങി അവനെ കാത്ത് അവന്റെ മാതാപിതാക്കൾ കാത്തിരിപ്പു ഉണ്ടായിരുന്നു.... എന്നാൽ അവൻ അവിടെ മുഴുവൻ അവളെ നോക്കുക ആയിരുന്നു. എന്നാൽ അവനെ ഇഷ്ടമാണന്നും, പക്ഷെ സ്വഭാവം ഒന്നുകൂടി ബോൾഡ് ആക്കി നടക്കാൻ പറ്റുമോ എന്ന് ചോദിച്ച അവൾക്കു മറുപടി കൊടുക്കാൻ അവൾ വന്നിട്ടില്ലായിരുന്നു..... അവൻ മനസ്സിലുറച്ചു,, ഇല്ല...തയ്യാറല്ല..ഞാൻ ഇനിയും എന്റെ മനസ്സിനെ മാനിച്ചു ജീവിക്കും, പ്രഹസനം നടത്തി ജീവിക്കാൻ ഒരുക്കം അല്ല...മറ്റുള്ളവർക്ക് പ്രയാസം ഇല്ലാത്ത ഒരു കാര്യത്തിന് ഞാൻ എന്തിനു എന്റെ സന്തോഷം കളയണം എന്നവനുറച്ചു.. അവൻ അമ്മയുടെയും അച്ഛന്റെയും അടുത്തു എത്തി.. മകനു ജോലി കിട്ടി ദാരിദ്ര്യം തീർക്കാം എന്ന സന്തോഷം മാത്രം അല്ലായിരുന്നു

ഏറ്റവും മികച്ച വിദ്യാർത്ഥി അവനാണെന്ന് അറിഞ്ഞ അഭിമാനവും അവരുടെ മുഖത്ത് ഉണ്ടായിരുന്നു....മോനെ,,,, ബൈക്കും ചെത്തി നടക്കലും അല്ല ആദ്യം വേണ്ടത് എന്നും... ആദ്യം സ്വന്തം കാലിൽ നിൽക്കാൻ ആണ് പ്രാപ്തർ ആവേണ്ടത് എന്ന് നീ തെളിയിച്ചു എന്ന് മാധവിന്റെ അച്ഛൻ പറഞ്ഞു.... അതെ കോളേജ് വിട്ട് ഒരുപാട് നടന്നും ബസ് കാത്തു നിന്നും... സ്കോളോർഷിപ് വാങ്ങിയും ഒഴിവു ദിവസങ്ങളിൽ പണിക്ക് പോയും നീ നേടിയത് ചെറുത് അല്ല എന്ന് പറഞ്ഞു അവന്റെ അമ്മ അവനെ കെട്ടിപിടിച്ചു..... അവന്റെ കണ്ണും സന്തോഷ ത്താൽ നിറഞ്ഞിരുന്നു.. എന്നാൽ പെട്ടന്ന് അവൻ ചോദിച്ചു,,, അല്ല അമ്മേ കുട്ടൻ എവിടെ? അവൻ അമ്മമ്മയുടെ അടുത്തേക്ക് പോയി അവിടുത്തെ അമ്പലത്തിൽ ഉത്സവമാണ് ഇന്നും നാളെയും.അവിടെ അവനെ കൊണ്ട് പോവാൻ നമ്മുടെ ശങ്കരൻ ചേട്ടന്റെ മകൻ ഉണ്ട് അത് കേട്ടപ്പോൾ അവന്റെ മനസ്സിലേക്ക് പഴയ ഓർമ്മകൾ ഓടി വന്നു. അവന്റെ പ്രായത്തിൽ അവൻ നേരിട്ടത് പോലെ എന്ന് വേണമെങ്കിലും സ്വന്തം അനിയനും നേരിടാം, എന്നാൽ ഇന്ന് അതിനു സാഹചര്യം ഉണ്ടാവരുതെന്ന് മനസ്സിൽ ഉറച്ചു, അവനെ കാണണം എന്ന് പറഞ്ഞു അമ്മയുടെയും അച്ഛന്റെയും കൂടെ നേരിട്ട് അങ്ങോട്ട് പോയി. അവിടെ എത്തിയപ്പോൾ 7 മണി ആയിരുന്നു. വീട്ടിൽ നിന്ന് ശങ്കരേട്ടന്റെ മകന്റെ കൂടെ ഇറങ്ങിയിട്ട് അരമണിക്കൂറോളം ആയി എന്ന് അമ്മമ്മ പറഞ്ഞു അറിഞ്ഞ അവൻ ഉത്സവ പറമ്പിലേക്ക് ഓടി... അവിടെ എത്തി അവരെ തിരയുന്ന തിനിടയിൽ അനിലിനെ കണ്ടു, അവനോട് കുട്ടൻ എവിടെ എന്ന് ചോദിച്ചപ്പോൾ അവൻ ഒരു ഐസ് വാങ്ങേട്ടെ എന്ന് പറഞ്ഞു അങ്ങോട്ട് പോയത് ആ...അവൻ അങ്ങോട്ട് പോയി നോക്കി... എന്നാൽ അവിടെ കണ്ടില്ല...അവർ രണ്ട് പേരും പിന്നെയും ഒരുപാട് സ്ഥലത്ത് നോക്കി പക്ഷെ കണ്ടില്ല....ഒടുവിൽ ഒരു കടയുടെ മുന്നിൽ അവനെ കണ്ടു. ശേഷം മാധവ് ഓടി അടുത്ത് എത്തി...നീ എങ്ങോട്ടാ അനിലേട്ടന്റെ അടുത്ത് നിന്നു പോയത് എന്നു ചോദിച്ചപ്പോൾ മുത്തശ്ശിക്ക് അനിലേട്ടൻ കാണാതെ ജിലേബി വാങ്ങിക്കാൻ പറഞ്ഞിരുന്നു ഞാൻ അതിനു വേണ്ടി ആണെന്ന് പറഞ്ഞു...മാധവ് സ്നേഹത്തോടെ അവനെ മാറോടു ചേർത്ത് പിടിച്ചു...

**ശ്രീലക്ഷ്മി ഗംഗാധരൻ**
മൂന്നാം വർഷം
ബി. എസ്. സി. സൈക്കോളജി
ഗവമണ്മെന്റ് ആർട്സ് ആൻഡ്
സയൻസ് കോളേജ്, മങ്കട

# കോലുട്ടായി

പാവക്കുട്ടിയും വളയും വാങ്ങി തരാന്ന് പറഞ്ഞിട്ടും മാളൂട്ടി അന്ന് അമ്മേടെ കൂടെ പോയില്ല... അടുത്ത വീട്ടിലെ കണ്ണേട്ടന്റെ കൂടെ ഇരുന്നോളാം ന്ന് പറഞ്ഞു. മാളൂട്ടിയ്ക്ക് ഏറ്റവും പ്രിയപ്പെട്ട ഒരാളായിരുന്നു കണ്ണേട്ടൻ. സ്വന്തം ഏട്ടനെപ്പോലെ... മാങ്ങ പൊട്ടിച്ച് തരാനും കുഞ്ഞിക്കാടെ കടേന്ന് കോലുട്ടായി വാങ്ങി തരാനും...ചെറുവിരലിൽ തൂങ്ങി നടക്കാനും ഒക്കെ കണ്ണേട്ടൻ ആണ് ഓൾടെ കൂട്ട്.... വാത്സല്യപൂർവ്വം കണ്ണേട്ടൻ അപ്പോഴൊക്കെ ഓൾടെ നെറ്റിയിൽ ഒരു മുത്തം കൊടുക്കും.
എന്നാൽ അന്ന്.....
കണ്ണേട്ടന്റെ അടുത്തേയ്ക്ക് കോലുട്ടായി വായിൽ ഇട്ടു കൊണ്ട് ഓടിച്ചെന്നു മാളൂട്ടി. തന്നെ കോരിയെടുത്ത് നെറ്റിയിൽ മുത്തം നൽകിയപ്പോൾ കള്ള് നാറിയിരുന്നു. പിച്ചി ചീന്തപ്പെട്ട കുഞ്ഞിതളിന്റെ തേങ്ങലിനു മീതെയായി മഴ ആർത്തിരമ്പി...
തെറിച്ചു വീണ കോലുട്ടായിയിൽ ഉറുമ്പരിച്ചു .



**ജദീറ. പി. ടി**
രണ്ടാം വർഷം
ബി. എ. ഇംഗ്ലീഷ് ലാംഗ്വേജ്
ആൻഡ് ലിറ്ററേച്ചർ
എം. ഇ. എസ്. കോളേജ്, പൊന്നാനി

# പിൻവിളി

പതിവില്ലാതെ വല്ല്യുമ്മ അന്ന് വളരെ ക്ഷീണിതയായി കാണപ്പെട്ടു. വിഷാദം കലർന്ന മൗനം ആ മുഖത്ത്
പ്രകടമായിരുന്നു.
"വല്ല്യുമ്മാ"...
"ഇതാരാ മുനീറോ.. അനക്ക് ഇന്ന് പഠിപ്പ് ഇല്ലേ"...
"ഇല്ല്യ അതുകൊണ്ട് ഞാൻ ഇങ്ങളെ കാണാൻ വേണ്ടി വന്നതാ”
"ആ അത് നന്നായി...അന്റെ ഉമ്മാക്ക് സുഖല്ലേ. കുറേ ആയി ഓളെ കണ്ടിട്ട്. ഓൾടെ ഉമ്മല്ലേ ഞാന് വയസ്സായ
ആൾക്കാരല്ലേ..
ഇടക്ക് ഇന്നെ ഒന്ന് കാണാൻ വന്നൂടെ..
പതിഞ്ഞ സ്വരത്തിൽ ചെറിയ പരാതി എന്നോണം വല്ല്യുമ്മ മുനീറിനോട് പറഞ്ഞു. "ഉമ്മ നാളെ ഇങ്ങളെ കാണാൻ വരണംന്ന് പറഞ്ഞീർന്ന്... അതിന് മറുപടിയായി അവർ ഒന്ന് പുഞ്ചിരിച്ചു.
വൈകുന്നേരം ആയപ്പോൾ വല്ല്യുമ്മയോട് യാത്ര പറയുവാനായി മുനീർ അവരുടെ മുറിയിലെത്തി. അവിടെ അങ്ങിങ്ങായി ഇരുട്ട് പരക്കാൻ തുടങ്ങിയിരുന്നു. മുറിയുടെ ഒരു മൂലയിലായി അവർ എന്തോ ചിന്തിച്ചിരിക്കുകയായിരുന്നു. മുറിയിലെ ലൈറ്റും ഫാനും ഓണാക്കിക്കൊണ്ട് മുനീർ പറഞ്ഞു...."ഇങ്ങളെന്തിനാ വല്ല്യുമ്മ ഈ ഇരുട്ടത്ത് ഇങ്ങനെ ഒറ്റക്ക് ഇരിക്ക്”.
"അതൊന്നുല്യ കുട്ടേ ഞാൻ വെറുതെ ഇങ്ങനെ ഇരുന്നെതാ".
“ഇങ്ങൾക്ക് തീരെ സുഖല്ല്യേ. ഒരു ക്ഷീണം പോല "ഇന്ക്ക് ഒരു സുഖക്കേടും ഇല്ലടാ... ഇനി ഇണ്ടാവൂല്ല്യ.
ആ സ്വരം അപ്പോൾ ഇടറാൻ തുടങ്ങിയിരുന്നു. മുനീർ വല്ല്യുമ്മയുടെ മടിയിൽ അൽപനേരം തല വെച്ചു കിടന്നു.
വാർധക്യം ചുളിവ് പതിപ്പിച്ച വിരലുകളാൽ അവർ അവൻറെ തല തടവിക്കൊണ്ടിരുന്നു. ശേഷം മുനീർ അവരോട് യാത്ര പറഞ്ഞിറങ്ങി.



"എന്താടാ വല്ല്യുമ്മാടെ വിശേഷം സുഖല്ലേ.. ഞാൻ നാളെ വരുംന്ന് പറഞ്ഞിലെ ഇയ്യ്".
വീട്ടിലേക്ക് കയറിവന്ന മുനീറിനോട് ആയിശ ചോദിച്ചു.

"വല്ല്യുമ്മാക്ക് കൊഴപ്പൊന്നുമ്മാ... ഇങ്ങള് വരുംന്ന് ഞാന് പറഞ്ഞിക്ക്".
സമയം ഏകദേശം രാത്രി എട്ടര ആയപ്പോൾ മുനീറിന്റെ ഫോൺ റിംഗ് ചെയ്യാൻ തുടങ്ങി. അവൻ കോൾ അറ്റന്റ് ചെയ്തു. പൊടുന്നനെ അവൻറെ മുഖത്ത് ഒരു ഭയം നിഴലിച്ചു.
"വല്ല്യുമ്മാക്കോ". പതറിയ സ്വരത്തിൽ അവൻ ചോദിച്ചു. ഉടനെ അവന്റെ കയ്യിൽ നിന്നും ഫോൺ വാങ്ങിക്കൊണ്ട് ആയിശ ചോദിച്ചു.
"വല്ല്യക്കാ ഉമ്മാക്കെന്താ പറ്റിയെ
"ഉമ്മാക്ക് തീരെ വയ്യ... ഞങ്ങൾ ഹോസ്പിറ്റലിൽ ആണ്..ഇയ്യ് വേഗം ഇങ്ങട്ട് പോരെ"..
അതിന് മറുപടി പറയാതെ കരഞ്ഞുകൊണ്ട് ആയിശ ഫോൺ കട്ട് ചെയ്തു. ഹോസ്പിറ്റലിൽ എത്തിയപ്പോൾ ആയിശയെ കണ്ട ഉടനെ കെട്ടിപിടിച്ചു വിതുമ്പിക്കൊണ്ട് മജീദ് പറഞ്ഞു. "നമ്മുടെ ഉമ്മ പോയെടി. ആയിശ പൊട്ടിക്കരഞ്ഞുകൊണ്ട് അയാളുടെ നെഞ്ചിലേക്ക് വീണു. കേട്ട സത്യം ഉൾകൊള്ളാൻ കഴിയാത്ത ഞെട്ടലിൽ മുനീർ ഒരു നിമിഷം സ്തംഭിച്ചു നിന്നു. അവൻ വാവിട്ട് കരയാൻ തുടങ്ങി. വല്ല്യുമ്മയുടെ ചേതനയറ്റ ശോഷിച്ച മൃതശരീരവുമായി ആംബുലൻസ് വീട്ടുമുറ്റത്തെത്തി.
മരണാനന്തര ചടങ്ങുകൾക്ക് ശേഷം മറവ് ചെയ്യുന്നതിനു വേണ്ടി മയ്യിത്ത് വഹിച്ചുകൊണ്ട് കുടുംബാംഗങ്ങൾ അടക്കമുള്ള ആളുകൾ ഖബർസ്ഥാൻ ലക്ഷ്യമാക്കി നടന്നു. മയ്യിത്തു കട്ടി ലിന്റെ കാലുകളിലൊന്ന് തോളിൽ വഹിച്ചുകൊണ്ട് കരഞ്ഞു കലങ്ങിയ കണ്ണുകളുമായി മുനീർ ആളുകൾക്കൊപ്പം നീങ്ങി. മയ്യിത്തു സംസ്കാരത്തിനു ശേഷം എല്ലാവരും മടങ്ങി, മുനീറൊഴികെ... കരഞ്ഞു വാടിത്തളർന്ന മുഖവുമായി അവൻ കുറേ നേരം വല്ല്യുമ്മാടെ ഖബറിനരികിൽ നിന്നു. ശേഷം തിരിഞ്ഞു നടക്കുവാൻ തുടങ്ങി.
"ഇയ്യ് പോവേണോ മോനെ....
എന്ന പതിഞ്ഞ സ്വരത്തിലുള്ള പിൻവിളിയിൽ ഞെട്ടലോടെ അവൻ തിരിഞ്ഞുനോക്കി. എങ്ങും അസ്വസ്ഥമായ മൗനം മാത്രം. ഏറെ നേരമായി മനസ്സിൽ കറുത്തിരുണ്ട കാർമേഘങ്ങൾ അവൻറെ കണ്ണുകളിലൂടെ പേമാരിയായി പെയ്യാൻ തുടങ്ങി.

**അൻമോൾ അൻവർ**
ഒന്നാം വർഷം
ബി. എ. അനലിറ്റിക്കൽ ഇക്കണോമിക്സ്
മാർ ഇവാനിയോസ് കോളേജ്
നാലാഞ്ചിറ, തിരുവനന്തപുരം

# ശബ്ദം

സൂര്യൻ ഉദിച്ചു വരുന്നതെ ഉണ്ടായിരുന്നുള്ളൂ. പക്ഷെ കാർമേഘം മൂടികെട്ടിയ മാനം പോലെ ആയിരുന്നു അയാളുടെ മനസ്സ്. ഒരുപാട് ചിന്തകളും ഓർമ്മകളും മനസ്സിൽ അലയടിച്ചെങ്കിലും ഒന്നും നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥ. അതിനുള്ള ധൈര്യം ഇല്ല എന്നതായിരുന്നു സത്യം. പണ്ടും അതിന് മാറ്റം ഒന്നും ഉണ്ടായിരുന്നില്ലലോ.. അധ്യപകരായ മാതാപിതാകളുടെ അടുക്കും ചിട്ടയും അയാളുടെ ജീവിതത്തിലും ഉണ്ടായിരുന്നു. ഒരുപക്ഷെ വേണ്ടത്തിലും അധികം. കുട്ടികാലത്തെ ആ 'അടുക്കും ചിട്ടയും അവന്റെ മനസ്സിൽ സന്തോഷത്തിനും സമാധാനത്തിനും പകരം ആശങ്കയുടെയും, ഭയത്തിന്റെയും വിത്താണ് വിതച്ചത്. കുഞ്ഞുങ്ങൾക്ക് മാതാപിതാക്കളോട് ഭയം ഇല്ലെങ്കിൽ അവർ വഴിതെറ്റിപോവുമോ എന്നു വിചാരിച്ചുവണം അവരുടെ ജീവനോട് ' ഒന്നു മനസ്സ് തുറന്നു സംസാരിക്കാനോ അവനോട് കളിതമാശകൾ പറയാനോ എന്തിനു അവനെ നോക്കി ഒന്നു ചിരിക്കാൻ പോലും അവർ മടിച്ചു. അവന് കൃത്യ സമയത്ത് ഭക്ഷണവും വസ്ത്രവും എല്ലാം ലഭിക്കുന്നുണ്ടായിരുന്നു. പക്ഷെ സ്നേഹം??....അതിനെ കുറിച്ചു ആരും ചിന്തിച്ചുമില്ല ...തിരക്കിയതുമില്ല..

ജീവിതത്തിന്റെ ഓരോ കാലഘട്ടം കഴിയുമ്പോഴും മാതാപിതാക്കളും അയാളും തമ്മിലുള്ള ബന്ധം ഉത്തരവ് കല്പിക്കുന്നവരും അനുസരിക്കുന്നവനും മാത്രം ആയി ചുരുങ്ങി പോയി.. അഭിപ്രായവും അഭിപ്രായഭിന്നതയും പലരോടും പറയാൻ ഒരായിരം വട്ടം മനസ്സ് ആഗ്രഹിച്ചപ്പോഴും എന്തൊ ഒരു ഭയം അവനെ വിലക്കി. പഠനത്തിൽ എന്നും വളരെ മികവ് പുലർത്തിയിരുന്ന അയാളെയും മറ്റു കുട്ടികളെയും ആ ഒരു കാര്യത്തിൽ മാത്രം ആഘോഷവേളകളിൽ പോലും താരതമ്യം ചെയ്ത് അവരുടെ സന്തോഷവും മനോവീര്യം തകർക്കുന്ന അവന്റെയും മറ്റ് കുട്ടികളുടെയും മാതാപിതാക്കൾ ഉൾപ്പെടെയുള്ള ബന്ധുക്കളോട് ഓരോ കുട്ടിയും പഠിക്കുന്നത് ഓരോ



രീതിയിൽ ആണെന്നും അത് ആരും കഴിവ് ഇല്ലാത്തവരായത് കൊണ്ട് അല്ലയെന്നും കുറ്റം പറയുന്ന പോലുള്ള അവരുടെ 'നന്മയെ കരുതിയെന്നു പറയപ്പെടുന്ന ഈ സംസാരം അവരുടെ ഗുണം അല്ല മറിച്ച് ദോഷത്തിന് മാത്രമേ കാരണമാക്കുമെന്നു ഉറച്ചു പറയണമെന്ന് തോന്നിയിട്ടു ഉണ്ടെങ്കിലും സാധിച്ചില്ല.. തമാശ എന്ന രൂപേണ ഒരു കുട്ടിയെ അവളുടെ ശരീര ആകൃതിയും നിറവും മുൻനിർത്തി ക്ലാസ്സ് ടീച്ചർ കളിയാക്കുകയും അപമാനിക്കുകയും ചെയ്തപ്പോൾ അതിൽ രസം കണ്ടെത്തി ചിരിച്ചു കൊണ്ട് കൂട്ടുകാരും അറിഞ്ഞോ അറിയാതെയൊ അവളെ കൂടുതൽ സങ്കടപ്പെടുത്തി. അപ്പോഴും ടീച്ചറോടും എന്തിനു കൂട്ടുകാരോട് പോലും അങ്ങനെ ചെയ്യരുത് എന്ന് പറയാൻ പോലും കഴിയാത്ത വിധം എന്തൊ അയാളെ നിശബ്ദ മാക്കി കൊണ്ടിരുന്നു.. ജീവന് വേണ്ടി പിടയുന്ന വഴിയാത്ര കാരനെ മറ്റ് വണ്ടികളെ പോലെ ശ്രദ്ധിക്കാതെ തങ്ങളുടെ വണ്ടിയും കടന്നുപോയപ്പോൾ അച്ഛനോട് നിർത്താൻ പറയാനോ ജീവന്റെ വില മനസിലാക്കി കൊടുക്കാനോ ആശിച്ചെങ്കിലും നടന്നില്ല.. മുതിർന്നവരോട് കുട്ടികൾ ഒരിക്കലും എതിർത്തു നിന്ന് സംസാരിക്കാൻ പാടില്ല എന്ന് നിയമം' ചെറുപ്പത്തിലെ ഹൃദയ ത്തിൽ പതിഞ്ഞ് പോയത് കൊണ്ട് അവന്റെ ഒരു സ്വപ്നങ്ങളും നടന്നില്ല..

നന്നായി പഠിക്കുന്ന കുട്ടി എന്ന 'ലേബൽ മാത്രമുള്ള കൂട്ടു കാരു പോലും ഇല്ലാത്ത ഒരു അന്തർമുഖൻ മാത്രം ആയി അയാൾ ഒതുങ്ങി പോയി.

നാൾ ഇത് വരെ എല്ലാ കാര്യങ്ങളും അച്ഛന്റെയും അമ്മ യുടെയും കുടുംബത്തിലെ മറ്റ് പ്രധാനികളുടെയും തീരുമാനം ആയിരുന്നു. അവരുടെ അറിവോ സമ്മതവും കൂടാതെ ഒന്നും ചെയ്തിട്ടില്ല. ഉയർന്ന ഉദ്യോഗസ്ഥൻ ആയിട്ടും ഒരാളുടെ മുന്നിൽ നിന്ന് പറയേണ്ട കാര്യങ്ങൾ പറയാൻ അയാൾക്ക് സാധിച്ചില്ല.. തന്റെ വിവാഹം മുതൽ മകളുടെ വിവാഹം പോലും തന്റെ തീരുമാനം ആയിരുന്നില്ല. ജീവന്റെ മോളുടെ, അയാളുടെ 'പ്രാണ' യുടെ വിവാഹം വീട്ടുകാർ പണ്ടെ പറഞ്ഞു വച്ചത് ആയിരുന്നു.. അവളുടെ മുറചെറുക്കൻ തന്നെ ആയിരുന്നു അവളുടെ ഭർത്താവ് ആയി വന്നത്. വിവാഹം കഴിഞ്ഞു ഒരു മാസത്തിനു ള്ളിൽ തന്നെ പ്രശ്നങ്ങൾ ഉടലെടുത്തു.. അതിന്റെ ഒത്തുതീർപ്പ് ചർച്ചയാണ് ഇന്ന് സത്യത്തിൽ ഇന്ന് ഇവിടെ കൂടിയിരിക്കുന്നത് ഒരു 'കൂടുംബയോഗം' തന്നെയാണ്. എല്ലാവരും അവന്റെ ഭാഗത്തു ആയിരുന്നു. "ദേഷ്യം വന്നപ്പോൾ ഒന്നു തല്ലിയെന്ന് വിചാരിച്ചു ബന്ധം ഒഴിവാക്കാൻ പറ്റുമോ?? "അച്ഛന്റെ ചോദ്യം ആണ് ഓർമകളിൽ നിന്ന് ഉണർത്തിയത്." നിസാര കാര്യങ്ങ ൾക്കു ഇങ്ങനെ ചിന്തിച്ചാൽ ഈ കൂടുംബത്തിന്റെ അഭിമാനം കപ്പൽ കയറില്ലെ? "അമ്മാവന്റെ വക 'ആശങ്ക'."അവൻ നമ്മുടെ

കൊച് അല്ലെ ". അഭിപ്രായങ്ങൾ വന്നു കൊണ്ടിരുന്നു, ഒരാൾ പോലും അവളുടെ പ്രശ്നം എന്താണ്എന്ന് കേൾക്കാനുള്ള മനസ്സ് പോലും കാണിച്ചില്ല. അവളുടെ മുഖത്തേക്കു നോക്കിയപ്പോൾ ആ കണ്ണുകളിൽ കാണാമായിരുന്നു അവൾ അവിടെ അനുഭവിക്കുന്ന മാനസിക ദുഃഖം..

"ഇല്ല എന്റെ മോൾ വരുന്നില്ല, അവൾക്കു വേണ്ട ഈ ബന്ധം " അയാളുടെ ഉറച്ച ശബ്ദം അവിടെ കൂടി ഇരുന്നവെരെ എല്ലാം ഞെട്ടിച്ചു കളഞ്ഞു. പലരും പറയാൻ തുടങ്ങിയപ്പോൾ അവരെ വിലക്കി കൊണ്ട് അയാൾ തുടർന്നു. ഓരോ വട്ടം അവനു ദേഷ്യം വരുമ്പോൾ അത് തീർക്കേണ്ടത് എന്റെ കുഞ്ഞിന്റെ ദേഹത്തു അല്ല. ഭാര്യ ആയത് കൊണ്ട് മാത്രം അവന്റെ ഇഷ്ടങ്ങൾക്ക് അനുസരിച്ചു അവൾ മാത്രം മാറണം എന്ന് പറയുന്നതിൽ എന്ത് യുക്തി ആണ് ഉള്ളത്? എന്റെ മോൾ ഈ ബന്ധം വേണ്ട എന്ന് എന്റെ അടുത്ത് പറഞ്ഞ നിമിഷം മുതൽ ഞാനും ഈ ബന്ധം വേണ്ടന്നു വച്ചു. പിന്നെ ഇവളുടെ ഭാവി ജീവിതം എന്താവുമെന്ന് ഓർത്ത് നാട്ടുകാരും ബന്ധുക്കളും ദുഖിക്കേണ്ട കാര്യമില്ല. അവൾക്കു ഇഷ്ടം അല്ലാത്ത ഒരു ബന്ധത്തിൽ നിങ്ങളുടെ അഭിപ്രായം മാനിച്ചു എന്തിനു, ആർക്കു വേണ്ടി അവൾ തുടരണം? അവൾക്കു നല്ല വിദ്യാഭാസവും ജോലിയും ഉണ്ട്. അവളെ നോക്കാൻ അവൾക്കു നന്നായി അറിയാം. അവളുടെ ആവിശ്യങ്ങൾക്കു അച്ഛൻ ആയ ഞാൻ ഇവിടെ ഉണ്ട്, എന്തും തുറന്നു പറയാവുന്ന ഒരു നല്ല സൂഹൃത്തായിട്ട്. അവൾക്കു ഒരു ഇണയെ വേണം എന്ന് തോന്നുമ്പോൾ ഇനി ഒരു വിവാഹത്തെക്കുറിച്ചും ഞങ്ങൾ ആലോചിക്കും. ഇതിനെ ചൊല്ലി ഏത് ബന്ധം മുറിഞ്ഞാലും, എനിക്കു പ്രശ്നം ഇല്ല." മുറുമുറുപ്പോടേയും ഞെട്ടാലോടയും ആണ് പലരും പിരിഞ്ഞത്. എന്നാലും എതിർത്തു സംസാരിക്കാൻ ആരും ധൈര്യപ്പെട്ടില്ല. മകൾ ഓടി വന്നു കെട്ടിപിടിച്ചു കരഞ്ഞുപ്പോൾ ജീവനും കരയുന്നണ്ടായിരുന്നു. പക്ഷെ അത് സന്തോഷം കൊണ്ടായിരുന്നു. അരനൂറ്റാണ്ടു ആയി അനുഭവച്ചിട്ടു ഇല്ലാത്ത ഒരു സന്തോഷം അയാളെ പൊതിയുന്നു ഉണ്ടായിരുന്നു.. അന്ന് രാത്രി അയാൾ വളരെ സമാധാനത്തോടെ നാളെക്ക് വേണ്ടി സ്വപ്നങ്ങൾ കണ്ട് കൊണ്ട് ഉറങ്ങി.

**അലക്സ്. എസ്. ദാസ്**
ഒന്നാം വർഷം
എം. എ. ഇക്കണോമിക്സ്
മഹാത്മാ ഗാന്ധി കോളേജ്
കേശവദാസപ്പുരം, തിരുവനന്തപുരം

# നമ്മൾ തമ്മിൽ

അങ്ങനെ കോളേജിലെ അവസാനദിവസം വന്നെത്തി. ഇണങ്ങിയും പിണങ്ങിയും ചിരിച്ചും കരഞ്ഞും കടന്നുപോയ മൂന്നു വർഷങ്ങൾ. എല്ലാം ഇന്നലെ കഴിഞ്ഞപോലെ... ഒത്തിരി പണിപ്പെട്ട് ഞങ്ങൾ പണിതുയർത്തിയ സൗഹൃദത്തിന്റെ ഒരു സ്ഫടികക്കൊട്ടാരമുണ്ടായിരുന്നു... ഓരോരുത്തരുടെയും മനസ്സിൽ. പക്ഷെ, അതെല്ലാം ഇന്നത്തോടെ കഴിയും. ജീവിതമാകുന്ന നൂൽപ്പാലത്തിലേക്ക് കാലെടുത്തുവച്ചിരിക്കുന്ന നമുക്കിടയിൽ ഇനിയീ സൗഹൃദത്തിനെന്തുപ്രസക്തി? സ്വാർത്ഥത നിറഞ്ഞ യാന്ത്രികലോകത്ത് ഒരു നോട്ടമെങ്കിലും മറ്റുള്ളവരിൽ നിന്ന് ലഭിക്കുന്നത് മഹാഭാഗ്യമല്ലേ? എല്ലാ നല്ല ഓർമകളും മനസാകുന്ന ചില്ലുകൂട്ടിൽ ഭദ്രമായി പൂട്ടിവയ്ക്കുക, അത്രതന്നെ. ഇടയ്ക്കിടെ കാണാനും ഓർക്കാനുമൊക്കെത്തോന്നുമ്പോൾ ഹൃദയത്തിന്റെ ഉള്ളറയിൽ നിന്നതെടുത്ത് തിരിച്ചും മറിച്ചും നോക്കിയിരിക്കുക. എന്നിട്ട്, വിഷാദം നിറഞ്ഞൊരു ചിരിയോടെ അവിടെത്തന്നെ തിരിച്ചുവയ്ക്കുക.

എങ്കിലും, ഒരിക്കലും മറക്കാൻ കഴിയാത്ത ചില കാര്യങ്ങളില്ലേ? ക്യാന്റീനിലെ കട്ടൻകാപ്പി, ഉഴുന്നുവട, ക്ലാസിന് തൊട്ടടുത്ത് തലയെടുപ്പോടെ ഉയർന്നുനിൽക്കുന്ന മാവും മാമ്പഴക്കാലവും, ലൈബ്രറി, പഴമയുടെ ഗന്ധം പരത്തുന്ന പുസ്തകങ്ങൾ, പ്രണയിക്കുന്ന കമിതാക്കളെ മീശപിരിച്ച് വിരട്ടുന്ന എച്ച്. ഒ. ഡി,.. പൂത്തുലഞ്ഞ ഗുൽമോഹർ... ഓർക്കുന്തോറും മനസ്സിൽ വിങ്ങലായി മാറുന്നു, എല്ലാം.

രാവിലെ തന്നെ പിള്ളേരുടെ മുഖമെല്ലാം വാടിയിരിക്കുന്നത് ഞാൻ ശ്രദ്ധിച്ചു. ചിലരുടെ നയനങ്ങളും നിറഞ്ഞുതുടങ്ങിയിരുന്നു. വളരെ വൈകിയാണ് അന്നവൾ ക്ലാസിലെത്തിയത്. കരഞ്ഞുകലങ്ങിയ ആ കണ്ണുകളും, മായ്ച്ചുകളഞ്ഞ പടർന്ന കണ്മഷിയും എന്നെ ആശ്ചര്യപ്പെടുത്തി. വന്നുകയറിയപാടെ എന്നെയൊന്ന് സൂക്ഷിച്ചുനോക്കിയശേഷം അവൾ ഏറ്റവും പിറകിലെ ബെഞ്ചിൽ ചെന്നിരുന്നു. ഞാൻ പതിയെ തിരിഞ്ഞുനോക്കി.



ആദ്യമൊന്നും മുഖം തന്നില്ലെങ്കിലും ഇടയ്ക്കെന്നെ നോക്കിയപ്പോൾ 'എന്തുപറ്റി'യെന്ന് ഞാൻ ആംഗ്യം കാണിച്ചുചോദിച്ചു, പിന്നെപ്പറയാമെന്ന് അവളും. ഒന്നുമിണ്ടാതെ നേരെയിരിക്കുന്നതിനിടെ ക്ലാസിലെ ഒട്ടുമിക്ക കുട്ടികളും തന്നെ ശ്രദ്ധിക്കുകയാണെന്ന് മനസിലാക്കിയതിനാൽ ഞാൻ പതിയെ നോട്ട്ബുക്ക് തുറന്നുവച്ചു.

ആദ്യ പീരിയഡിനുശേഷം ഇടവേളയ്ക്കുള്ള ബെല്ലടിച്ചപ്പോൾ കൂട്ടുകാരെല്ലാം ക്യാന്റീനിലേക്ക് അവസാനമായി കാപ്പി കുടിക്കാൻ പാഞ്ഞു, ഇനിയൊരിക്കലും അങ്ങോട്ടേക്ക് സ്വാതന്ത്ര്യത്തോടെ കയറിച്ചെല്ലാൻ പറ്റില്ലല്ലോ. സാധാരണ, ഞാനും അവരോടൊപ്പം പോകുന്നതാണ്. പക്ഷെ, അന്ന് ഞാൻ പോയില്ല, അവളും. ക്ലാസിലുള്ളവരെല്ലാം പുറത്തുപോയപ്പോൾ ഞാൻ പതിയെ ബെഞ്ചിൽ നിന്നെഴുന്നേറ്റ് അവളുടെ അടുത്തേക്കു പോയി. ഡെസ്കിൽ തലകുനിച്ച് കിടക്കുകയായിരുന്ന അവളുടെ തോളത്ത് രണ്ടുവട്ടം തട്ടി. തലയുയർത്തിനോക്കിയ അവൾ എന്നെക്കണ്ടപ്പോൾ പതുക്കെയെഴുന്നേറ്റു.

ഏറ്റവും പിറകിലെ ഡെസ്കുകളിൽ അഭിമുഖമായി ചാരിനിൽക്കുന്നതിനിടെ അവൾ പറഞ്ഞു.

"ഇന്നവന്റെ കല്യാണമാണ്."

ആ സന്ദർഭത്തിൽ നിശബ്ദത അത്യുത്തമമാണെന്ന് തോന്നിയതിനാലാവാം ഞാൻ ഒന്ന് തലയാട്ടിയതേയുള്ളു.

"എന്തൊക്കെയായിരുന്നു അവന്റെ വീരവാദങ്ങൾ? നീയെന്റെ മുത്താണ്, തേനാണ്, തേനീച്ചയാണ്. എന്നിട്ടവസാനം ഒരു വാക്കുപോലും പറയാതെയങ്ങ് മുങ്ങി. അല്ലെങ്കിലും അതങ്ങനെയല്ലേ വരൂ. എനിക്ക് അച്ഛനും അമ്മയുമില്ലല്ലോ? കാശില്ലല്ലോ?"

അവളുടെ കരഞ്ഞുകലങ്ങിയ കണ്ണുകൾ വീണ്ടും ചുവക്കുന്നത് ഞാൻ ശ്രദ്ധിച്ചു. സമാധാനിപ്പിക്കാനെന്നോണം ഞാൻ പറഞ്ഞു

"നീ കരയാതെ, നമുക്ക് വഴിയുണ്ടാക്കാം."

"ഇനിയെന്തുവഴി? നേരിട്ട് ചെന്നുപറഞ്ഞ് കല്യാണം മുടക്കാനൊന്നും പറ്റില്ലല്ലോ?"

തൂവാലയിൽ പതിയെ കണ്ണുനീർ തുടയ്ക്കുന്നതിനിടെ ചെറിയൊരു ചിരിയോടെ അവൾ പറഞ്ഞു.

"എടാ, ഞാൻ ചിലപ്പോൾ ജീവിതമവസാനിപ്പിക്കും. അങ്ങനെ വന്നാൽ നിനക്കെന്നോട് ദേഷ്യം തോന്നുമോ?"

ഉള്ളൊന്ന് കിടുങ്ങിയെങ്കിലും മുഖത്ത് ഭാവഭേദം വരുത്താതെ, വാക്കുകളിടറാതെ ഞാൻ പറഞ്ഞു

"ദേഷ്യമൊന്നും തോന്നില്ല, പക്ഷെ, നീ പോയാൽ... നീ എവിടെപ്പോയാലും ഞാൻ കൂടെവരും."

"എന്നുവെച്ചാൽ?" അത്ഭുതത്തോടെ അവൾ ചോദിച്ചു

"എന്നുവെച്ചാൽ, നിന്റെ കൂടെ ഞാനുമുണ്ടാകും. അത്രതന്നെ."

അൽപനേരം നിശബ്ദയായ അവൾ ദീർഘമായി നിശ്വസിച്ച

ശേഷം പറഞ്ഞു.
"അപ്പൊ, അനഘയും നീതുവുമൊക്കപ്പറഞ്ഞത് ശരിയായിരുന്നു."
"എന്ത്? അവരെന്തുപറഞ്ഞു?" ആകാംക്ഷയോടെ ഞാൻ ചോദിച്ചു.
"നമ്മൾ തമ്മിൽ ഇഷ്ടത്തിലായിരുന്നുവെന്ന്..."
ഞാനവളുടെ മിഴികളിൽ ഇമവെട്ടാതെ നോക്കിനിന്നു. തൂവാല കൊണ്ട് കവിളുകൾ തുടയ്ക്കുന്നതിനിടെ എന്റെ വലതു കൈയിൽ മുറുകെപ്പിടിച്ചശേഷം അവൾ പുറത്തേക്കിറങ്ങിപ്പോയി.

**ഫസീല. കെ. പി**
ഒന്നാം വർഷം
ബി. കോം. ഫിനാൻസ്
അൽ ശിഫ കോളേജ് ഓഫ് ആർട്സ്
ആൻഡ് സയൻസ്, കിഴാറ്റൂർ, പെരിന്തൽമണ്ണ

# കറുത്ത മുത്ത്

ഇന്ന്  അവൾക് കോളേജിലെ ആദ്യത്തെ ദിവസമായിരുന്നു..ആ വലിയ ഗേറ്റിനു മുന്നിൽ ചെറിയൊരു പതർച്ചയോടെ അവൾ നിന്നു. പ്രണയവും വിരഹവും... സൗഹൃദവും.. കളിയും.. ചിരിയും.. പാട്ടും.. ഡാൻസും.. എല്ലാം നിറഞ്ഞ സിനിമയിൽ മാത്രം കണ്ടു പരിചയമുള്ള ആ കോളേജ് ക്യാമ്പസ് ..ദേ തന്റെ തൊട്ടു മുന്നിൽ നിൽക്കുന്നു....അവൾ അത്ഭുതത്തോടെ നോക്കി കൊണ്ട് ആ ഗേറ്റിനകത്തേക്കു നടന്നു...

തലകുനിച്ചു ആരെയും ശ്രദ്ധിക്കാതെ അകത്തേക്ക് നീങ്ങുമ്പോൾ മനസ്സു വല്ലാതെ ചുട്ടു പൊള്ളി... പലവർണ്ണങ്ങളിൽ വസ്ത്രങ്ങൾ ധരിച്ച സുന്ദരികളും സുന്ദരന്മാരും തനിക്കു മുന്നിലൂടെ ചിത്രശലഭങ്ങൾ കണക്കെ പാറി നടക്കുന്നത് ഒരു നിഴൽ വട്ടം പോലെ അവൾ കാണുന്നുണ്ടായിരുന്നു... "നോക്കാനുള്ള ധൈര്യമില്ല..... ആരോടും കൂട്ടുകൂടാനുള്ള അവകാശവും തനിക്കില്ല്യ... എവിടെയും എപ്പോഴും വല്ലാതെ ഒറ്റപ്പെട്ടുപോയി താൻ... തന്റെ ഈ കറുത്ത നിറം എല്ലാവരിൽ നിന്നും തന്നെ അകറ്റി.. വല്ലാത്തൊരു കറുപ്പാണ് തനിക്ക്... ഇരുട്ടിനെക്കാൾ നിറമുള്ള കറുപ്പ്.. എല്ലാവരിലും വെറുപ്പുളവാക്കുന്ന കട്ട പിടിച്ച കറുപ്പ്..""..

അവൾ സ്വയം പ്രാകി മുന്നോട്ടു നീങ്ങി.. ക്ലാസ്സിന്റെ ഒരു മൂലയിലെ ബെഞ്ചിൽ അവൾ സ്ഥാനം പിടിച്ചു... കുട്ടികളുടെ ഉച്ചത്തിലുള്ള സംസാരവും ചിരിയും കേൾക്കാം.. പ്രണയിക്കുന്നവരുടെ കിന്നാരം പറച്ചിലും കാതോർത്താൽ കേൾക്കാം... ഓർമ്മ വെച്ച നാൾ മുതലേ ഒറ്റപ്പെട്ടു ശീലിച്ചത് കൊണ്ട് പ്രതേകിച്ചു ഒന്നും തോന്നിയില്ല....



ദിവസ്സങ്ങൾ കടന്നു പോയെങ്കിലും തന്നെ തേടി മാത്രം ഒരു സൗഹൃദവും പ്രണയവും വന്നില്ല.. ക്ലാസ്സിൽ ആരുമില്ലാതെ ഒറ്റപ്പെട്ടിരിക്കുന്ന ഇടവേളകളിൽ ആ ബെഞ്ചിന്റെ മൂലയിലിരുന്നു അവൾ മനോഹരമായി ഏതെങ്കിലും പ്രണയഗാനം മൂളികൊണ്ടിരിക്കും..ഒരു ദിവസം ഏതോ ഒരു ഹിന്ദി ഗാനം മതിമറന്നു പാടി കൊണ്ടിരുന്നപ്പോഴാണ് പിന്നിൽ നിന്നും അവന്റെ ശബ്ദം കേട്ടത്.

"കൊള്ളാലോ...എത്ര മനോഹരമായ ശബ്ദം...എന്തു മനോഹരമായി പാടുന്നു."..... അവൾ ഞെട്ടലോടെ തിരിഞ്ഞു നോക്കി... മനോഹരമായ ഒരു മുഖം തനിക്കു മുന്നിൽ..നല്ല വെളുത്ത നിറവും കട്ടി മീശയും... ചുവന്ന ചുണ്ടും മുഖം നിറഞ്ഞ പുഞ്ചിരിയും ഒക്കെ ഉള്ള ചുവന്ന ഷർട്ടിട്ട ഒരു ചെറുപ്പക്കാരൻ..അവൾ അവനെ കണ്ണെടുക്കാതെ നോക്കി...

"എനിക് വേണ്ടി ഒരു രണ്ടു വരി മൂളാമോ..???". മായാത്ത പുഞ്ചിരിയോടെ അവളുടെ കണ്ണുകളിലേക്കു നോക്കി അവൻ ചോദിച്ചു... എതിർത്തു ഒന്നും പറയാൻ നിക്കാതെ അവന്റെ മനോഹരമായ മുഖത്തേക്ക് നോക്കി മനോഹരമായി അവൾ പാടി...

പിന്നീടങ്ങോട്ടു അവൾ ഒരുപാട് പാട്ടുകൾ അവനു വേണ്ടി പാടി...അവളെ തേടി പലപ്പോഴായി അവൻ വന്നു... തനിക്കു അന്യമെന്നു തോന്നിയ പ്രണയിനികൾക് മാത്രം അവകാശപ്പെട്ട വാക മരച്ചുവട്ടിലും... വരാന്തകളിലും.. ക്യാന്റീനിലും എല്ലാം അവർ പരസ്പരം കഥകൾ പറഞ്ഞും.. വിശേഷങ്ങൾ പങ്കിട്ടും... പാട്ടു മൂളിയും നടന്നു നീങ്ങി..അവനു വേണ്ടി അവൾ അവനു ഏറെ ഇഷ്ട്ടമുള്ള ചുവപ്പ് നിറത്തെ വല്ലാതെ സ്നേഹിച്ചു...ചുവപ്പ് തൂവാലകൾ അവൾ സ്വന്തമാക്കി.. ചുവന്ന പൂക്കൾ വിരിയുന്ന ചെടികൾ അവളുടെ വീടിനു ചുറ്റും അവൾ നട്ടു പിടിപ്പിച്ചു.. തൊടിയിലെ ചുവന്ന പൂക്കൾ വിരിയുന്ന വലിയ മരത്തിനു ചുവട്ടിൽ അവൾ നിത്യ സന്ദർശകയായി... ഇളം കാറ്റിൽ അവളുടെ മേനി നിറയെ ചുവന്ന പൂക്കൾ മൂടി..

അവനോടുള്ള അവളുടെ പ്രണയം ഒരു ചുവന്ന പൂ കണക്കെ അവളുടെ ഹൃദയത്തിൽ പൂത്തു നിന്നു.. പ്രണയിനികൾ പ്രണയം തുറന്നുപറയുന്ന ആ ഒരു ചുവന്ന പൂക്കളുടെ ദിവസ്സം അവൾ അവനരികിൽ എത്തി... അവളുടെ ആത്മാർത്ഥ പ്രണയം ഇച്ചിരി നാണത്തോടെ അവൾ പറഞ്ഞൊപ്പിച്ചു... അവന്റെ കണ്ണിലെ തിളക്കം കാണാൻ നോക്കിയ അവൾക്കു കാണാൻ കഴിഞ്ഞത് വെറുപ്പിന്റെ ഒരു നോട്ടമായിരുന്നു.. ഒരു ചീറ്റ പുലിയെ പോലെ അവൻ ചീറി അടുത്തു..

"നിന്നെ പ്രണയിക്കാൻ എനിക്കെന്താ പ്രാന്തുണ്ടോ...നിന്റെ കറുപ്പിനോട് ഇച്ചിരി സഹതാപം തോന്നിയപ്പോ നീയത് പ്രണയമായി തെറ്റിദ്ധരിച്ചു.. നിന്നെ പോലെ ഒരു ഇരുട്ടിനെ സ്നേഹിക്കാൻ എനിക് വട്ടൊന്നും ഇല്ല.. നീ കണ്ണാടി പോയി നോക്ക്.. ആ കണ്ണാടി പോലും മാറി നിൽക്കും നിന്റെ കറുപ്പിന് മുന്നിൽ.." അവൻ അലറി വിളിച്ചു... എല്ലാവരും അവളെ നോക്കി പരിഹാസത്തോടെ പിറുപിറുത്തു.. അവൾക്കു വല്ലാത്ത അപമാനം തോന്നി...തിരിഞ്ഞു നടക്കാൻ തുടങ്ങിയ അവന്റെ കാലു പിടിച്ചവൾ കേണു.. "എന്നെ ഇട്ടിട്ടു പോകരുത്..എന്റെ മനസ്സ് കാണണം.. ഇരുട്ടില്ലാത്ത ഒരു മനസ്സുണ്ട് എനിക്... അതിൽ നീ

മാത്രേ ഒള്ളു.. "അവൻ അവളെ തട്ടി മാറ്റി കൊണ്ട് അവിടെ നിന്നും അകലത്തേക്കു മാഞ്ഞു...
പ്രണയം പിച്ചികീറിയ ഹൃദയവുമായി ഇരുട്ടു നിറഞ്ഞ അവളുടെ മുറിയിൽ അവൾ ചുമര് ചാരി ഇരുന്നു..
"അവനെന്നെ മനസ്സിലായില്ല...മറ്റുള്ളവരെ പോലെ ഞാൻ അവന് ഒരു ഇരുട്ടു മാത്രമായിരുന്നു... പ്രണയമേ.. നീ എനിക്ക് അവകാശപ്പെട്ടതല്ലങ്കിലും ഞാൻ നിന്നെ സ്നേഹിച്ചു... ആഗ്ര ഹിച്ചു.. ഒരു ശാപം പിടിച്ച ഇരുട്ടായി താൻ ഇനി ഭൂമിയിൽ വേണ്ട..


ഒടുവിൽ അവനു വേണ്ടി അവളുടെ ഇടത്തെ കൈ തണ്ട യിൽ നിന്നു ഒഴുകിയതും അവന് ഏറെ ഇഷ്ട്ടമുള്ള ചുവന്ന രക്തമായിരുന്നു.....

**കാവ്യ കുമരേഷ്**
രണ്ടാം വർഷം
ബി. എസ്. സി. ബോട്ടണി
ഗവൺമെന്റ് കോളേജ് ചിറ്റൂർ, പാലക്കാട്

# അവളുടെ പ്രണയം

അവൾ ഉറക്കത്തിൽനിന്നും ഞെട്ടിയുണർന്നു. മുഖത്ത് ചെറിയൊരു ഭയമുണ്ടായിരുന്നു.. എഴുന്നേറ്റ് മുറിയുടെ ലൈറ്റിന്റെ സ്വിച്ച് ഓൺ ചെയ്ത് കട്ടിലിന് അരികെയുള്ള ടേബിളിൽ വെച്ച വെള്ളം എടുത്തു കുടിച്ചു. സമാധാനത്തോടെ പറഞ്ഞു.. ഹാവു..! "അത് സ്വപ്നമായിരുന്നു". അതറിഞ്ഞപ്പോൾ അവളുടെ ഭയം കുറേശ്ശെ ആയി കുറഞ്ഞു. മൊബൈലിൽ സമയം നോക്കി. 3.47 am "അയ്യോ.. ഇത്രേ ആയുള്ളോ"..! അവൾ മനസ്സിൽ പറഞ്ഞു.

ലൈറ്റ് ഓഫ് ചെയത് വീണ്ടും ഉറങ്ങാനായി കിടന്നു. താൻ കണ്ട സ്വപ്നത്തെക്കുറിച്ച് ആലോചിച്ചു കിടന്നു.. അവൾ അവളോടായി തന്നെ പറഞ്ഞു.."ഏയ് അങ്ങനെയൊന്നും നടക്കില്ല.."
അവൾ ഉറങ്ങാൻ ശ്രമിച്ചു.പക്ഷെ കഴിഞ്ഞില്ല. ഒരു മണിക്കൂർ കഴിഞ്ഞു. എന്നിട്ടും ഉറങ്ങാൻ കഴിഞ്ഞില്ല.. എണീറ്റിരുന്ന് ലൈറ്റ് ഓൺ ചെയ്ത്, ബുക്കും പേനയും എടുത്ത് അവളുടെ മനസ്സിലെ ആശയങ്ങളെ ജീവനുള്ള കവിതകളാക്കാൻ ശ്രമിച്ചു.. എന്നാൽ, അവളുടെ കവിത പൂർത്തിയാക്കാൻ കഴിഞ്ഞില്ല... വരികൾ മുറിഞ്ഞു മുറിഞ്ഞു പോയി.. അവളെറിയാതെ തന്നെ ഉറങ്ങിപ്പോയി."
എടീ...മോളെ... എഴുന്നേൽക്ക്.." അമ്മ കതകിൽ വന്ന് തട്ടി.
അവൾ പെട്ടന്ന് എണീറ്റ് സമയം നോക്കി.
"അയ്യോ 8.17 ആയോ.."
"മോളെ...." അമ്മ വിളിച്ചുകൊണ്ടിരുന്നു.
"അമ്മേ.... ദേ വന്നു.. ഞാൻ എണീറ്റു.. "
അവൾ പോയി വാതിൽ തുറന്നു.
"എന്താ നിനക്ക് പറ്റിയെ?? നീ എപ്പോഴും ഇങ്ങനെ ഒന്നും അല്ലല്ലോ..! നേരത്തെ എഴുന്നേറ്റ് നിന്റെ ചെടികൾക്ക് വെള്ളമൊഴിച്ചതിനുശേഷം അല്ലേ നീ ചായ പോലും കുടിക്കാറുള്ളൂ.. ഇന്നെന്തു പറ്റി.."



"അത് ഒന്നുല്ല അമ്മേ... ഞാൻ ഇന്നലെ കിടന്നുറങ്ങാൻ വൈകിയിരുന്നു. അതാണ്.. എന്നാ ഞാൻ കോളേജിൽ പോവാൻ നോക്കട്ടെ.."

"മ്മ്... പൊയ്ക്കോ" അമ്മ പറഞ്ഞു.
റെഡിയായ ശേഷം അവൾ അടുക്കളയിലേക്ക് ചെന്ന് അമ്മയോട് പറഞ്ഞു. " അമ്മേ ഞാൻ ഞാൻ ഇറങ്ങുന്നു.."
" മോളെ എന്തെങ്കിലും കഴിച്ചിട്ട് പോ ..
"വേണ്ട അമ്മേ... എനിക്ക് വിശപ്പില്ല.."
"അതെന്താ നിനക്ക് വിശപ്പ് ഇല്ലാത്തെ..??"
"ഇങ്ങനെ ഒന്നും കഴിക്കാതെ നടന്നാൽ നിനക്ക് വല്ല രോഗവും പിടിക്കും കൊച്ചേ.. "
" ഞാൻ കാന്റീനിൽനിന്ന് കഴിച്ചോളാം .. അമ്മ ഒന്നും പറയണ്ട.. ഞാൻ പോവുന്നു..അച്ഛനോടും പറയൂ അമ്മേ.. .."
"മ്മ് ശെരി... പറഞ്ഞാലും കേൾക്കില്ല ഈ കുട്ടി .. പിന്നെ ബസ് കിട്ടാൻ വേണ്ടി ഓടുകയൊന്നും വേണ്ടാ... ട്ടോ.."
"ചെരുപ്പ് ധരിച്ച് ഓടിക്കൊണ്ട് പറഞ്ഞു.. ഏയ്യ് ഇല്ല അമ്മ... "
ബസ് സ്റ്റോപ്പിൽ എത്തിയശേഷം അടുത്തുള്ള ഒരാളോട് ആയി ചോദിച്ചു.
" ചേച്ചി ചിറ്റൂരിലേക്കുള്ള ബസ്സ് പോയോ ഈ ടൈമിൽ ഉള്ളത്??"
"ഇല്ല കുട്ടാ... പോയിട്ടില്ല.. ഇപ്പോൾ വരും.
"രണ്ട് മിനിറ്റുകൾക്ക് ശേഷം ബസ് വന്നു.
ബസ്സിൽ കയറി ഒരു ഭാഗത്തുനിന്നു.അവളുടെ ഒരു കൂട്ടുകാരി അവളോട് ചോദിച്ചു.
"എടാ കുട്ടാ.. നീ ആയിരുന്നോ?? എത്രയായി കണ്ടിട്ട്.. നീ എന്താ വൈകിയേ??അല്ലേൽ നീ നേരത്തെ പോവുമല്ലോ??"
"ആ അതെ... ഞാൻ ഇന്ന് എഴുന്നേൽക്കാൻ ചെറുതായൊന്നു വൈകി അതാണ്."
"ആണോ??എന്ത് പറ്റി??"
അത് പിന്നെ ഞാൻ ഒരു ചെറിയ സ്വപ്നം കണ്ടു.ഞാൻ പേടിച്ച് എഴുന്നേറ്റു. പിന്നെ എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. 5.45 ആവുമ്പോഴാണ് എനിക്ക് ഉറക്കം വന്നത്. പിന്നെ അങ്ങ് ഉറങ്ങി പോയി..! നേരം പുലർന്നത് അറിഞ്ഞില്ല.
"ഓഹോ.. അങ്ങനെ ആണോ?? അല്ല.. നീ എന്ത് സ്വപ്നാ കണ്ടേ..??"
"അത് എന്നെ ഭയപ്പെടുത്തുന്ന ഒരു സ്വപ്നം ആയിരുന്നെടോ...!" അവൾ പറഞ്ഞു.
"ആണോ?? നീ പറയൂ... എന്തായിരുന്നു ആ സ്വപ്നം..?"
"എന്റെ ജീവനായി കരുതുന്ന എന്റെ ബുക്കുകൾ കത്തി ജ്വലിച്ച് നിൽക്കുന്നതാണ് ഞാൻ കണ്ടത്."
"അതാണോ..?? അതിനെന്തിനാ ഇത്ര ഭയക്കുന്നത്?? അത് ബുക്ക് അല്ലെ.. പിന്നെ അത് ജസ്റ്റ് സ്വപ്നം.. പിന്നെന്താ.."
പക്ഷെ ഇത് കേട്ടിട്ടൊന്നും അവൾക്ക് സമാധാനിക്കാൻ കഴിഞ്ഞില്ല. അവൾ മൗനം മറുപടിയാക്കി ബസിനു പുറത്തുള്ള കാഴ്ചകൾ നോക്കികൊണ്ട് നിന്നു. എന്നിട്ട് അവൾ അവളോടായി

മന്ത്രിച്ചു.
"അത് വെറും ബുക്കുകൾ അല്ല. എന്നെ ഞാനാക്കിയ,എന്നെ ചിന്തിക്കാൻ പഠിപ്പിച്ച,എന്നെ സ്വപ്നം കാണാൻ പഠിപ്പിച്ച, പറക്കാൻ ആഗ്രഹിച്ച എന്റെ ചിറകുകൾക്ക് ശക്തി പകർന്ന എന്റെ ജീവനായിരുന്നു അത്.
സമയം വൈകി ക്ലാസ്സ് തുടങ്ങിയിരിക്കും എന്ന ബോധ്യത്തോടെ അവൾ വേഗത്തിൽ ബസിൽ നിന്നും ഇറങ്ങി ക്ലാസ്സിലേക്ക് നടന്നു.
"May I come in teacher..??"
"ഇതാരാ... ശ്രീലക്ഷ്മിയോ.. വാ.. കുറെ ദിവസായല്ലോ കണ്ടിട്ട്.. എന്താ ഇത്ര വൈകിയേ..??
അവൾ ബെഞ്ചിനു പുറത്ത് ബാഗ് വച്ച് അവളുടെ കൂട്ടുകാരുടെ അടുത്തിരുന്നുകൊണ്ട് പറഞ്ഞു.
"ടീച്ചർ അത് പിന്നെ... എന്റെ വിവാഹ നിശ്ചയം ആയിരുന്നു ഇ ന്നലെ.."
"ഓ ആണോ?? എന്നിട്ട് എന്നോട് ഒന്നും പറഞ്ഞില്ലാലോ?? ഇവ രും പറയുന്നത് കേട്ടില്ലാ..?"
"ടീച്ചർ അത് പെട്ടന്ന് തീരുമാനിച്ചത് ആയിരുന്നു. അച്ഛന്റെയും അമ്മയുടെയും നിർബന്ധ പ്രകാരം."
"ഓ... അങ്ങനെ ആയിരുന്നോ?? അപ്പൊ എന്താ ഇത്ര ദിവസം വന്നില്ല?"
"അതിന് മുൻപ് ഞാൻ ചെറിയൊരു യാത്ര പോയിരുന്നു ടീച്ചർ... ഞാൻ മാത്രമായൊരു യാത്ര."
"ആണോ... ആയിക്കോട്ടെ.."
നമുക്ക് ക്ലാസ്സിലേക്ക് കടക്കാം എന്ന് പറഞ്ഞ് ടീച്ചർ ക്ലാസ്സ് തുടർന്നു. ടീച്ചർ ക്ലാസ്സ് കഴിഞ്ഞ് പോയി. അവളുടെ ഫ്രണ്ട്സ് അവളോട് കാര്യങ്ങൾ തിരക്കാൻ തുടങ്ങി.
"എന്താ ശ്രീ വിശേഷങ്ങൾ??ഇന്നെന്താ വരാൻ വൈകിയേ??"
"അത്... അത് പിന്നെ..ഞാൻ ഒരു ചെറിയ സ്വപ്നം കണ്ടു. ഞാൻ പേടിച്ച് എഴുന്നേറ്റു. പിന്നെ എനിക്ക് ഉറങ്ങാനെ കഴിഞ്ഞില്ല. 5.45 ആവുമ്പോൾ ആണ് കുറച്ച് ഉറങ്ങിയത്.രാവിലെ ആയത് അറിഞ്ഞില്ല.8.15 ന് ആണ് എണീറ്റത്."
"ആണോ?? സെഡ് ആക്കി...എന്ത് സ്വപ്നമാ കണ്ടേ?? വല്ല പ്രേതോം വന്ന് പിടിച്ചാ നിന്നെ??
"ഏയ് അല്ല ഒന്ന് പോടീ... അത് സീരിയസ് ആയ കാര്യം ആണ്.."
"പിന്നെന്താ..? എന്തായിരുന്നു ആ സ്വപ്നം??"
"എന്റെ ബുക്കുകൾ കത്തിജ്വലിച്ച് നിൽക്കുന്നത്."
"ഇതാണോ?? ശേ... നീ എന്തിനാ അതിന് എത്രയും പേടിക്കു ന്നേ..?? കൂടാതെ its just a dream.. അത് പോട്ടെ... നീ യാത്രയൊക്കെ അടിച്ച് പൊളിച്ചോ??"
"ഹാ... നന്നായിരുന്നു.

വിവാഹ നിശ്ചയം കഴിഞ്ഞാൽ പിന്നെ എനിക്ക് സ്വതന്ത്രമായി പോവാൻ കഴിഞ്ഞില്ലെങ്കിലോ എന്ന് കരുതി."
അവൾ സംസാരിച്ച് കഴിഞ്ഞതും അവളുടെ മൊബൈൽ റിങ് ചെയ്തു.
"ഹലോ.., ആ ഏട്ടാ പറയൂ..,ഓ ആണോ??,ഞാൻ ഇപ്പോൾ എന്റെ ക്ലാസ്സിൽ ഉണ്ട്. ഏയ് അല്ല ഞങ്ങൾ ഇപ്പോൾ ഫ്രീ പീരിയഡ് ആണ്.. Okey.." എന്ന് പറഞ്ഞ് കാൾ ഓഫ് ചെയ്തു.
അവളുടെ ഫ്രണ്ട്സ് വന്നു ചോദിച്ചു.
"എന്താടോ?? ആരാ വിളിച്ചേ??"
"വെയിറ്റ്... ഇപ്പൊ കാണിച്ച് തരാം.."
"കാണിച്ച് തരാം എന്നോ??"
കുറച്ച് സമയത്തിന് ശേഷം ഒരാൾ അവളുടെ ക്ലാസിനു മുന്നിലേക്ക് വന്നു.
അവൾ അദ്ദേഹത്തോട് ചോദിച്ചു.
"എന്താ ഏട്ടൻ ഇവിടെ?? ഇങ്ങോട്ട് പ്രതീക്ഷിച്ചതെയില്ല.."
"ഞാൻ എന്റെ ജോലിയുടെ ഭാഗമായി വന്നതാണ്. അപ്പോൾ നീ പറയാറുള്ള നിന്റെ ബോട്ടണി ഡിപ്പാർട്മെന്റും, ക്ലാസും ഒക്കെ കാണാം എന്ന് കരുതി."
അപ്പോഴേക്കും അവളുടെ ഫ്രണ്ട്സ് വന്ന് ചോദിച്ചു.
"ഇതാണോ നീ പറഞ്ഞ ആള്?? ഇതാരാ??"
"ഇദ്ദേഹവുമായാണ് എന്റെ വിവാഹം നിശ്ചയിച്ചത്. പേര് ശ്രീനാഥ്"
അവൾ അവളുടെ ഫ്രണ്ട്സിന് പരിചയപ്പെടുത്തി.
"Hello.. Nice to meet you.." ശ്രീനാഥ് അവരെയും പരിചയപ്പെട്ടു.
"നിങ്ങളുടെ ക്ലാസ്സൊക്കെ എങ്ങനെ പോവുന്നു..?"
"നന്നായി പോവുന്നു. "അവൾ മറുപടി പറഞ്ഞു. അത് കഴിഞ്ഞ തും അവളുടെ ഫ്രണ്ട്സ് പറഞ്ഞു.
"നന്നായിട്ട് തന്നെയാ പോവുന്നത്. ഇവൾ ഇത്ര ദിവസം വന്നിരു ന്നില്ല. ഇന്ന് വന്നപ്പോൾ വൈകുകയും ചെയ്തു. കാരണമായി പറഞ്ഞതോ... ഒരു വിഡ്ഢിത്തം നിറഞ്ഞ സ്വപ്നത്തെ കുറിച്ച്.."
"ആണോ.?എന്താണ് ശ്രീ കണ്ട സ്വപ്നം.."
അവരോട് സംസാരിക്കാൻ പറഞ്ഞ് ഫ്രണ്ട്സ് അവിടെ നിന്നും പോയി.
"അവൻ ഒരിക്കൽ കൂടെ അവളോട് ചോദിച്ചു. എന്താണ് ആ സ്വപ്നം..?"
"എന്റെ ബുക്കുകൾ കത്തിജ്വലിച്ച് നിൽക്കുന്നതായിരുന്നു സ്വ പ്നം. എന്നെ ഞാനാക്കിയ,എന്നെ ചിന്തിക്കാൻ പഠിപ്പിച്ച, എന്നെ സ്വപ്നം കാണാൻ പഠിപ്പിച്ച, എന്റെ ജീവനായിരുന്നു എന്റെ ആ ബുക്കുകൾ."
"അയ്യോ... അതെങ്ങനെയാ കത്തിയെ?? ആരെങ്കിലും കത്തി ച്ചത് ആണോ??"

"അതെ.അത് കത്തിച്ചത് ആയിരുന്നു."
"അയ്യോ... ഏതാ ആ ദുഷ്ടൻ..??"
"അത്.... അത് ശ്രീ ഏട്ടൻ തന്നെ ആയിരുന്നു."
"അയ്യോ... ഞാനോ?? അത് ഒടുക്കത്തെ ക്ലൈമാക്സ് ആയി പോയല്ലടോ..."ചിരിച്ചുകൊണ്ട് പറഞ്ഞു.
പിന്നെയും അദ്ദേഹം സംസാരം തുടർന്നു.
"അത് സ്വപ്നത്തിൽ അല്ലാതെ യാഥാർഥ്യത്തിൽ ഒന്നും സാധ്യമല്ല. താൻ എന്നെ പൂർണമായും മനസിലായിട്ടില്ല അത് കൊണ്ട് ആണ്.ഇത് പിന്നെ വെറും സ്വപ്നമായി കാണണേ... കാര്യമാക്കി എടുക്കല്ലേടോ.."
"ഇല്ല ചേട്ടാ.. വിവാഹ ശേഷം ഇപ്പോൾ ചില പെൺകുട്ടികൾ അനുഭവിക്കുന്നത് ആലോചിച്ചപ്പോൾ... അവരുടെ സ്വാതന്ത്രത്തെകുറിച്ചൊക്കെ ചിന്തിച്ചപ്പോൾ....!!അത് കൊണ്ടാണ് ഞാൻ ഇത്രയും ഭയന്നത്."
"ഞാൻ അങ്ങനെ ഒരാളല്ല ശ്രീ.. ഞാൻ സ്ത്രീകളെ ബഹുമാനിക്കുന്ന അവരുടെ അഭിപ്രായങ്ങളെയും, ആഗ്രഹങ്ങളെയും മാനിക്കുന്ന, സ്വാതന്ത്ര്യത്തെകുറിച്ച് ചിന്തിക്കുകയൊക്കെ ചെയ്യുന്ന ഒരാളാണ്. അത് എങ്ങനെ പറഞ്ഞ് മനസിലാക്കണമെന്ന് എനിക്ക് അറിയില്ല."
"ഏട്ടാ... അത് എനിക്ക് കുറച്ച് മുൻപ് മനസിലായി.. ഞാൻ കണ്ട സ്വപ്നത്തെകുറിച്ച് എന്റെ ഫ്രണ്ട്സിനോട് പറഞ്ഞപ്പോൾ അവർ ആ സ്വപ്നത്തെ ഒരു വിഡ്ഢിത്തമായാണ് അതിനെ കണ്ടത്. പക്ഷെ താങ്കൾ അങ്ങനെ ആയിരുന്നില്ല.. എന്റെ എഴുത്തുകളെയും, ബുക്കുകളെയും മാനിക്കുന്ന മനസ് എനിക്ക് കാണാൻ കഴിഞ്ഞു. അത് തന്നെ ആണ് എന്റെ പാർട്ണറിൽ നിന്നും വേണം എന്ന് ആഗ്രഹിക്കുന്നതും."

അവർ രണ്ടുപേരും ആ വിജനമായ വരാന്തയിലൂടെ പരസ്പരം കുറച്ചെങ്കിലും മനസിലാക്കാൻ കഴിഞ്ഞു എന്ന ആശ്വാസത്തോടെ, അവരുടെ സ്വപ്നസാഷാത്കാരത്തിന് രണ്ടുപേരും കൂടെ ഉണ്ടാവും എന്ന പ്രതീക്ഷയോടെ ഇരുവരും കൈകോർത്ത് നടന്നു..

**ഫാത്തിമ തസ്നി. കെ**
ഒന്നാം വർഷം
ബി. എ. ഹിസ്റ്ററി
കെ. എ. എച്ച്. എം. യൂണിറ്റി
വുമൺസ് കോളേജ്, മഞ്ചേരി

# കാഴ്ചകൾ മറയുന്നു

"അങ്കിൾ,ദേ ആ റെഡ് കളർ"
ചില്ലുഭരണിയിൽ വൈവിധ്യം പകർന്ന് നിറഞ്ഞ് നിൽക്കുന്ന മിഠായി ചൂണ്ടിക്കാട്ടി ആ ഏഴ് വയസ്സുകാരി പറഞ്ഞു. നിഷ്കളങ്കത നിറഞ്ഞ ശബ്ദം കേട്ട ആ മധ്യവയസ്കന്റെ ഉള്ളം പിടഞ്ഞു. കഴിഞ്ഞ ഇടവപ്പാതിയിൽ മണ്ണിൽ പുതച്ച പേരമകളെ ഓർത്ത് അയാളുടെ കണ്ണുകൾ നിറഞ്ഞു.
"അങ്കിൾ, കരയുവാണോ?"
ആ കുഞ്ഞ് കൗതുകത്തോടെ ചോദിച്ചു.
"അല്ല കുഞ്ഞേ , കണ്ണിൽ പൊടി വീണു"
കണ്ണുകൾ തുടച്ച് അയാൾ പറഞ്ഞു.
കടൽ തീരത്തെ ആ സായാഹ്ന കാറ്റിലും അയാൾക്ക് കൂടുതൽ ഉഷ്ണം തോന്നി.
"ദാ, കുഞ്ഞേ ഈ നീല മിഠായിയും വെച്ചോ." അയാൾ പുഞ്ചിരിയോടെ പറഞ്ഞു.
"അയ്യോ, അച്ഛൻ വഴക്ക് പറയും. എന്റടുത്ത് റെഡ് മിഠായിക്ക് മാത്രമേ കാശ് ഉള്ളൂ" "അതിന് കാശ് വേണ്ട കുഞ്ഞേ" അയാൾ സ്നേഹത്തോടെ അവളുടെ ശിരസ്സിൽ തലോടി.
ഈ കാഴ്ച കണ്ട് വന്ന അവളുടെ അച്ഛൻ അലറിക്കൊണ്ട് വിളിച്ചു "അയ്യോ, എന്റെ കുഞ്ഞിനെ അക്രമിക്കുന്നേ..."

ഇത് കേട്ട് ആ മധ്യവയസ്കൻ ഞെട്ടി.
പക്ഷേ, ഘടികാരം അതിന്റെ വേഗതയിൽ സഞ്ചരിച്ചതിനാലാകാം അപ്പോഴേക്കും ആൾക്കൂട്ടത്തിന് നടുവിലൂടെ കൈയ്യിൽ വിലങ്ങുമായി ആ മനുഷ്യൻ നടന്നു നീങ്ങുകയായിരുന്നു. അയാളുടെ ഉള്ളിൽ പൊടിയുന്ന യാഥാർത്ഥ്യങ്ങൾ ആരും കണ്ടതേയില്ല. ശൂന്യമായ കടൽക്കരയിൽ, ചുവന്ന ആകാശത്തിന് കീഴെ , അസ്തമയ സൂര്യനെ സാക്ഷിയാക്കി കുറച്ചു നീല മിഠായികൾ ചിതറിക്കിടപ്പുണ്ടായിരുന്നു.



ആരുടെയൊക്കെയോ തേഞ്ഞു തീർന്ന ചെരുപ്പുകളിൽ ഞെരിഞ്ഞമർന്ന്.

**അശ്വതി വാര്യർ**

രണ്ടാം വർഷം
ബി. കോം. ഫിനാൻസ്
വി. ടി. ബി. കോളേജ്
ശ്രീ കൃഷ്ണപുരം, പാലക്കാട്

# ലോട്ടറി

"വേണ്ടച്ഛാ.... എന്തിനാ വെറുതെ? " ശങ്കുണ്ണിയേട്ടന്റെ ലോട്ടറി കടയിൽ നിന്നും ലോട്ടറി എടുക്കുമ്പോൾ അച്ഛനെ വിലക്കിക്കൊണ്ട് ഉണ്ണിമോൾ പറഞ്ഞു. അച്ഛൻ ലോട്ടറിയെടുക്കുന്നതിനോട് അവൾക്ക് എന്നും വിയോജിപ്പായിരുന്നു. പണിയെടുത്ത് കാശുണ്ടാക്കണമെന്ന അതിയായ ആഗ്രഹം കൊണ്ടൊന്നുമല്ല. അച്ഛൻ പലതവണയായി ലോട്ടറി എടുക്കുന്നു. ഇതുവരെ തനിക്ക് ഒരു പുസ്തകം വാങ്ങാനുള്ള കാശ് പോലും അതിൽ നിന്ന് കിട്ടിയിട്ടില്ല എന്ന് അവൾക്കറിയാം. മകൾ പറഞ്ഞത് വകവെക്കാതെ ഒരു ലോട്ടറി വലിച്ചെടുത്ത് കുമാരൻ പോക്കറ്റിലിട്ടു. അമ്പത് രൂപ ശങ്കുണ്ണിയേട്ടന്റെ കൈയിലും കൊടുത്തു. കുമാരൻ വീണ്ടും ഉണ്ണിമോളുടെ കൈയും പിടിച്ചു നടക്കാൻ തുടങ്ങി.

"അച്ഛനിതുവരെ ലോട്ടറിയെടുത്ത കാശുണ്ടെങ്കി നമ്മക്കൊരു ബംഗ്ലാവ് പണിയായിരുന്നു."

ഉണ്ണിമോൾ പറഞ്ഞു. അച്ഛൻ എപ്പോൾ ലോട്ടറി എടുക്കുമ്പോഴുമുള്ള ഉണ്ണിമോളുടെ സ്ഥിരം വാക്കുകളാണിത്. കുമാരൻ അവളുടെ മുഖത്തേക്ക് നോക്കി ഉറക്കെ ചിരിച്ചു. പിന്നെ ചിന്തിച്ചു. ശരിയാണ്. എത്രയെത്ര ലോട്ടറികൾ താൻ എടുത്തിരിക്കുന്നു. ഒന്നിനും ഒന്നും കിട്ടിയില്ല. അങ്ങനെ തീർത്തു പറയാൻ കഴിയില്ല. ഒന്നോ രണ്ടോ തവണ നൂറോ ഇരുന്നൂറോ കിട്ടിയിട്ടുണ്ട്. എങ്കിലും ലോട്ടറിക്കട കണ്ടാൽ ഒന്നെടുക്കാൻ തോന്നും. നിരന്നിരിക്കുന്ന ആ വർണ്ണക്കടലാസുകളിലെ ഏതെങ്കിലുമൊരെണ്ണത്തിൽ തനിക്കുള്ള ഭാഗ്യ നമ്പർ ഒളിഞ്ഞിരിപ്പുണ്ടെങ്കിലോ? അല്ലെങ്കിലും നല്ല നല്ല പ്രതീക്ഷകളാണല്ലോ മനുഷ്യജീവിതത്തെ മുന്നോട്ടു നയിക്കുന്നത്. ലോട്ടറി എടുക്കുന്നത് കുമാരനാണെങ്കിലും നോക്കുന്നത് ഉണ്ണിമോളുടെ ജോലിയാണ്.

പിറ്റേദിവസം പേപ്പർ വന്നപ്പോൾ തന്നെ അവൾ ഓടിപ്പോയി എടുത്തുകൊണ്ടുവന്നു. ലോട്ടറി റിസൾട്ട് പ്രസിദ്ധീകരിച്ച പേജും തുറന്നുവെച്ച് അച്ഛന്റെ അടുക്കലേക്ക് ഓടി.



" അച്ഛാ... ഇന്നലെ ശങ്കുണ്ണിമാമന്റെ കടയീന്നെടുത്ത ആ ലോട്ടറി തരുവോ? പേപ്പർ വന്നു. നോക്കാനാ."

ഉണ്ണിമോൾ പറഞ്ഞു.

കുമാരൻ ലോട്ടറി എടുത്ത് അവൾക്കുനേരെ നീട്ടി.
“നേരെ നോക്കണം ട്ടോ.”
അതൊന്നും കേൾക്കാൻ നിൽക്കാതെ ലോട്ടറി നോക്കാനുള്ള ധൃതിയിൽ അവൾ ഓടിപ്പോയി.
“അച്ഛാ ഇത് നോക്കൂ... ഒറ്റക്കത്തിന്റെ വ്യത്യാസത്തിൽ 5000 രൂപയാണ് പോയത്. അച്ഛന് അതിന്റെ പിന്നിലിരിക്കണ ലോട്ടറി എടുത്ത പോരായിരുന്നോ?” സങ്കടത്തോടെ ഉണ്ണിമോൾ ചോദിച്ചു.
വേറെ ഒരു നമ്പറൂല്ല്യ... ഏതാനും നിമിഷങ്ങൾക്കകം തന്നെ അവളുടെ മറുപടി വന്നു. കുമാരൻ ലോട്ടറി എടുത്ത് കീറി അടുപ്പിലിട്ടു. അത് കത്തി വെണ്ണീറാകുന്നത് ഒരു നിമിഷം അയാൾ നോക്കി നിന്നു.
രണ്ടുദിവസം കഴിഞ്ഞ് ഉണ്ണിമോളോടൊപ്പം കുമാരൻ വീണ്ടും നടക്കാനിറങ്ങി. വരുന്ന വഴി ശങ്കുണ്ണിയേട്ടന്റെ കടയിലും കയറി.
"എന്താ ശങ്കുണ്ണ്യേട്ടാ ഒന്നും അങ്ക്ട് അടിക്ക്ണില്ല്യലോ.” വൈഷമ്യഭാവത്തിൽ കുമാരൻ പറഞ്ഞു.
“അതൊക്കെ അടിക്കും ന്റെ കുമാരാ..സമായാവട്ടെ”. ശങ്കുണ്ണ്യേട്ടൻ ചിരിച്ചുകൊണ്ട് പറഞ്ഞു.
“ഇന്ന് മോളെടുത്തു നോക്ക്. ഭാഗ്യള്ളോരെടുത്ത എന്തായാലും അടിക്കും.” ശങ്കുണ്ണ്യേട്ടൻ ഉണ്ണി മോളോട് പറഞ്ഞു.
അച്ഛൻ തന്നെ എടുത്തോ. എനിക്കൊന്നും വയ്യ എന്ന മട്ടിൽ ഉണ്ണിമോൾ അച്ഛന്റെ മുഖത്തേക്ക് നോക്കി. എടുത്തോളൂ എന്ന് കുമാരൻ തലയാട്ടി. അവൾ കണ്ണടച്ച് ഒരു ലോട്ടറി വലിച്ചെടുത്തു. കുമാരൻ പോക്കറ്റിൽ നിന്നും ഒരു നൂറ് രൂപയെടുത്ത് ശങ്കുണ്ണ്യേട്ടന് നേരെ നീട്ടി. ചില്ലറയ്ക്ക് നല്ല ബുദ്ധിമുട്ടാണെന്ന് ശങ്കുണ്ണിയേട്ടൻ പരാതി പറഞ്ഞപ്പോൾ ഒരു ലോട്ടറി കൂടി കുമാരൻ വലിച്ചെടുത്തു.അന്ന് രാത്രി അച്ഛനും അമ്മയ്ക്കും ഒപ്പമിരുന്ന് ഊണ് കഴിക്കുമ്പോൾ ഉണ്ണിമോൾ അമ്മയോട് പറഞ്ഞു. “അമ്മേ.. ന്ന് ശങ്കുണ്ണിമാമന്റെ കടേന്ന് ഞാനൊരു ലോട്ടറിട്ത്തു. ഭാഗ്യള്ളോര്ട്ത്ത ന്തായാലും അടിക്കുന്നാത്രേ. ഞാനിതൊക്കെ എത്ര കേട്ടതാ. കച്ചവടം പൊലിപ്പിക്കാൻ ഉള്ള ഓരോ തന്ത്രങ്ങൾ.” അവൾ അച്ഛന്റെ മുഖത്തുനോക്കി പുച്ഛഭാവത്തോടെ ഒന്ന് ചിരിച്ചു.

പിറ്റേന്നാൾ പത്രമെടുത്ത് ലോട്ടറി റിസൾട്ട് നോക്കാൻ അവൾക്ക് വലിയ ആവേശമായിരുന്നു. കാരണം അവളെടുത്ത ലോട്ടറിയും ഉണ്ടല്ലോ. അഥവാ വല്ല സമ്മാനവും ഉണ്ടെങ്കിൽ അതിന്റെ ക്രെഡിറ്റ് മൊത്തം അവൾക്ക് കിട്ടും. ആദ്യം അവളെടുത്ത ലോട്ടറി തന്നെ നോക്കാൻ തുടങ്ങി. ഒന്ന് രണ്ട് പ്രാവശ്യം വിസ്തരിച്ചു നോക്കി. ഒന്നുമില്ല. ഇനി അച്ഛൻ എടുത്ത ലോട്ടറി കൂടി നോക്കണം. ഒന്നും ഉണ്ടാകില്ല എന്ന് 100% ഉറപ്പാണ് എന്ന് വിചാരിച്ച് ലോട്ടറി നോക്കുമ്പോഴാണ് ആ അത്ഭുതം സംഭവിച്ചത്.

അതാ മൂന്നാം സമ്മാനം ഒരു ലക്ഷം രൂപ! വളരെ ഉത്സാഹ ത്തോടെ അവൾ അച്ഛന്റെ പക്കലേക്ക് ഓടി. “അച്ഛാ... അച്ഛാ... ഇത് നോക്കൂ. ഒരു ലക്ഷം രൂപ നമുക്ക് ലോട്ടറിയടിച്ചു.” കുമാരൻ വിശ്വസിച്ചില്ല. കാരണം അയാളെ കളിപ്പിക്കാൻ ഉണ്ണിമോൾ എപ്പോഴുമിങ്ങനെ കളവ് പറയും. അവൾ ലോട്ടറിയും പത്രവും താരതമ്യം ചെയ്ത് അച്ഛനെ കാണിച്ചു. അതെ ലോട്ടറിയിലെ നമ്പറും റിസൾട്ടിലെ മൂന്നാം സമ്മാനത്തിലെ നമ്പറും ഒന്ന് തന്നെ. കുമാരന് എന്തെന്നില്ലാത്ത ആഹ്ലാദം തോന്നി. ഇത്രയും നാൾ തന്നെ പരീക്ഷിച്ച ദൈവം ഇപ്പോൾ തന്റെ മേൽ കനിഞ്ഞുവല്ലോ എന്നോർത്ത് അയാളുടെ മുഖത്ത് ഒരു ചിരി പടർന്നു. അയാൾ മകളെ കെട്ടിപ്പുണർന്നു. “അല്ലെങ്കിലും ന്റെ മോള് ഭാഗ്യവതിയാ... അവളെടുത്ത ലോട്ടറിയാ ഇത്”.അയാൾ ഭാര്യയോട് പറഞ്ഞു. താനെടുത്ത ലോട്ടറിക്ക് സമ്മാനം ഇല്ലെന്നും അച്ഛനെടുത്ത ലോട്ടറിക്കാണ് സമ്മാനമെന്നും അവൾ പറഞ്ഞപ്പോൾ കുമാരന് വിശ്വസിക്കാനായില്ല . രണ്ട് ലോട്ടറികളും ഉണ്ണിമോൾ അച്ഛനെ ഏൽപ്പിച്ചു. ഒരു ലോട്ടറി ഭദ്രമായി അച്ഛൻ പോക്കറ്റിൽ സൂക്ഷിച്ചു വെച്ചു. മറ്റേത് പതിവുപോലെ കീറി അടുപ്പിലിട്ടു.

വേഗം കുമാരൻ ശങ്കുണ്ണിയേട്ടന്റെ കടയിലേക്ക് നടന്നു. “ശങ്കുണ്ണിയേട്ടാ ഇക്കുറി അടിച്ചു ട്ടോ... മൂന്നാം സമ്മാനം”. കുമാരൻ പറഞ്ഞു. “ഞാൻ പറഞ്ഞില്ലേ ഡോ... മോൾക്ക് ഭാഗ്യ മുണ്ട്. ”മകൾ എടുത്തതിന് അല്ല, താൻ എടുത്തതിന് ആണ് ലോട്ടറി അടിച്ചത് എന്ന് കുമാരൻ പറഞ്ഞപ്പോൾ ശങ്കുണ്ണിയേട്ട ന്റെ മുഖത്ത് ഒരു ചമ്മിയ ചിരി പ്രത്യക്ഷപ്പെട്ടു. ശങ്കുണ്ണിയേട്ടൻ കുമാരന്റെ കയ്യിൽ നിന്ന് ലോട്ടറി വാങ്ങി ഒന്നുകൂടെ റിസൾട്ടു മായി താരതമ്യം ചെയ്തു. “കുമാരോ... മൂന്നാം സമ്മാനം ഈ നമ്പറിനല്ലല്ലോ!” ശങ്കുണ്ണിയേട്ടൻ പറഞ്ഞു. കുമാരനൊന്ന് ഞെട്ടി. “എന്ത്? ഞങ്ങൾ നേരെ നോക്കീതാണല്ലോ... ഒന്നൂടെ നോക്ക് ന്റെ ശങ്കുണ്ണിയേട്ടാ..” വെപ്രാളത്തോടെ കുമാരൻ പറഞ്ഞു. “നോക്കീട്ടന്നെ കുമാരാ പറയണേ.” കേട്ടപാതി കേൾക്കാത്ത പാതി കുമാരൻ വീട്ടിലേക്കോടി. വേഗം അടുപ്പിനിടുത്തേക്ക് ചെന്നു. ഭാര്യ അരി കഴുകി അടുപ്പത്ത് വച്ചിരുന്നു. അതിനടിയിൽ ആളിക്കത്തുന്ന തീ നോക്കി കുമാരൻ കണ്ണീരടക്കി നിന്നു. തന്റെ ജന്മം ഇങ്ങനെ എരിഞ്ഞു തീരാനുള്ളതാണല്ലോ ഈശ്വരാ എന്ന് അയാൾ ഓർത്തു. “സാരമില്ല അച്ഛാ... പോട്ടെ. ”ഉണ്ണിമോൾ അച്ഛ നെ ആശ്വസിപ്പിച്ചു. അച്ഛന്റെ മുഖം കണ്ട് അവൾ എല്ലാം മനസ്സി ലാക്കിയിരുന്നു. കുമാരൻ ഉണ്ണിമോളെയും കെട്ടിപ്പിടിച്ച് തീയിലേ ക്ക് തന്നെ നോക്കി നിന്നു. അടുപ്പിലെരിയുന്ന കനലിനേക്കാൾ വേഗത്തിൽ അയാളുടെ മനസ്സിൽ സങ്കടക്കനൽ കത്തിയെരി യുകയായിരുന്നു.

**അനുപമ. കെ**
നാലാം വർഷം
ബി. എസ്. സി. നഴ്സിംഗ്
അൽ ശിഫ കോളേജ് ഓഫ് നഴ്സിംഗ്
പെരിന്തൽമണ്ണ

# മയിൽപ്പീലിയെ പ്രണയിച്ച പെൺകുട്ടി

വിപണിയിൽ നിരത്തിവെച്ച കുപ്പിവളകൾ. കാറ്റിന്റെ ശക്തിയിൽ സംഗീതമാലപിക്കുന്ന കുടമണികൾ. അതെ അന്നൊരു ഉത്സവ കാലമായിരുന്നു. വെള്ളാരംകുന്നിലെ വനദുർഗ്ഗാദേവി ക്ഷേത്രം ചുറ്റുവിളക്കാൽ കൗതുകം തീർത്തിരുന്നു. അസ്തമയ സൂര്യന്റെ കുങ്കുമം പടർന്ന മാറുപോലെ ആ ശോഭ ക്ഷേത്രക്കുളത്തിൽ പ്രതിഫലിച്ചു നിന്നിരുന്നു. നിരത്തിൽ അടുക്കിവെച്ച പെട്ടിക്കട കൾക്ക് മുന്നിൽ ശാഠ്യം പിടിക്കുന്ന കുട്ടികൾ, അവിടെ സാധാരണ കാഴ്ചയായിരുന്നു. എല്ലാംകൊണ്ടും വളരെ തിരക്കു പിടിച്ച അന്തരീക്ഷം.

അപ്പോഴാണ് വെള്ളമിഡിയും കറുപ്പിൽ ചുമപ്പ് പുള്ളി കുപ്പായ വുമിട്ട് ആ പതിനഞ്ചു വയസ്സുകാരി ഇറങ്ങി വന്നത്.

“മിന്നൂ...”അമ്മ അവളെ നീട്ടി വിളിച്ചു. കൽപ്പടവിലൂടെ ഇറങ്ങി വരുന്ന അവളുടെ കയ്യിലെ മയിൽപീലി അറിയാതെയെപ്പോഴോ അമ്മയുടെ ശ്രദ്ധയിൽപ്പെട്ടു. ഒരു നിമിഷത്തേക്ക് ആ കണ്ണുകൾ ഈറനണിഞ്ഞു. “നന്നായി പ്രാർത്ഥിച്ചോ മോളെ”- അമ്മ ചോദിച്ചു .

“ മം...” അവൾ നേർത്ത സ്വരത്തിൽ മറുപടി പറഞ്ഞു. ആ തിക്കും തിരക്കിനും ഇടയിലൂടെ അവളുടെ കയ്യും പിടിച്ച് അമ്മ നടന്നു. നടക്കുമ്പോഴും മകൾക്ക് വേണ്ടിയുള്ള പ്രാർത്ഥന മാത്രമായിരുന്നു ആ മനസ്സുനിറയെ. ഒത്തിരി രാത്രിയാവുന്ന തിനു മുന്നേ തന്നെ അവർ വീട്ടിൽ എത്തിയിരുന്നു. ചുവരിൽ തങ്ങളെയും നോക്കി ചിരിച്ചുകൊണ്ടിരിക്കുന്ന മിന്നുവിന്റെ അച്ഛന്റെ ഫോട്ടോയ്ക്ക് അടുത്ത് അമ്മ തന്റെ കയ്യിലെ പ്രസാദം വെച്ചു. ആ മനസ്സ് എന്തെന്നില്ലാതെ വല്ലാതെ പിടഞ്ഞിരുന്നു. മിന്നു എപ്പോഴത്തെയും പോലെതന്നെ അവളുടെ ആ കൊച്ചു മുറിയിൽ കയറി വാതിൽ അടച്ചു. അത്രയും നേരം അടക്കിപ്പിടി ച്ചിരുന്ന ഏതൊക്കെയോ ഓർമ്മകൾ അവൾ ഒരു ദീർഘ നിശ്വാസത്തിൽ ഒഴുക്കി കളഞ്ഞു. പതിയെ അവളുടെ ആ



ഓർമ്മകൾ കണ്ണിൻ തടത്തിൽ മുത്തമിട്ടപ്പോൾ തന്റെ കൈയിലെ മയിൽപീലി നെഞ്ചോട് ചേർത്ത് അവൾ ഏകാന്തതയിലേക്ക് മുഖം പൂഴ്ത്തി. ഇത്തിരി നേരത്തെ മൗനത്തിന് ശേഷം അവൾ തന്റെ കുഞ്ഞു കട്ടിലിൽ നിന്നും എണീറ്റു ജനാലയോട് ചേർന്നുള്ള ഇത്തിരി ചുവരിൽ കുറച്ചൂടെ സ്ഥലം ബാക്കിയുണ്ട്. അവൾ അവിടെ തന്റെ കയ്യിലെ മയിൽപീലി കൊണ്ടുപോയി വച്ചു. തന്റെ എല്ലാ വിഷമത്തിലും സന്തോഷത്തിലും അവൾക്കു ആശ്വാസമാകാറുള്ള മയിൽപീലിക്കൂട്ടത്തിലേക്ക് ഒരു പുതിയ അതിഥി കൂടിയായതിൽ അവളിൽ ഒരു നേർത്ത ചിരിയും പടർന്നു. തണുത്ത തെക്കൻ കാറ്റ് ജനാലയെ ലക്ഷ്യമാക്കി ഒഴുകിയെത്തിയപ്പോൾ അവൾ ആ ജനൽപ്പടിയടച്ചു. തിരികെ കട്ടിലിൽ വന്നു കിടന്നു.“ മിന്നൂ...” അമ്മയുടെ ആ വിളി അവൾ കേൾക്കാത്ത പോലെ കിടന്നു.

“നീ ഇത്ര പെട്ടെന്ന് ഉറങ്ങിയോ? ” അമ്മ തുടർന്നു. അമ്മ അവൾക്കു നേരെ വന്നു. അവളുടെ നെറ്റിയിൽ തലോടി ഒരു നേർത്ത മുത്തം വെക്കാനും മറന്നില്ല. തിരിച്ച് റൂമിൽ നിന്ന് ഇറങ്ങുമ്പോൾ അവളെ ഒന്നുകൂടി തിരിഞ്ഞുനോക്കി. ഏതോ ഓർമ്മകൾ അലട്ടുന്ന പോലെ. അമ്മ പോയതറിഞ്ഞ് അവൾ വീണ്ടും ആ ഭിത്തികളിൽ ഒട്ടിച്ചുവെച്ച മയിൽപീലിപടർപ്പിലേക്ക് മുഖമുയർത്തി. വരാനിരിക്കുന്ന പത്താം ക്ലാസിലെ റിസൾട്ട് മാത്രമായിരുന്നു അപ്പോൾ അവളുടെ മനസ്സിൽ. ആ സ്വപ്നം മയിൽപീലിയഴകിൽ കൂടുതൽ പൂർണതയോടെ കാണപ്പെട്ടു. ഒറ്റ മുറിയുള്ള ആ കൊച്ചു വീട്ടിൽ അവളുടെ റൂമിനു മുന്നിലായി മറ്റൊരു കട്ടിലിൽ കിടക്കുന്ന ആ അമ്മയുടെ മനസ്സ് എന്തെന്നില്ലാത്ത ഓരോന്നോർത്ത് മന്ത്രിച്ച് കൊണ്ടേയിരുന്നു. വിണ്ടുകീറിയ അധ്യായമെന്നപോലെ ആ അമ്മയുടെ ഓർമ്മകൾ കഴിഞ്ഞ ഡിസംബർ മാസത്തിലേക്ക് ചേക്കേറി.

ആർഭാടങ്ങളും ആരവങ്ങളും കെട്ടണഞ്ഞിയ ക്രിസ്തുമസ് രാത്രിയായിരുന്നു അന്ന്.“ മിന്നൂ ”- ഉമ്മറപ്പടിയിലിരുന്ന് അച്ഛൻ വിളിച്ചു.കയ്യിലൊരു മയിൽപീലിയുടെ പടവും പിടിച്ച് ആ പാവാടക്കാരി അച്ഛന്റെ അടുക്കലേക്ക് വന്നു. “എന്താ അച്ഛാ... ”അവൾ ചോദിച്ചു.“മോളെന്തിനാ എപ്പോഴും ഈ പടവും പിടിച്ച് ഇരിക്കുന്നത്? മോളെ ഇങ്ങനെ വിഷമിച്ചു കാണാൻ അച്ഛന് ഇഷ്ടമില്ലാഞ്ഞിട്ടാ ഞാൻ ചോദിച്ചത്. ദേഷ്യായോ ന്നോട്?”- അച്ഛൻ ചോദിച്ചു. “ഏയ്,ഇല്ലച്ചാ. പിന്നെ ഇക്ക് ഇപ്പോ വിഷമൊന്നുല്ല. പിന്നെന്തിനാ ഞാൻ ഈ മയിൽപീലിയുടെ പടം കൂടെ കൊണ്ടു നടക്കുന്നതെന്ന് ചോദിച്ചാൽ, അറിയില്ല.ചിലപ്പോ ഇക്ക് തോന്നും ഈ മയിൽപീലി കാണുമ്പോ എന്റെ കൂടെ അപ്പുവും ഉണ്ടെന്ന്. ഒന്നാം ക്ലാസ് മുതൽ കഴിഞ്ഞവർഷം വരെയും അവൻ എന്റെ കൂടെ ഉണ്ടായിരുന്നു. കഥകൾ പറയാനും, കൂട്ടിരിക്കാനും എല്ലാം. സൗഹൃദമെന്ന വലിയ ചങ്ങലക്കും അതീതമായി ആ

കൂട്ടുകെട്ട് വല്ലാതെ ആഴ്ന്നുപോയിരുന്നു.പക്ഷേ പെട്ടെന്ന് അവൻ എന്നെ തനിച്ചാക്കി പോയപ്പോൾ, എന്തോ അതൊരു വലിയ ശൂന്യത തന്നെയാണ്. ആത്മാവില്ലാതെ ഒഴുകുന്ന ശരീരം പോലെ."-അവൾ കൂട്ടിച്ചേർത്തു. "പക്ഷേ ഇപ്പൊ എനിക്ക് വിഷമം ഒന്നും ഇല്ലാട്ടോ. അവൻ പറഞ്ഞപോലെ ഈ പടത്തിലെ ആയിരം വർണ്ണങ്ങൾ ഒരിക്കലും മായില്ല. ഓരോ വർണ്ണങ്ങളും ഓരോ ഓർമ്മകളും സമ്മാനിക്കുന്നു. അവനില്ലെങ്കിലും എന്റെ വിജയങ്ങൾക്ക് ഇപ്പോ ഈ വർണ്ണങ്ങൾക്ക് വല്ലാത്ത പങ്കുണ്ട്."- അവൾ തുടർന്നു. അവൾ പറഞ്ഞു തീർന്നപ്പോഴേക്കും അച്ഛൻ അവളെ പുൽകി." നീ അല്ലെങ്കിലും എന്റെ മിടുക്കി കുട്ടിയാ".- അച്ഛൻ പറഞ്ഞു. അവനെപ്പോലെ ഒരു നല്ല കൂട്ടുകാരൻ ഉണ്ടായതിൽ നിനക്ക് എന്നും അഭിമാനിക്കാം. അങ്ങനെ ആ രാത്രിയുടെ കോണിൽ അവർ ഇരിക്കുമ്പോഴാണ് അച്ഛന് തന്റെ ബോസിന്റെ ഫോൺ വന്നത്. നാളെ കാലത്ത് തന്നെ പുതിയ ലോഡ് സിമന്റ് നാട്ടിലെത്തിക്കണം എന്നായിരുന്നു. ഉടനെത്ത ന്നെ മിന്നുവിനോടും, അവളുടെ അമ്മയോടും യാത്ര പറഞ്ഞു അച്ഛനിറങ്ങി. "മോൾക്ക് അച്ഛൻ വരുമ്പോൾ ഒരു കൂട്ടം കൊണ്ടു വരാട്ടോ. എന്റെ മോൾ നന്നായി പഠിക്കണം. പിന്നെ പത്താം തരത്തിൽ ഫുൾ മാർക്ക് മറക്കണ്ട ട്ടോ."- അച്ചൻ കൂട്ടിച്ചേർത്ത് ഒന്ന് ചിരിച്ചു. അച്ഛൻ പോകുന്നതും നോക്കി അവർ കുറച്ചുനേരം അവിടെത്തന്നെ നിന്നു.

പിറ്റേദിവസം അച്ഛൻ വരുന്നതും നോക്കിനിന്ന മിന്നുവിനെ തേടിയെത്തിയത് ആശുപത്രിയിലെ കാൾ ആണ്. ഉടനെത്തന്നെ അമ്മയോടൊപ്പം അവിടേക്ക് പോയ അവൾ കണ്ടത് അവിടെ കിടക്കുന്ന അച്ഛനെയാണ്. "ഇന്ന് രാവിലെ വണ്ടി ആ ക്വാറിയിൽ വച്ച് ആക്സിഡന്റ് ആയി"- ആരോ അവിടെ നിന്ന് പറയുന്നു ണ്ടായിരുന്നു. പക്ഷേ ആകെ നിലച്ച ഒരു ശിലാപ്രതിമയെ പോലെയാണ് അവൾ അങ്ങോട്ടേക്ക് നടന്നു നീങ്ങിയത്. അച്ഛന്റെ അടുത്തേക്ക് എത്തുംതോറും അവളുടെ കാലുകൾക്ക് ശക്തി കുറഞ്ഞുകൊണ്ടേ വന്നു. പക്ഷേ അപ്പോഴേക്കും ആരൊ ക്കെയോ അവളെ പിടിച്ച് മാറ്റുന്നുണ്ടായിരുന്നു. അമ്മയുടെ കര ച്ചിലും ഉയർന്നു കേൾക്കാമായിരുന്നു. "ഇതാ... ഇത് ആ പേഷ്യന്റ് തന്നതാണ്." നേഴ്സ് പറഞ്ഞു. ഒരു നിമിഷത്തെ നിശബ്ദത, മിന്നു അങ്ങോട്ടേക്ക് നോക്കി. ഒരു മയിൽപീലിയുടെ കെട്ട്!. ഒരു പ്രതിമയെപ്പോലെ അവൾ അത് വാങ്ങി പൊട്ടിക്കരഞ്ഞു. ഒരാ യുസ്സ് തീർത്ത അത്രയും ശക്തി അവളിൽ കണ്ണീർ മഴയായി പെയ്തൊഴിഞ്ഞു. അന്ന് അപ്പുവിന്റെ ഓർമ്മ സമ്മാനിച്ച അതേ ആഘാതത്തോടെ. "മിന്നൂ...!" പെട്ടെന്ന് ഏതോ ഒരു സ്വപ്നത്തി ൽ എന്നപോലെ അമ്മ ഞെട്ടിയുണർന്നു.

"പാവം ന്റെ കുട്ടി. ഒന്നല്ല ഒന്നരമാസമാണ് അവൾ ആ മാനസികാരോഗ്യകേന്ദ്രത്തിൽ കിടന്നത്."

അമ്മ മനസ്സിൽ ഓർത്തു. കണ്ണീർ തുടച്ചു. ഒലിച്ചിറങ്ങിയ വിയർപ്പ് തുടച്ച് അമ്മ മീനുവിന്റെ അടുത്തേക്ക് പോയി. വാതിൽ തുറന്നു നോക്കിയപ്പോൾ ഒരു ഫ്രെയിം നെഞ്ചോട് ചേർത്ത് അവൾ ഉറങ്ങുന്നതാണ് കണ്ടത്. അതെ അപ്പു കൊടുത്ത ആ പടവും, അച്ഛൻ കൊടുത്ത മയിൽപീലിയും കൂട്ടിയിണക്കി അവൾ ഉണ്ടാക്കിയ ആ ഫ്രെയിം. അവളുടെ തലയിൽ ഒന്ന് തലോടി അമ്മ വീണ്ടും പുറത്തേക്കിറങ്ങി. നാളെ വരാനിരിക്കുന്ന അവളുടെ റിസൾട്ടിന് വേണ്ടി അമ്മ പ്രാർത്ഥിച്ചു കൊണ്ടേയിരുന്നു. പിറ്റേദിവസം രാവിലെ അവൾ എണീക്കാൻ കുറെ വൈകി. ഉണർന്നിട്ടും അവൾ എണീക്കാതെ ഇരുന്നു എന്ന് പറയാം. പെട്ടെന്നാണ് അമ്മയുടെ വിളി അവളുടെ കാതുകളെ ഭേദിച്ചത്. “മിന്നൂ... ” സന്തോഷത്തിന്റെ ആ വിളിക്ക് പതിൽ മടങ്ങ് ശോഭയുണ്ടായിരുന്നു. പല്ലുപോലും തേക്കാത്ത ആ മുഖത്ത് മുത്തമിടുമ്പോൾ ആ അമ്മയുടെ കണ്ണുകളിൽ നിന്ന് ആനന്ദാശ്രു പൊഴിഞ്ഞുകൊണ്ടേയിരുന്നു. “എന്റെ മോൾക്ക് ഫുൾ മാർക്കും ണ്ട്. ” പറയാൻ വാക്കുകൾക്ക് വേണ്ടി ആ അമ്മ പരതിക്കൊണ്ടേയിരുന്നു.“സന്തോഷായില്ലേ....?” -അമ്മ ചോദിച്ചു. “എനിക്കല്ല  അമ്മക്ക് സന്തോഷായോ...?” മിന്നു തിരിച്ചു ചോദിച്ചു.“ അസ്തമിച്ചു പോയെന്ന് ഞാൻ വിചാരിച്ചിരുന്ന നിമിഷം ആയിരുന്നു ഇത്. അതുകൊണ്ടാ പലപ്പോഴും അന്നുമുതൽ അമ്മയോട് പോലും മിണ്ടാതെ ഞാൻ എന്നിൽ മാത്രം ഒതുങ്ങിക്കൂടിയത്. ഒന്നിനും ഉള്ള ശക്തി ഇല്ലായിരുന്നു. അല്ലാണ്ട് ഈ അമ്മക്കിളിയോട് എനിക്കൊരു ദേഷ്യവും ഇല്ല ട്ടോ...”അവൾ കൂട്ടിച്ചേർത്തു. അപ്പോഴേക്കും മറ്റൊന്നും കേൾക്കാൻ നിൽക്കാതെ അമ്മ വീണ്ടും അവളെ വാരിപ്പുണർന്നു.ആ ഒരു നിമിഷത്തിൽ ഏതൊക്കെയോ ചക്രവാളങ്ങളിൽ അവൾക്ക് നഷ്ടപ്പെട്ട ചില സുന്ദര നിമിഷങ്ങൾ തിരിച്ചു കിട്ടിയ അനുഭൂതി അവൾക്കുണ്ടായി. അമ്മയുടെ ആലിംഗനത്തിൽ അവളുടെ കണ്ണിൽ നിന്നും ഒലിച്ചിറങ്ങിയ കണ്ണുനീർ തുള്ളി അവളിൽ കുളിരു ചാർത്തി. ജനൽ പാളിയിലൂടെ ഒഴുകി നീങ്ങിയ കാറ്റിന്റെ ദിശയെ അവളുടെ കണ്ണുകൾ അറിയാതെ പിന്തുടർന്നു. കാറ്റിന്റെ ദിശയിൽ ഇക്കിളിക്കൂട്ടിയ ആ മയിൽപീലിയും അവളുടെ കണ്ണിൽ സ്ഥാനം പിടിച്ചു. മരിക്കാത്ത ഓർമ്മയിലും അവൾക്കൊപ്പം അലിഞ്ഞു ചേർന്ന അച്ഛനെയും, അപ്പുവിനെയും ഓർത്ത് അവളുടെ മുഖത്ത് ഒരു ചെറു പുഞ്ചിരി വീണ്ടും പടർന്നു. ആ മയിൽ പീലിയിലൂടെ ഇനിയും അവൾക്ക് ഒത്തിരി നടന്നു നീങ്ങാൻ ഉണ്ട് എന്ന പോലെ......!

## List of Publications by Publication Wing

- Republic of Hope: Anthology of Poems
- Proceedings of the National Student Seminar on English Fiction since 2000

A Different League!

AL SHIFA COLLEGE OF
ARTS & SCIENCE
Run By Shifa Medicare Trust & Affiliated to University of Calicut
Keezhattur, Perinthalmanna. Ph: 04933 271 367, 9446 544 473
www.alshifacollegeofartsandscience.ac.in | info@alshifacollegeofartsandscience.ac.in

ISBN 978-93-5786-062-8
9 789357 860628